# NEW VISION

## FOR A CHANGING WORLD

Volume 21 Issue 7 April 2021 Annual Subscription Rs.250 Per Copy Rs. 20



ഡോ.രമണി പുളിമൂട്

NEW VISION FOR A CHANGING WORLD is an ecumenical magazine owned by Nava Darshan Trust, a Public Charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled NEW VISION, has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions intellectual and financial are most welcome. The Meeting Point (a publication of CISAC, USA) is currently being published in association with New Vision.

**EDITORIAL BOARD**

PATRON
Most Rev. Philipose Mar Chrysostom
Marthoma Valiya Metropolitan

CHAIRMAN
Rt.Rev.Dr.Thomas Mar Theethos

CHIEF EDITOR
Prof. Dr.Cyriac Thomas

EXECUTIVE EDITOR
Prof.Dr. Jose Parakadavil 9447364487

EDITOR AND PUBLISHER
Prof. Dr.Mathew Koshy Punnackad
9847275754

ASSOCIATE EDITOR
Cherian C. John 8113038111

MANAGING EDITORS
George Mathew C.
Koshy George (USA)

MANAGERS
Prof.Dr. Sabu George
9447895931
Koshy V.George
9446115002

BOARD MEMBERS
Prof. John George, Athyal
T. Mathew (USA)
Rev.Abraham P. Varkey

Subscription Details
One year Rs.250, Two years Rs.400
Three years Rs.600

ADDRESS
Manager, New Vision office,
Punnakkadu, 689652,Kozhencherry
ബാങ്ക് മുഖേന: ഫെഡറൽ ബാങ്ക് കോഴഞ്ചേരി ശാഖ
a/c No.:10260200008413 IFSC: FDRL0001026.

പരസ്യ നിരക്കുകൾ

| | |
|---|---|
| Cover Back page Colour | : 10000.00 |
| Cover Inside Colour | : 7000.00 |
| Half page Colour | : 3000.00 |
| Full page | : 5000.00 |
| Half | : 1500.00 |
| Quarter | : 500.00 |

Advertisement of Subscribers discounts will be given

# NEW VISION FOR A CHANGING WORLD

പുസ്തകം 21 ലക്കം 7 ഏപ്രിൽ 2021

## അകത്തളത്തിൽ

3 എഡിറ്റോറിയൽ
തെരഞ്ഞെടുപ്പിന്റെ ആത്മീയത

4 കിളിവാതിൽ
സഭകൾക്കാവില്ലേ കർഷകരെ സഹായിക്കാൻ? — ഡോ.ജോസ് പാറക്കടവിൽ

5 കവർ സ്റ്റോറി
സൗഖ്യദായക ശുശ്രൂഷയുടെ അമരക്കാരിയായിരുന്ന ഡോ. രമണി പുളിമൂട് — ഡോ. മാത്യു കോശി പിന്നയ്ക്കാട്

9 മുറിവേറ്റ ഈ ലോകത്തിനുള്ള ഒറ്റമൂലി — സിസ്റ്റർ ശോഭ CSN

11 ഓരക്കാഴ്ചകൾ - 32
മണ്ണിരകളുടെ സുവിശേഷം — റവ.ഡോ.മോത്തി വർക്കി


14 ജവഹർലാൽ നെഹ്രു, സർദാർ വല്ലഭായി പട്ടേൽ ഇവർ തമ്മിലെ അഭിപ്രായ വ്യത്യാസങ്ങൾ — ജസ്റ്റിസ് കെ.റ്റി. തോമസ്

17 വയോധികർക്ക് സ്നേഹത്തോടെ — ഡോ. റ്റി. ജോർജ് ബഹന്നാൻ

18 ലാവണ്യദർശനം - 16
സുഗന്ധത്തിന്റെ സൗന്ദര്യ വിവക്ഷകൾ — ഫാ. ഡോ. കെ. എം. ജോർജ്

21 Resurrection and the After Life: A Scientific and Theological Perspective — Rev. Dr. James N. Jacob

24 ക്രിസ്ത്യൻ മാനേജ്മെന്റ് : 53
ഇച്ഛാശക്തിയുടെ രഹസ്യം — റവ. എബ്രഹാം പി. വർക്കി




ലിപി വിന്യാസം : സുജ ഇവാഞ്ചൽ പ്രസ്
അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223

നിങ്ങളുടെ കത്തുകളും സാഹിത്യസൃഷ്ടികളും അയയ്ക്കേണ്ട വിലാസം
ഡോ.മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ ന്യൂ വിഷൻ, പുന്നയ്ക്കാട് പി ഒ, കോഴഞ്ചേരി 689652, കേരളം
ഫോൺ/ഫാക്സ് : 0468 2214068 മൊബൈൽ : 9847275754
E-mail: newvisionmagazine@gmail.com Website : newvisionmagazine.org

എഡിറ്റോറിയൽ

# തെരഞ്ഞെടുപ്പിന്റെ ആത്മീയത

നിലവിലിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ സാഹചര്യത്തെ ലഭിച്ചിരിക്കുന്ന ദൈവരാജ്യ ദർശനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് സഭകളെകുറിച്ചുള്ള ഏറ്റവും വലിയ ദൈവോദ്ദേശ്യം. നാം ആയിരിക്കുന്ന സമൂഹത്തിലെ ക്രൈസ്തവ സാക്ഷ്യ നിർവഹണത്തിലൂടെ മാത്രമേ സഭകൾക്ക് തങ്ങളുടെ ദൗത്യം ഈ ലോകത്തിൽ ഫലകരമായി നിർവഹിക്കാൻ സാധിക്കുകയുള്ളൂ. ആദിമ സഭ റോമൻ സാമ്രാജ്യത്വത്തെ എതിർത്തിരുന്ന കൂട്ടായ്മകൾ ആയിരുന്നെങ്കിൽ, പിന്നീട് അനീതിയിൽ അധിഷ്ഠിതമായിരുന്ന ഭരണകൂടഭീകരതകൾക്ക് ദൈവശാസ്ത്രപരമായ നീതീകരണം കണ്ടെത്തി അവയെ താങ്ങി നിർത്തുന്നതിന് സഭകൾ ഒരുപരിധിവരെ ശ്രമിച്ചു എന്നത് ചരിത്രം . കോൺസ്റ്റന്റൈൻന്റെ കാലത്തും പിനീടുള്ള കാലഘട്ടങ്ങളിലും സാമ്രാജ്യത്വത്തിന്റെ അരികുചേർന്ന് നടക്കുന്ന പ്രസ്ഥാനമായി മാറിയ സഭകൾ തന്നെ കാലക്രമത്തിൽ സാമ്രാജ്യത്വത്തിന്റെ മൂർത്തീഭാവമായി തീർന്നു.

ഭാരത സഭകൾ എക്കാലത്തും അധികാര വർഗ്ഗത്തോട് ചേർന്ന് തങ്ങളുടെ അസ്തിത്വം നിലനിർത്തുന്നവരായിരുന്നു. ഭരണകൂട ഭീകരതക്കെതിരെ ശബ്ദമുയർത്തിയ സഭാ നേതാക്കന്മാർ വിരലിലെണ്ണാവുന്നവർ മാത്രമായിരുന്നു.

ഇന്ന് ഭാരതത്തിൽ കാണുന്ന പ്രധാന പോരാട്ടം മതത്തിൽ ഊന്നിയ ദേശീയതയും സംസ്കാരത്തിൽ ഊന്നിയ ദേശീയതയും തമ്മിലാണ്. ഭാരത് രാജ്യത്തിനന്റെ നെടുംതൂണുകൾ എന്ന് വിശേഷിക്കപ്പെടുന്ന ബഹുസ്വരതയും മതേതരത്വവും കൊലക്കയറിൽ തൂങ്ങിയാടുന്നു . സമരപോരാട്ടങ്ങളുടെ ഇന്ത്യയിലാണ് നാം വളർന്നുവന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ ചൂടും ചൂരും ഇന്ത്യൻ ജനതയുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെങ്കിലും ഓരോ കാലഘട്ടങ്ങളിലുമുണ്ടായ സാമ്രാജ്യത്വ ഫാസിസ്റ് ശക്തികളുടെ അടിച്ചമർത്തലുകളും വർഗീയ വിഷത്തിന്റെ അമിത കുത്തിവയ്പുകളും ഇന്ത്യൻ ജനതയുടെ സമരവീര്യവും പോരാട്ടങ്ങളും ചോർത്തികളഞ്ഞു . സാമ്രാജ്യത്വ, സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയ ഭീകരതകൾ ഏറ്റവും രൂക്ഷമായ കാലഘട്ടത്തിലൂടെയാണ് ഭാരതം ഇന്ന് സഞ്ചരിക്കുന്നത്. സാധാരണക്കാരന്റെ ജീവിതത്തിന്റെ സമസ്ത ഇടങ്ങളിലും സാമ്രാജ്യത്വം പിടി മുറുക്കിയിരിക്കുന്നു. ഒരു കിലോ ബീഫിന്റെ വില പോലുമില്ലാത്ത മനുഷ്യ ജീവിതങ്ങൾ . സ്വന്തം രാജ്യത്തിൽ അഭയാർത്ഥികൾ ആകേണ്ടിവരുന്ന ദളിതരും, ന്യൂനപക്ഷ വിഭാഗങ്ങളും, ആദിവാസികളും, സ്ത്രീകളും . നിലനില്പിനായി സമര മുഖത്ത് ആയിരിക്കുന്ന പതിനായിരക്കണക്കിന് കർഷക ജനത. എല്ലായിടത്തും മരണത്തിൻറെ രാഷ്ട്രീയം മണക്കുന്നു. ഭരണകൂടവും നീതിന്യായ വ്യവസ്ഥകളും ഒരുപോലെ ജനവിരുദ്ധം ആകുമ്പോൾ മർദ്ദിതരുടെ പക്ഷം ചേരേണ്ട സഭകൾ താൽക്കാലിക കാര്യസാധ്യത്തിനായി ഭരണകൂടത്തിന്റെ പക്ഷം ചേരാൻ ഒരുങ്ങുമ്പോൾ ഈ രാജ്യത്തെ കര്ഷകന്റെയും, അടിച്ചമർത്തപ്പെട്ടവന്റെയും അവസാന ആശ്രയവും,സ്വപ്നങ്ങളുമാണ് ചവിട്ടി അരയക്കപെടുന്നത് . കോവിഡിനെക്കാൾ ഭീകരമാണ് നീതിയും, ന്യായവും ,സത്യവും ,ധർമ്മവും നഷ്ടപ്പെടുന്ന സമൂഹത്തിന്റെ ചിത്രം.പീഡിതനു ആശ്വാസമേകേണ്ട സഭകൾ പീഡകന് കുടപിടിക്കുമ്പോൾ തിന്മകളോട് പ്രതിരോധിക്കുവാനുള്ള ആർജ്ജവം നമുക്ക് എവിടെ നിന്ന് രൂപപ്പെടുത്താൻ കഴിയും?.

2014 ന് ശേഷം തെരഞ്ഞെടുക്കപെട്ട 6 കോൺഗ്രസ് സംസ്ഥാന ഗവൺമെൻറ് കൾ ഇന്ത്യയിൽ അട്ടിമറിക്കപ്പെട്ടു . ആ തരത്തിലും ജനാധിപത്യം നമ്മുടെ കണ്ണിനു മുമ്പിൽ കശാപ്പ് ചെയ്യപ്പെട്ടിട്ടും നാം കാഴ്ചക്കാരായി നോക്കിനിന്നു . സാമൂഹ്യനീതിയുടെ പ്രവാചകർ ആകേണ്ട സഭ അധികാരത്തിന്റെ ഓരം ചേർന്ന് നിന്ന് തങ്ങളുടെ നില സുരക്ഷിതമാക്കാൻ ഒരുങ്ങി നിൽക്കുന്നു.

ഇവിടെയാണ് ആസന്നമായിരിക്കുന്ന കേരള നിയമസഭ തെരഞ്ഞെടുപ്പിനെ നാം ഗൗരവത്തോടെ നോക്കിക്കാണേണ്ടത്.

പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട അവരുടെ സ്വന്തം രാഷ്ട്രീയനേതൃത്വം മാതൃകാ നേതാക്കന്മാരും നല്ല വ്യക്തികളായിരിക്കണമെന്നും പൊതുജനങ്ങൾക്ക് വേണ്ടി ധാർമ്മികമായി പ്രവർത്തിക്കണമെന്നും മാത്രമാണ് ജനാധിപത്യ വ്യവസ്ഥികളിൽ വിശ്വസിക്കുന്ന ഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്നത്. എന്നിട്ടും പൊതുജനങ്ങളുടെ പ്രതീക്ഷകൾക്ക് യോജിച്ച വിധത്തിൽ ജീവിക്കുന്നതിൽ നമ്മുടെ രാഷ്ട്രീയ നേതൃത്വം സ്ഥിരമായി പരാജയപ്പെടുന്നു. പൊതുജനങ്ങളിൽ നിന്നുള്ള പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് പോലും ഉത്തരം നൽകുവാൻ മടികാണിക്കുകയും ചില അവസരങ്ങളിൽ അവ്യക്തമായ മറുപടികൾ നൽകുകയും എന്നാൽ നുണകൾ പറയുവാൻ ഒരു മടിയും കാണിക്കുന്നില്ലാ എന്നതും ദിനവും നമ്മുടെ കൺമുൻപിലെത്തുന്ന വസ്തുതകൾ മാത്രമാണ്. ഇങ്ങനെ നിരവധിയായ കാരണങ്ങളാൽ പൊതുജനങ്ങൾക്ക് അവരുടെ സ്വന്തം രാഷ്ട്രീയനേതൃത്ത്വത്തിൽ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പുതുതലമുറ രാഷ്ട്രീയ നേതാക്കളിൽ പോലും ഈ വിശ്വാസരാഹിത്യം അനുദിനം വളർന്നു കൊണ്ടിരിക്കുന്നു . 2019 പൊതുതെരഞ്ഞെടുപ്പുകൾക്ക് മുൻപ് ഭാരതത്തിലെ പന്ത്രണ്ട് സംസ്ഥാനങ്ങളിൽ നടന്ന ഒരു

*ശേഷം പേജ് 6ൽ*

സഭാവേലികൾക്കതീതമായി ക്രൈസ്തവസഭയുടെ കാലിക പ്രസക്തമായ ദൗത്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളും നീതിക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ വിശ്വാസികൾ സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ചുള്ള വിചിന്തനങ്ങളും തുടർചർച്ചകളും കൂട്ടായ്മകളുടെ രൂപീകരണവുമാണ് സ്വതന്ത്രപ്രസിദ്ധീകരണമായ ന്യൂവിഷൻ മാസികയുടെ ലക്ഷ്യങ്ങൾ. ന്യൂവിഷൻ കുടുംബത്തിലെ അംഗങ്ങളായ വായനക്കാരുടെ നിർലോപമായ സാമ്പത്തിക സഹായങ്ങളാണ് ഈ മാസികയുടെ വരുമാന സ്രോതസ്.

# സഭകൾക്കാവില്ലേ കർഷകരെ സഹായിക്കാൻ?



ഉത്തരേന്ത്യയിൽ സമരം ചെയ്യുന്ന കർഷകർക്ക് പിന്തുണ നൽകിയും ഐക്യദാർഢ്യം പ്രഖ്യാപിച്ചും കേരളത്തിലെ സഭകൾ മാതൃക കാട്ടുകയുണ്ടായി.

എന്നാൽ യു.പി യിലെയും പഞ്ചാബിലെയും കർഷകർ മാത്രമല്ല, പ്രതിസന്ധിയിലാണ് കേരളത്തിലെ കർഷകരും. വ്യവസായങ്ങളെക്കാളധികം കേരളത്തിന്റെ പരിസ്ഥിതിക്കും വിനോദസസഞ്ചാര മേഖലയ്ക്കും ഏറ്റവും അനുയോജ്യമാണ് കാർഷിക വൃത്തി. ഏറ്റവും അധികം ആളുകൾക്ക്, ഭീമമായ മുതൽമുടക്കില്ലാതെ തൊഴിൽ നൽകുവാൻ കഴിയുന്ന മേഖലയും കൃഷി തന്നെയാണ്. മലയോരമേഖലയിലെ സഭാംഗങ്ങളിൽ ഭൂരിപക്ഷവും കർഷകരാണ് എന്ന വസ്തുത സഭകൾക്ക് അവഗണിക്കാനാവില്ല. ഈ വസ്തുത തിരിച്ചറിഞ്ഞ് കാർഷിക മേഖലയിൽ ചില സഭകൾ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നുമുണ്ട്. കത്തോലിക്കാ സഭയുടെ വിവിധ രൂപതകളിൽ മലനാട് ഡവലപ്മെന്റ് സൊസൈറ്റി പോലെയുള്ള പ്രസ്ഥാനങ്ങൾ അർത്ഥവത്തായ ഇടപെടൽ നടത്തുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ബോധന, മാർത്തോമ്മാ സഭയുടെ കാർഡ് തുടങ്ങി പല പ്രസ്ഥാനങ്ങളും കാർഷിക മേഖലയുടെ നിലനിൽപിനായി നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമത്രെ. പത്തനംതിട്ട ജില്ലയിലെ കൃഷി വിജ്ഞാനകേന്ദ്രത്തിനും മാർത്തോമ്മാ സഭയുടെ പങ്കാളിത്തമുണ്ട്.

എന്നാൽ കേരളത്തിൽ കർഷകർ കൃഷി ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്ന സാഹചര്യങ്ങളാണിപ്പോൾ വന്നു ചേർന്നിരിക്കുന്നത്. അടുത്തകാലത്ത് കാർഷികവൃത്തിയിലേക്ക് ആളുകളെ ആകർഷിക്കുവാനുള്ള ബോധവല്ക്കരണ പരിപാടികൾ സർക്കാർ നടപ്പിലാക്കിയതിലൂടെ കൂടുതലാളുകൾ കൃഷിയിൽ വ്യാപൃതരായി.

തരിശുഭൂമിയിൽ കൃഷിയിറക്കുവാൻ ഒട്ടേറെ പേർ മുന്നിട്ടിറങ്ങി. കോവിഡ് വ്യാപനം പല മേഖലകളിലും തൊഴിലവസരങ്ങൾ ഇല്ലാതാക്കിയപ്പോൾ കാർഷികമേഖലയിലേക്ക് കൂടുതലാളുകൾ രംഗപ്രവേശം ചെയ്തു.

പക്ഷേ, കൃഷി സജീവമായതോടെ കാർഷിക ഉല്പന്നങ്ങൾക്കുണ്ടായ വിലത്തകർച്ച കർഷകർക്കു വലിയ തിരിച്ചടിയായി. പഞ്ചായത്തുകൾ തോറുമുള്ള കൃഷിഭവനുകൾക്കു പുറമേ കർഷകരുടെ രക്ഷയ്ക്കായി എഴുപത്തഞ്ചു സർക്കാർ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഈ സ്ഥാപനങ്ങൾ കൊണ്ടു കർഷകർക്ക് എന്തെങ്കിലും പ്രയോജനമുണ്ടോ എന്നു ഗവേഷണം ചെയ്യേണ്ടിയിരിക്കുന്നു.

ചില കാർഷികോല്പന്നങ്ങൾക്ക് സർക്കാർ താങ്ങുവില പ്രഖ്യാപിച്ചുവെങ്കിലും വിപണിയിൽ വിലകൾ കുത്തനെ ഇടിയുകയായിരുന്നു. ഏറ്റവും വലിയ തകർച്ചയുണ്ടായത് കൂടുതൽ ഉല്പാദനം നടന്ന കപ്പ, ഏത്തക്ക എന്നിവയ്ക്കാണ്. വില താഴേക്കു പോയി ഒടുവിൽ വാങ്ങാനാളില്ലാത്ത അവസ്ഥയിൽ വരെ എത്തി നിൽക്കുകയാണിപ്പോൾ. പാലക്കാട് ചിറ്റൂരിൽ ഔസേപ്പച്ചൻ എന്ന കർഷകൻ രണ്ടര ഏക്കർ സ്ഥലത്തു കൃഷി ചെയ്തിരുന്ന കപ്പ ട്രാക്ടർ ഉപയോഗിച്ച് ഉഴുതു മറിച്ചു കളഞ്ഞിട്ട് മറ്റേതെങ്കിലും കൃഷിയിറക്കുവാൻ തയ്യാറെടുക്കുന്നതായി വാർത്തയുണ്ടായിരുന്നു. കഴിഞ്ഞ വർഷം ഈ സമയത്ത് ഉത്സാഹത്തോടെ കൃഷിയിറക്കിയ പലരും ഇക്കൊല്ലം കൃഷിയിൽ നിന്നു പിന്മാറുകയാണ്.

കൃഷി നിലനിൽക്കേണ്ടത് കർഷകരുടെ അതിജീവനത്തിനും മലയാളികളുടെ ആരോഗ്യത്തിനും അനുപേക്ഷണീയമാണ്. ഇവിടെ ഉല്പാദനം കുറഞ്ഞാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷപൂരിത ഉല്പന്നങ്ങളുടെ തള്ളിക്കയറ്റമായിരിക്കും സംഭവിക്കുക.

ഈ പ്രതിസന്ധിഘട്ടത്തിൽ, മുമ്പേ സൂചിപ്പിച്ചതുപോലെ കാർഷികമേഖലയിലുള്ള സഭകളുടെ ഏജൻസികൾ പ്രവർത്തനം വിപുലമാക്കണം. സഭകൾക്ക് ഗ്രാമങ്ങളിലും പട്ടണങ്ങളിലുമുള്ള ഇടവകകളെ ബന്ധിപ്പിച്ചു കൊണ്ട് വിപണികൾ കണ്ടെത്താൻ കഴിയും. ഇപ്പോൾ ചുരുക്കം ചില ഗ്രാമീണ കർഷകർ നവമാധ്യമങ്ങളുടെ സഹായത്തോടെ ഉപഭോക്താക്കളെ കണ്ടെത്തി മുന്തിയ വിലക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. പക്ഷേ, ഭൂരിപക്ഷം കൃഷിക്കാരും ഇത്തരം സാങ്കേതിക വിദ്യകൾ പരിചയമുള്ളവരല്ല. ഗ്രാമങ്ങളിലെ ഉല്പന്നങ്ങൾക്ക് പട്ടണങ്ങളിലെ വിപണികളിൽ ഇടം കണ്ടെത്തുവാൻ സഭകളുടെ സംവിധാനങ്ങൾ ഉപയോഗിച്ച് ശ്രമിക്കാവുന്നതാണ്. നാട്ടിപുറങ്ങളിൽ വിലയില്ലാത്ത ഉല്പന്നങ്ങൾ നഗരങ്ങളിലെ സൂപ്പർമാർക്കറ്റുകളിൽ വൻ വിലയ്ക്കാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഏതു വിലയ്ക്കും വാങ്ങുവാൻ അവിടെ ആവശ്യക്കാരുണ്ട്. കൊള്ളലാഭമെടുക്കുന്ന ഇടനിലക്കാരെ ഒഴിവാക്കി ആ ദൗത്യം ഏറ്റെടുക്കുവാൻ സഭയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നത് കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനകരമാകും.

കാർഷിക ഉല്പന്നങ്ങൾ സംസ്ക്കരണത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുക എന്നതാണ് കരണീയമായ മറ്റൊരു മാർഗ്ഗം. ആധുനിക രീതിയിലുള്ള ഡ്രയറുകളും ഫ്രയറുകളും മറ്റു ലഘുയന്ത്രങ്ങളും ഇതിനാവശ്യമാണ്. സാമ്പത്തിക ശേഷിയുള്ള ഇടവകകൾക്ക് ഈ ദൗത്യം ഏറ്റെടുക്കാം. ഒരു പ്രദേശത്തെ പല ഇടവകകൾക്ക് സംയുക്തമായും ഈ ചുമതല നിർവഹിക്കാം.

കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള മലനാട് ഡവലപ്മെന്റ് സൊസൈറ്റിയും ഇൻഫാമും ചേർന്ന് ഈയിടെ കപ്പകർഷകരെ സഹായിച്ചത് നോക്കുക. കപ്പവില കിലോക്ക് 10 രൂപയിൽ താഴെയായപ്പോൾ സൊസൈറ്റി 20 രൂപക്ക് കപ്പ കർഷകരിൽ നിന്നു വാങ്ങി. രണ്ടു ലക്ഷത്തോളം കിലോ മരച്ചീനി ശേഖരിച്ച് ഉണക്കകപ്പ, ചിപ്സ്, കാലിത്തീറ്റ എന്നിങ്ങനെയുള്ള ഉല്പന്നങ്ങളാക്കി വിറ്റഴിച്ചു.

വലിയ കമ്പനികൾക്കു വേണ്ടി സെമിപ്രോസസ്ഡ് അസംസ്കൃത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യന്ത്രങ്ങൾക്ക് വലിയ മുതൽമുടക്കിനാവശ്യമില്ല. കമ്പനികളുമായി ബന്ധപ്പെടുവാൻ സാധിക്കണം എന്നതേയുള്ളു. ഇന്ത്യയിലുടനീളം മാത്രമല്ല, ലോകത്തെല്ലായിടത്തും ശാഖകളുള്ള കേരളത്തിലെ സഭകൾക്ക് സഭാംഗങ്ങളുടെ സഹായത്തോടെ ഈ മേഖലകൾ കണ്ടെത്താം.

ഓർഗാനിക് സർട്ടിഫിക്കേഷൻ ഉള്ള കാർഷിക ഉല്പന്നങ്ങൾക്ക് ലോകത്തെല്ലായിടത്തും വലിയ ഡിമാൻഡ് ഉണ്ട്. ഗൾഫ് രാജ്യങ്ങൾ തന്നെ വലിയൊരു വിപണിയാണ്. ഇത്തരം ഉല്പന്നങ്ങൾക്ക് ഉയർന്ന വിലയും ലഭിക്കും. എന്നാൽ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചില കടമ്പകളുണ്ട്. ആ കടമ്പകൾ കടന്നു കിട്ടുന്നതിന് കർഷകർക്ക് തുണയായി നിൽക്കുവാൻ സഭകൾക്ക് കഴിവുണ്ട്. വിവിധ മേഖലകളിൽ നിന്നും റിട്ടയർ ചെയ്തവരുടെ സേവനവും ഉപയോഗപ്പെടുത്താം.

ഒന്നും ചെയ്യുവാനില്ലാത്തതുകൊണ്ട് മരാമത്തു പണികൾ പ്രധാന നിയോഗമായി കരുതി കഴിയുന്ന ഇടവകകൾ ഇത്തരം കാര്യങ്ങൾ ചിന്തിച്ചു തുടങ്ങണം.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യസ്ഥരായി നിൽക്കുന്ന വൈദികർ മനുഷ്യർക്കും അവരുടെ ജീവിതപ്രശ്നങ്ങൾക്കുമിടയിൽ മധ്യസ്ഥരാകുക കൂടി ചെയ്താൽ എന്തെല്ലാം അത്ഭുതങ്ങളായിരിക്കും സംഭവിക്കുക!

**ഡോ. ജോസ് പാറക്കടവിൽ**
9447364487
jparakadavil@gmail.com



# സൗഖ്യദായക ശുശ്രൂഷയുടെ അമരക്കാരിയായിരുന്ന ഡോ. രമണി പുളിമൂട്

ഡോ.മാത്യു കോശി പുന്നയ്ക്കാട്

**ഒരിക്കൽ, ആരാധനയിൽ ക്രിസോസ്റ്റം തിരുമേനി പങ്കെടുത്തപ്പോൾ തിരുമേനിക്ക് കമ്മ്യൂണിയൻ നൽകിയത് ഡോ.രമണി പുളിമൂടായിരുന്നു.**

ക്രിസ്തീയ സൗഖ്യ ദായക ശുശ്രൂഷയിൽ സജീവ നേതൃത്വം വഹിച്ചിരുന്ന മഹനീയ സ്ത്രീ രത്നമായിരുന്നു 2021 ഫെബ്രുവരി 7 ന് അന്തരിച്ച ഡോ രമണി പുളിമൂട്. ആതുര ശുശ്രൂഷാ രംഗത്ത് മികവുറ്റ സേവനങ്ങൾ നൽകുവാൻ ക്രിസ്ത്യൻ മിഷ്യനാശുപത്രികളെ സജ്ജമാക്കുവാൻ മിഷൻ ആശുപത്രികളുടെ ശൃംഖല തന്നെ വളർത്തിയെടുത്ത ഡോക്ടർ. ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ചുമതലയിൽ ഇന്ത്യയിലെ മിഷനാശുപത്രികൾക്ക് ലബോറട്ടറി കോഴ്സ് നടത്തുവാനും പരിശീലനങ്ങൾ സംഘടിപ്പിക്കുവാനും ഡോ രമണി നേതൃത്വം കൊടുത്തിരുന്നു. തൊണ്ണൂറുകളിൽ ന്യൂവിഷൻ മാസികയുടെ എഡിറ്റോറിയൽ ബോർഡ് കൂടുമ്പോൾ വെല്ലൂർ മെഡിക്കൽ കോളജിലെ ചാപ്ലെയിനായിരുന്ന റവ. എ. സി. ഉമ്മൻ സൗഖ്യ ദായക ശുശ്രൂഷയെക്കുറിച്ച് പരാമർശിക്കുമ്പോൾ എപ്പോഴും ഉയർന്നു വരാറുള്ള പേരായിരുന്നു ഡോ.രമണി പുളിമൂടിന്റേത്. ന്യൂവിഷൻ മാസികയുടെ ആയുഷ്ക്കാല വരിക്കാരിയായിരുന്ന അവർ സംഭാവനകൾ അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തുകൾ ലഭിക്കുമ്പോൾ ഇടയ്ക്കിടെ സഹായിക്കുകയും ചെയ്തിരുന്നു. ഡോ.രമണി പുളിമൂട് അന്തരിച്ച വിവരം അറിഞ്ഞപ്പോൾ മാസികയുടെ ആദ്യകാലം മുതൽ വായനക്കാരിയായിരുന്ന അവരെ അനുസ്മരിക്കേണ്ടത് ഉചിതമാണെന്ന് തോന്നി . രണ്ടു വാചകങ്ങൾ എഴുതുവാനുള്ള ശ്രമത്തിനിടെ ഞാൻ ചെന്നെത്തിയത് ഒരു നീണ്ട ലേഖനത്തിലാണ്. കമ്പോളത്തിന്റ മൂല്യങ്ങളനുസരിച്ച് നീങ്ങുന്ന ആതുര ശുശ്രൂഷയെ ക്രിസ്തീയ മൂല്യത്തിലൂന്നി നിലനിർത്തുവാൻ പോരാടിയ ഭിഷഗ്വര ദമ്പതികളെക്കുറിച്ച് ജീവനോടിരുന്നപ്പോൾ ന്യൂവിഷൻ മാസികയിലൂടെ ആദരിക്കുവാൻ സാധിക്കാതെ പോയല്ലോയെന്ന കുറ്റബോധവും വല്ലാതെ അലട്ടി. കമ്പോളത്തിന്റെ തന്ത്രങ്ങളനുസരിച്ച് ചലിപ്പിക്കുവാൻ സാധിക്കാതെ പോയ എല്ലാ മിഷനാശുപത്രികളും പൂട്ടി. രോഗികളെ സൗഖ്യമാക്കി അവരെ പൂർണ്ണതയിലേക്ക് നയിക്കുന്ന യേശുവിനെ പിൻപറ്റുന്ന ഡോക്ടർമാരാണ് ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ മുമ്പോട്ടു കൊണ്ടു പോകുന്നത്. അതിന്റെ സജീവ സാന്നിദ്ധ്യമായിരുന്ന ഡോ രമണിയെക്കുറിച്ചവരിറക്കിയ പത്രക്കുറിപ്പാണിത്. Dr. Ramani,with her expertise was instrumental in CMAI-CMC Vellore collaboration for HIV and Hepatitis B diagnosis training. This led to a significant networking and learning among various mission hospitals of CMAI. As the convener of Medical Laboratory Technician course of CMAI, she gave important direction for the committee and facilitated collaborative efforts to ensure a gold standard curriculum. This contributed immensely to the legacy of CMAI as a pioneer in allied health training.We will miss Dr.Ramani Pulimood,and she will continue to be remembered as a great stalwart among the Christian health workers for her contributions and commitment to healing ministry.

മാർത്തോമ്മാ കോളജിലെ പ്രിൻസിപ്പലായിരുന്ന റവ ഡോ. ടി. സി . തോമസിന്റെ മൂത്ത മകളായിരുന്നു രമണി. റവ ഡോ. ടി.സി തോമസ് അച്ചന്റെ മഹത്തായ പൈതൃകം രമണിയുടെ വ്യക്തിത്വത്തിന് മാറ്റ് കൂട്ടി. കോട്ടയം ബേക്കർ സ്കൂളിലെ ഏറ്റവും മികച്ച വിദ്യാർത്ഥിനിയെന്ന



ഡോ.രമണി വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിന്റെ സ്ഥാപക ഐഡാ സ്കഡറോടൊപ്പം

അംഗീകാരത്തോടെയാണ് സ്കൂൾ പഠനം പൂർത്തിയാക്കിയത്. കോട്ടയം സിഎം എസ് കോളജിൽ നിന്ന് ഇന്റർ മിഡിയറ്റ് പാസ്സായുടനെ മെറിറ്റിൽ സി.എംസിയിൽ എം ബിബിഎസിന് തെരഞ്ഞെടുക്കപ്പെട്ടു. വെല്ലൂർ മെഡിക്കൽ കോളജിന്റെ സ്ഥാപക ഐഡാ സ്കഡർ പഠിപ്പിച്ചിരുന്ന കാലയളവിലാണ് രമണി വെല്ലൂരിലെത്തിയത്. തുടർന്നായിരുന്നു പ്രശസ്ത ജനറൽ ഫിസിഷ്യനായിരുന്ന ഡോ. ബെഞ്ചമിൻ പുളിമൂടുമായുള്ള വിവാഹം. അങ്ങനെ ഡോ. രമണി പുളിമൂടായി മാറി. ഡോ.ബഞ്ചമിൻ പുളിമൂട് സ്ത്രീധനം വാങ്ങിക്കുന്നതിന് എതിരായിരുന്നതിനാൽ സ്ത്രീധനം വാങ്ങാതെയാണ് ഡോ.രമണിയെ വിവാഹം ചെയ്തത്. ഡോ.ബെഞ്ചമിൻ പുളിമൂട് എംആർസിപി എടുക്കുവാൻ ഇംഗ്ലണ്ടിൽ പോയപ്പോൾ ഡോ.രമണിയും കൂടെ പോകുകയുണ്ടായി. വെല്ലൂർ മെഡിക്കൽ കോളജിൽ നിന്ന് പതോളജിയിൽ എംഡിയെടുത്തതിന് ശേഷം ആ മേഖലയിൽ അനവധി സംഭാവനകളാണ് ഡോ. രമണി നൽകിയത്. ഇന്ത്യയിലെ ആദ്യത്തെ എച്ച് ഐവി രോഗികളെ കണ്ടെത്തിയ വെല്ലൂരെ വൈറോളജി ഡോക്ടറായിരുന്ന ഡോ. ജയിക്കബ് ജോണിനോടൊപ്പം നിന്ന് ഗവേഷണ രംഗത്ത് മികച്ച സംഭാവനകൾ നൽകുവാൻ ഡോ. രമണിക്ക് സാധിച്ചു.

ദൈവശാസ്ത്രത്തിലും ഡോ. രമണി ഒരു ബിരുദമെടുത്തതിനാൽ ആംഗ്ലിക്കൻ സഭ, ലേ റീഡർ എന്ന പദവി നൽകുകയുണ്ടായി. ആരാധനയിൽ വിശുദ്ധസംസർഗ്ഗ ശുശ്രൂഷയിൽ വൈദീകരോടൊപ്പം പങ്കാളിയാകുവാനുള്ള അനുവാദമായിരുന്നു ഈ പദവി വഴി ലഭിച്ചത്. മാർത്തോമ്മ സഭ വെല്ലൂരില്ലാതിരുന്നതിനാൽ വെല്ലൂരിലുള്ള സിഎസ്ഐ ആരാധനയിലായിരുന്നു അവർ സംബന്ധിച്ചിരുന്നത്. ഒരിക്കൽ, ആരാധനയിൽ ക്രിസോസ്റ്റം തിരുമേനി പങ്കെടുത്തപ്പോൾ തിരുമേനിക്ക് കമ്മ്യൂണിയൻ നൽകിയത് ഡോ.രമണി പുളിമൂടായിരുന്നു. സ്ത്രീ വൈദീകരെയും ബിഷപ്പിനെയും മദ്ബഹയിൽ പ്രവേശിപ്പിക്കുന്നതിനെതിരെ പ്രതികരിക്കുന്ന ഒരു വിഭാഗം മാർത്തോമ്മാ വിശ്വാസികൾ ഇത് കണ്ടിട്ടുണ്ടാവില്ല. അന്ന് സോഷ്യൽ മിഡിയഇല്ലാതിരുന്നതു കൊണ്ട് ക്രിസോസ്റ്റം തിരുമേനി രക്ഷപെട്ടു.

ഡോ.രമണി ഒരു തികഞ്ഞ ക്രിസ്തീയ വിശ്വാസിയായിരുന്നു. വേദപഠനക്ലാസ്സുകൾ നടത്തുവാൻ സ്വന്ത വീട് തുറന്നുകൊടുത്ത് അതിൽ പങ്കാളിയായി. എസ് സിഎം അംഗങ്ങളായ നാല്പതോളം മെഡിക്കൽ വിദ്യാർത്ഥികൾ



ഡോ.ബഞ്ചമിൻ പുളിമൂടും ഡോ രമണി പുളിമൂടും മക്കളും

വേദപഠനത്തിനായി ഡോ.രമണിയുടെ വീട്ടിലെത്തുമായിരുന്നു. പ്രായമുള്ള സ്ത്രീകൾക്കായി ഓൾഡ് വിമൻസ് ക്രിസ്ത്യൻ അസോസിയേഷൻ രൂപവൽക്കരണത്തിലും അവർക്ക് വേണ്ടിയുള്ള വേദപഠനങ്ങൾക്കും ഡോ രമണി നേതൃത്വം കൊടുത്തു. വെല്ലൂരിൽ ഈസ്റ്റർ ആഘോഷിക്കുന്നത് പള്ളിക്ക് വെളിയിലുള്ള കാമ്പസ്സിലായിരുന്നു. ആരാധനയിൽ യേശു ഉയർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് പരസ്യപ്രഖ്യാപനം നടത്തുന്നത് ഡോ.രമണിയായിരുന്നു. അതെ, അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് ജനങ്ങൾ പ്രതിവാക്യം പറയുകയും ചെയ്തിരുന്നു. ക്രിസ്ത്യൻ പുസ്തകങ്ങൾ വാങ്ങി വായിക്കുക ഒരു ഹോബിയാക്കിയായിരുന്ന ഡോ.രമണി ആരാധനയിൽ പ്രസംഗിക്കുകയും ചെയ്തിരുന്നു.

ലോകാരോഗ്യ സംഘടന 2017 ൽ പുറത്തിറക്കിയ ഒരു ബുക്കിൽ (Scoping Study of Current Marketing and Promotional activities for Antibiotics adopted by Pharmaceutical Companies in Low and Middle Income Countries) മരുന്നു കമ്പനികൾ ഡോക്ടർമാർക്ക് നൽകുന്ന അനുകൂല്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഡോക്ടർമാരും മരുന്നു കമ്പനികളും തമ്മിൽ നിലനില്ക്കുന്ന അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ചു വ്യക്തമാക്കുവാൻ ആ ബുക്കിൽ പറയുന്ന ഒരു സംഭവം മതിയാകും. "പത്തു വർഷം മുമ്പ് നടന്ന സംഭവം. ഒരു കാർ മോഷണം പോയി. മരുന്നു കമ്പനി ഒരു ഡോക്ടർക്ക് സമ്മാനമായി

---

*തുടർച്ച പേജ് 4ൽ നിന്നും*

സർവേയിൽ രാഷ്ട്രീയ നേതൃത്ത്വത്തിലുള്ള പൊതുജനങ്ങളുടെ വിശ്വാസം ഏറ്റവും താഴേക്കിടകളിൽ മാത്രമാണെന്ന് തെളിയുകയുണ്ടായി.

അതുപോലെ തന്നെ തങ്ങൾക്കു എന്ത് കിട്ടി എന്നതിൻറെ അടിസ്ഥാനത്തിലും മാത്രം ആവരുത് ഒരു ഭരണത്തെയും രാഷ്ട്രീയത്തെയും വിലയിരുത്തേണ്ടത്. മറിച്ച് രാഷ്ട്രീയം എന്നത് ഒരു രാജ്യത്തെ സമഗ്ര നീതിയുടേയും ന്യായത്തിനും സന്തുലിത ബദൽ വികസന നയങ്ങളുടെയും ആകെത്തുക ആണെന്ന് തിരിച്ചറിയാൻ നമുക്ക് കഴിയണം . അതുപോലെ രാഷ്ട്രീയപാർട്ടികളുടെ ജീർണതയും അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിക്കുമ്പോൾ അതിനു പരിഹാരം കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന രാഷ്ട്രീയ സംവിധാനങ്ങൾ അല്ലെന്നും നാം തിരിച്ചറിയണം. രാജ്യത്ത് വർധിച്ചുവരുന്ന വർഗീയതയും അഴിമതിയും നീതിനിഷേധങ്ങളും ഈ തെരഞ്ഞെടുപ്പിൽ ചർച്ചചെയ്യപ്പെടണം. സ്വന്തം സഭാംഗങ്ങൾ, ക്രൈസ്തവർ എന്നത് നോക്കി വോട്ട് രേഖപെടുത്തി വർഗ്ഗീയ ധ്രുവീകരണത്തിന് വഴിവയ്ക്കാതെ നീതിയും, ന്യായവും പുലർത്തുന്ന തരത്തിൽ വോട്ടവകാശം വിനിയോഗിക്കാൻ സാധിക്കണം

**ചെറിയാൻ സി. ജോൺ**

നൽകിയ കാറായിരുന്നു അത്. അതിന്റെ വില തവണകളായി അടച്ചിരുന്നത് മരുന്നു കമ്പനിയായിരുന്നു. ഡോക്ടർ ആ മരുന്നു കമ്പനിയുടെ മരുന്ന് കുറിക്കാതെ യായപ്പോൾ മരുന്നു കമ്പനി തവണയടക്കുന്നതും നിർത്തി". എറണാകുളത്ത് പ്രാക്ടീസ് ചെയ്യുമ്പോൾ ഡോ പുളിമൂടിനും ഡോ. രമണി പുളിമൂടിനും മരുന്നു കമ്പനികൾ അനവധി സമ്മാനങ്ങൾ, ഫ്രിഡ്ജ് ഉൾപ്പെടെയുള്ളവ നൽകുവാൻ ശ്രമിച്ചിരുന്നു. എറണാകുളത്തെ മെഡിക്കൽ റാക്കറ്റിൽ പെടാതെ കമ്മീഷൻ വാങ്ങാത രോഗികളെ ശുശ്രൂഷിച്ചു. അതൊന്നും തങ്ങൾക്ക് ആവശ്യമില്ലായെന്ന് പറഞ്ഞ ഡോക്ടർ ദമ്പതികളായിരുന്നു ഇവർ.ആധുനിക ലോകത്ത് അതിരുകളില്ലാതെ സമ്പത്ത് നേടാമായിരുന്നിട്ടും ജീവിക്കുവാൻ വേണ്ടതിനുപരിയായി സമ്പാദിക്കേണ്ടയെന്ന് അവർ കരുതി. വെല്ലൂർ മെഡിക്കൽ കോളജിൽ നിന്ന് വിരമിച്ച ശേഷം രണ്ടു ലക്ഷം രൂപാ വീതം ശമ്പളവും കാറും മറ്റ് അനുകൂല്യങ്ങളും ലഭിക്കുന്ന ജോലി വിദേശത്ത് ലഭിക്കുകയുണ്ടായി. 48 ലക്ഷം രൂപാ വീതം ഒരു വർഷം ലഭിച്ചാൽ ഇപ്പോൾ അനുഭവിക്കുന്ന സുഖവും സന്തോഷവും നഷ്ടമാകുമെന്ന് പറഞ്ഞ് ഇരുവരും വിദേശ ജോലി വേണ്ടെന്ന് വച്ചു. ശമ്പളം കിട്ടുമ്പോൾ കൃത്യമായി ദശാംശം മാറ്റി വച്ച് നല്ല കാര്യങ്ങൾക്ക് നൽകിയിരുന്ന ഭിഷഗ്വര ദമ്പതികളായിരുന്നു.

മാതാപിതാക്കളുടെ മരണശേഷം പിതൃസ്വത്ത് വീതം വെച്ചത് ഡോ.രമണിയായിരുന്നു. ഏറ്റവും കുറച്ചെടുത്തിട്ട് ബാക്കിയുള്ളത് രണ്ടു അനുജത്തിമാർക്കുമായി വിതരണം ചെയ്യുകയുണ്ടായി. സ്ത്രീധനം കൊടുക്കാതെ വിവാഹം കഴിപ്പിച്ചതിനാൽ ടി സി തോമസ് അച്ചൻ ഒരു വസ്തു വിറ്റ് കിട്ടിയ തുകയായ 35000 രൂപ ഡോ.രമണിയുടെ പേരിൽ നിക്ഷേപിച്ചിരുന്നു. അച്ചന്മാരുടെ ശമ്പളം വളരെ കുറവാണെന്നറിയാവുന്ന മകൾ, ആ പണത്തിന്റെ പലിശ പിതാവ് എടുത്തു കൊള്ളുവാൻ പറയുകയുണ്ടായി. പിതൃസ്വത്തിൽ കുറവ് എടുത്തത് ശരിയായില്ലായെന്ന് അനുജത്തിമാർ പറഞ്ഞപ്പോൾ ഡോ.രമണി പറഞ്ഞ വാക്കുകൾ അവർ ഇപ്പോഴും ഓർക്കുന്നു. എന്റെ പേരിൽ പിതാവ് ഇട്ടിരിക്കുന്ന ഡിപ്പോസിറ്റും നാളിത് വരെയുള്ള പലിശയും കൂടി ഞാനെടുത്ത തുകയുടെ കൂടെ കൂട്ടിയാൽ നമുക്ക് മൂന്നു പേർക്കും തുല്ല്യമായി ലഭിച്ചതായി വരുമെന്നാണ്. പലിശയെടുത്തില്ലല്ലോയെന്ന് അനുജത്തിമാർ പറഞ്ഞപ്പോൾ, ഞാൻ എന്റെ പിതാവിന് സന്തോഷത്തോടെ കൊടുത്തതല്ലെയെന്നായിരുന്നു മറുപടി. ഡോ. രമണിയുടെ അനുജത്തിയാണ് ജസ്റ്റിസ് കെ റ്റി തോമസിന്റെ ഭാര്യ തരുണി, മറ്റൊരു അനുജത്തി മദ്രാസ് യൂണിയൻ പബ്ലിക്ക് സ്കൂൾ പ്രിൻസിപ്പലായിരുന്ന രഞ്ജിനി. ഡോ.രമണി പുളിമൂടിന് മൂന്നു മക്കൾ. വെല്ലൂർ മെഡിക്കൽ കോളജിന്റെ പ്രിൻസിപ്പൽ ഡോ.അന്നാ പുളിമൂട്, അമേരിക്കയിൽ ആശുപ്ത്രി അഡ്മിനിസ്ട്രേഷനിൽ ജോലി ചെയ്യുന്ന മാണി പുളിമൂട്, കെംബ്രിഡ്ജിൽ ജോലി ചെയ്യുന്ന ഡോ.തോമസ് പുളിമൂട്.



ഡോ. രമണിയും സഹോദരിമാരും

**കർക്കശക്കാരിയായ ഒരു ആശുപത്രി ഭരണാധികാരി, കാരുണ്യവതിയായ ഭിഷഗ്വര, സൗഖ്യദായക ശുശ്രൂഷയിൽ പുതിയ ചരിത്രം സൃഷ്ടിച്ച ഡോക്ടർ, സനേഹസമ്പന്നയായ മകൾ, ഭർത്തൃ ശുശ്രൂഷയിൽ കടുകിട വ്യതിചലിക്കാത്ത ഭാര്യ, രണ്ടനുജത്തിമാർക്കും നല്ലതു മാത്രം പറയാനിട കൊടുത്ത ചേച്ചി, ഇതൊക്കെയാണ് മായാത്ത വ്യക്തി മുദ്ര പതിപ്പിച്ചിട്ട് കടന്നു പോയ ഡോ. രമണി പുളിമൂട്.**

ചില സാക്ഷ്യങ്ങൾ കൂടി കൊടുക്കട്ടെ.

As a teacher...Dr Ramani Pulimood was an erudite scholar, well organised and knowledgeable, with very clear concepts and a penchant for teaching.""As an Intern in Medicine Unit 1, I enjoyed the afternoon " histopathology slide teaching sessions" she took for us as part of our Grand Rounds. As Head of the Department of Clinical Pathology and Blood Bank. She worked alongside Dr Robert Carman and took over a good department, which she took to greater heights. CMC's Blood Bank has enjoyed the reputation of being one of the best regional centres in the country.(Dr.George Chandy, former Director of CMC, Vellore, Now the Director of Believers Hospital, Thiruvalla).

Dr Ramani will always remain in my mind as a teacher who exhibited grace and kindness while she patiently taught us the morphology of the malarial parasite or the leukemic cells. Her sweet smile softened her strictness as she instilled knowledge into us. "She was a honorary Scripture teacher for our batch, helping Dr Benji with the classes held in the evenings at their home, aided by some very welcome snacks. This continued during our internship too, though that wasn't mandatory for the training, but prescribed by the Pulimoods!!"Her kindness and graciousness overflowed later too as they opened their

home for Bible classes for doctors in Kochi. “Her unwavering faith and goodness to others was a wonderful example to us younger, impressionable women. A truly unforgettable teacher in my life!!(Dr.Sucy Thomas, retired from long service abroad).

Teaching and training was vocation for Dr.Ramani Pulimood and she was fully committed to it. She was very well informed, knowledgeble and enjoyed conveying knowledge and life experiences to her students.She was friendly and approachable and concerned if any had problems. She was always ready to listen and help with giving advices to circumvent to it. Their homes were open to students for holding Bible classes and prayer meetings.Her sweet smile and friendly approach will remain always in my mind.(Dr.Mathew Tharian, ENT Surgeon, Muthoot Hospital, Kozhencherry)

കർക്കശക്കാരിയായ ഒരു ആശുപത്രി ഭരണാധികാരി, കാരുണ്യവതിയായ ഭിഷഗ്വര, സൗഖ്യദായക ശുശ്രൂഷയിൽ പുതിയ ചരിത്രം സൃഷ്ടിച്ച ഡോക്ടർ, സ്നേഹസമ്പന്നയായ മകൾ, ഭർത്തൃശുശ്രൂഷയിൽ കടുകിട വ്യതിചലിക്കാത്ത ഭാര്യ, രണ്ടനുജത്തിമാർക്കും നല്ലതു മാത്രം പറയാനിട കൊടുത്ത ചേച്ചി, ഇതൊക്കെയാണ് മായാത്ത വ്യക്തി മുദ്ര പതിപ്പിച്ചിട്ട് കടന്നു പോയ ഡോ. രമണി പുളിമൂട്. ഏതു വിഷയത്തിലും വസ്തുനിഷ്ഠമായ അഭിപ്രായമുള്ള അവർക്ക് ആരോടും പരിഭവമില്ലായിരുന്നു.പ്രഭാഷകന്റെ പുസ്തകം 44 ൽ പറയുന്ന കാര്യങ്ങൾ ഡോ. രമണിയുടെ കാര്യത്തിലും പ്രസക്തമാണ്. “അവരുടെ ഐശ്വര്യം അവരുടെ പിൻഗാമികളിലും അവരുടെ അവകാശം മക്കളുടെ മക്കളിലും നിലനിൽക്കും.അവരുടെ സന്തതികൾ ഉടമ്പടികൾ പാലിക്കും; അവരുടെ മക്കളും അവയ്ക്കുവേണ്ടി നിലകൊള്ളും.അവരുടെ ഭാവിതലമുറകൾ എന്നേക്കും നിലനിൽക്കും; അവരുടെ പ്രതാപം മാഞ്ഞു പോവുകയില്ല. അവർ സമാധാനത്തിൽ സംസ്കരിക്കപ്പെട്ടു; അവരുടെ പേരു തലമുറകൾതോറും നിലനിൽക്കും.അവരുടെ വിജ്ഞാനം ജനതകൾ പ്രഘോഷിക്കും; സമൂഹം അവരെ പ്രകീർത്തിക്കുകയും ചെയ്യും”.

**റവ ഡോ. ടി സി തോമസ്**

പുതുപ്പള്ളി സ്വദേശിയായ ടി. സി. തോമസ് മദ്രാസ് ക്രിസ്ത്യൻ കോളജിലെ പഠനം കഴിഞ്ഞതിന് ശേഷം കോട്ടയം മാർത്തോമ്മ സെമിനാരി സ്കൂളിൽ അദ്ധ്യാപകനായി. തുടർന്ന് ദൈവശാസ്ത്ര പഠനത്തിനായി കാനഡായിലെ ടോറന്റോയിൽ പോയി. ദൈവശാസ്ത്രത്തിൽ ഡിഗ്രിയും പി എച്ച്ഡിയും എടുത്തിട്ടാണ് അദ്ദേഹം തിരികെ വന്നത്. മാർത്തോമ്മ സഭ അദ്ദേഹത്തെ വൈദീകനാക്കി. തുടർന്ന് അച്ചൻ വൈദീക സെമിനാരിയുടെ പ്രിൻസിപ്പലായി നിയമിതനായി. തിരുവല്ലാ ടൈറ്റസ് സെക്കൻണ്ട് അദ്ധ്യാപക പരിശീലന കോളജിൽ യുക്തരായ പ്രിൻസിപ്പൽമാരെ കിട്ടാതെ വന്നപ്പോൾ അച്ചനെ അവിടത്തെ പ്രിൻസിപ്പലായി മെത്രാപ്പൊലിത്ത നിയമിച്ചു. പിന്നീട്



റവ ഡോ. ടി സി തോമസും ഭാര്യയും

മാർത്തോമ്മാ കോളജ് പ്രിൻസിപ്പലായി നിയമിതനായി. മദ്ധ്യകേരളത്തിലെ അറിയപ്പെടുന്ന മൂന്നു കോളജുകളിലെ വൈദീക പ്രിൻസിപ്പൽമാരായിരുന്നു തിരുവല്ലായിലെ റവ ടി സി തോമസും, ചെങ്ങന്നൂരെ പൈലിയച്ചനും മാവേലിക്കരയിലെ കെ സി മാത്യു അച്ചനും. തിരുവല്ലാ കോളജ് എന്നും ഓർക്കുന്ന പ്രഗത്ഭനായ പ്രിൻസിപ്പലാണ് ടി സി തോമസ് അച്ചൻ. അവിടെനിന്നും റിട്ടയാർ ചെയ്തപ്പോൾ തിരുവനന്തപുരം മുക്കോലയിലെ സെന്റ് തോമസ് സ്കൂളിന്റെ പ്രിൻസിപ്പലായി. താൻ സാരഥ്യം വഹിച്ച എല്ലാ സ്ഥാപനങ്ങളെയും ഉയർച്ചയിലേക്ക് നയിക്കുവാൻ ടിസി തോമസച്ചനു സാധിച്ചു.അച്ചന് മൂന്നു മക്കളാണുള്ളത്. മൂത്ത മകൾ പരേതയായ ഡോ.രമണി പുളിമൂട്. ഭർത്താവ് പരേതനായ ഡോ.ബെഞ്ചമിൻ പുളിമൂട്. രണ്ടാമത്തെ മകൾ തരുണി. ഭർത്താവ് ജസ്റ്റിസ് കെ റ്റി തോമസ്. മൂന്നാമത്തെ മകൾ മദ്രാസ് യൂണിയൻ പബ്ലിക്ക് സ്കൂൾ പ്രിൻസിപ്പലായിരുന്ന രഞ്ജിനി. ഭർത്താവ് എം ആർ എഫ് ഫിനാൻഷ്യൽ മാനേജരായി റിട്ടയാർ ചെയ്ത ശ്രീ.മാത്യു ടി. ഉമ്മൻ.

## നോമ്പ്

നോമ്പ് കഴിയുമ്പോൾ ദൈവാനുഭവം നമുക്കുണ്ടായിട്ടുണ്ടെങ്കിൽ നാം പുതിയ ആളായി മാറണം. നമ്മുടെ അമ്മമാർക്ക് നമ്മൾ ഭക്ഷണം കഴിക്കുന്നതിലും സന്തോഷം മറ്റുള്ളവർക്ക് കൊടുക്കുന്നതാണ്. താൻ ഉണ്ടില്ലെങ്കിലും വന്നവർക്കെല്ലാം ഭക്ഷണം കൊടുക്കുന്നതാണ് അമ്മമാരുടെ താല്പര്യം. ഇപ്പോഴത്തെ ചില സ്ത്രീകൾ സന്ദർശകരെല്ലാം പോയിട്ടെ ഭക്ഷണം കഴിക്കൂ. ആദ്യത്തേതാണ് നോമ്പിന്റെ അനുഭവം. മറ്റുള്ളവരുടെ സന്തോഷത്തിൽ ദൈവത്തെ കാണുക

**ക്രിസോസ്റ്റം വലിയ മെത്രാപ്പൊലിത്താ**

# മുറിവേറ്റ ഈ ലോകത്തിനുള്ള ഒറ്റമൂലി

സിസ്റ്റർ ശോഭ CSN

ഒരു വർഷം മുമ്പ് ഈ മഹാമാരി പടർന്നു പിടിക്കുമ്പോൾ ഇത്ര ദീർഘമായൊരു കാലയളവിൽ ഇതു നിലനിൽക്കുമെന്നോ നമ്മുടെ ജീവിതത്തെ ഇത് ഇത്രമേൽ തകിടം മറിക്കുമെന്നോ ആരു കരുതി. കഴിഞ്ഞ പുതുവർഷത്തിലേക്ക് നമ്മൾ മിഴിതുറന്നപ്പോൾ, ചൈനയിൽ നിന്ന് ഇതെക്കുറിച്ചുള്ള വാർത്തകൾ ഉണ്ടായിരുന്നെങ്കിലും നമുക്കതെല്ലാം സാധാരണ നിലയിലായിരുന്നു. വെറും രണ്ടുമാസത്തിനുള്ളിൽ ഈ മഹാമാരിയുടെ ആദ്യത്തെ വൈറസ് ഇവിടെയുമെത്തി. എങ്കിലും കേരളത്തെ വിരട്ടാൻ ഒരു വൈറസിനും കഴിയില്ല എന്നഹങ്കരിച്ച് നമ്മൾ പാട്ടും ട്രോളുമൊക്കെയായി പരിഹസിച്ചു നടന്നു. പക്ഷേ, കാര്യങ്ങൾ കൈവിട്ടുപോയി. ഇതാ, വൈറസ് ബാധിച്ചവരുടെ എണ്ണം കേരളത്തിൽ മാത്രം ആറു ലക്ഷം കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലാകട്ടെ ആ സംഖ്യ ഒരു കോടിയോടടുക്കുകയാണ്. ഇന്നു നമ്മൾ പഴയ നമ്മളല്ല. സാധാരണയായി പകർച്ചവ്യാധികൾക്ക് ഇരയാവുന്നത് മിക്കവാറും പാവപ്പെട്ട രാജ്യങ്ങളും മനുഷ്യരുമൊക്കെയാണ്. പക്ഷേ, കൊറോണയുടെ കാര്യം അങ്ങനെയല്ല. അമേരിക്കൻ പ്രസിഡണ്ട് തുടങ്ങി കുടിലിൽ കഴിയുന്ന മനുഷ്യർവരെ അതിനിരയായി. സമ്പന്നനും ദാരിദ്രനും ചെറുപ്പക്കാരും വൃദ്ധരുമൊക്കെ മരണമടയുന്നു. മനുഷ്യൻ കൈവരിച്ച ഒരു നേട്ടത്തിനും വൈറസിനെ തടുക്കാനായില്ല.

> **സത്യത്തിൽ എന്താണ് ഈ വൈറസിലൂടെ ദൈവമെന്ന പരമചൈതന്യം നമ്മെ പഠിപ്പിക്കാൻ ശ്രമിച്ചത്. ഓരോരുത്തർക്കും ഓരോ ഉത്തരങ്ങളായിരിക്കാം. എങ്കിലും ആത്യന്തികമായി മനുഷ്യന്റെ നിസ്സാരതയെ ഇത്രമേൽ ഓർമിപ്പിച്ച മറ്റെന്തെങ്കിലുമുണ്ടോ. എല്ലാ മനുഷ്യരും ഒരുപോലെയാണെന്നും എല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും നമുക്കു തനിയെ ഒരു നിലനില്പില്ലെന്നു കൂടി അത് അർത്ഥമാക്കുന്നു.**

സത്യത്തിൽ എന്താണ് ഈ വൈറസിലൂടെ ദൈവമെന്ന പരമചൈതന്യം നമ്മെ പഠിപ്പിക്കാൻ ശ്രമിച്ചത്. ഓരോരുത്തർക്കും ഓരോ ഉത്തരങ്ങളായിരിക്കാം. എങ്കിലും ആത്യന്തികമായി മനുഷ്യന്റെ നിസ്സാരതയെ ഇത്രമേൽ ഓർമിപ്പിച്ച മറ്റെന്തെങ്കിലുമുണ്ടോ. എല്ലാ മനുഷ്യരും ഒരുപോലെയാണെന്നും എല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും നമുക്കു തനിയെ ഒരു നിലനില്പില്ലെന്നു കൂടി അത് അർത്ഥമാക്കുന്നു.

ആ വലിയ സത്യത്തെ ലോകത്തോടു മുഴുവൻ ഉറക്കെ വിളിച്ചു പറയാൻ ശ്രമിക്കുകയാണ് സഭയുടെ പരമാചാര്യനായ ഫ്രാൻസിസ് മാർപാപ്പ തന്റെ പുതിയ ചാക്രിക ലേഖനത്തിലൂടെ മാർപാപ്പയായ കാലംമുതൽ തന്റെ ജീവിതത്തിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്.'ഫ്രത്തേല്ലി തുത്തി' എന്ന ഇറ്റാലിയൻ പദത്തിന് ഏവരും സഹോദരങ്ങൾ എന്നാണർത്ഥം. ഒരു പൊതുബോധത്താൽ ബന്ധിതരായി, ഒരു പൊതു സ്വപ്നത്താൽ നയിക്കപ്പെടുന്ന മനുഷ്യരുടെ ഒരു ലോകം. അതാണു മാർപാപ്പ സ്വപ്നം കാണുന്നത്. ഇതാ, ക്രിസ്മസ് കഴിഞ്ഞതേയുള്ളു. സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത' (ലൂക്കാ.2:10). ക്രിസ്തുവിന്റെ ജനനത്തെ സ്വർഗം വിശേഷിപ്പിച്ചതങ്ങനെയാണ്. ക്രിസ്മസ് ദിനങ്ങളിൽ പലതവണ ദേവാലയത്തിൽ നിന്ന് മുഴങ്ങിയ വരികളാണ്. ഭൂമിയെന്ന ഒരേ പാത്രത്തിൽ നിന്ന് ഉണ്ണുകയും കുടിക്കുകയും ചെയ്യുന്ന, ഒരേ ആകാശമേലാപ്പിനു കീഴെ, ഒരേ പ്രാണവായു പങ്കിട്ട് ജീവിക്കുന്ന ലോകത്തിലെ ഈ 780 കോടി മനുഷ്യരുടെയും അവകാശമാണ് ക്രിസ്തു. അവിടുത്തെ എല്ലാ മനുഷ്യരിലേക്കും എത്തിക്കുക അവിടുത്തെ അറിഞ്ഞവരുടെ ബാധ്യതയാണ്. ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്ന സ്നേഹമായിട്ടാണ് യേശു, ദൈവത്തെ നമുക്കു പരിചയപ്പെടുത്തുന്നത്. അത്രയും ഉന്നതമായ സ്നേഹത്തിലേക്ക് വളരാൻ അവിടുന്നു നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. അങ്ങനെയൊരു സംഭവം നടക്കുമോ എന്നാവും. നടക്കും. ഓരോ മനുഷ്യനെയും ക്രിസ്തുവിനിണങ്ങിയ സ്നേഹത്തോടെ കാണാൻ കഴിഞ്ഞാൽ മതി. അതോടെ ഈ ലോകത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരമായി. എനിക്കതു കഴിയുമോ എന്നു മാത്രമേ ഞാൻ ചിന്തിക്കേണ്ടതുള്ളു.

അവിടെത്തോടുള്ള സ്നേഹത്താൽ ഹൃദയം നിറയുമ്പോൾ ഏതൊരാളിലും താനെ രൂപപ്പെടുന്ന അവബോധമാണത്. ക്രിസ്തുവിനുശേഷം മനുഷ്യർ അവിടുത്തെ അറിഞ്ഞു തുടങ്ങിയത് അങ്ങനെയാണ്. ഹൃദയം എത്ര കഠിനമാക്കി നിർത്തിയാലും എല്ലാ മനുഷ്യർക്കും നന്മയിലേക്കൊരാകർഷണമുണ്ട്. അതിനെ എന്നേക്കുമായി അണകെട്ടി നിർത്താൻ ആർക്കുമാവില്ല. ലോകത്തെ മുഴുവനും അങ്ങനെ വശീകരിക്കാൻ നമ്മൾ സാധാരണക്കാർക്ക് കഴിയില്ലായിരിക്കും. നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽ ക്രിസ്തുവിനിണങ്ങിയ സ്നേഹം പകരാൻ കഴിഞ്ഞാൽ മതി. ആ സ്നേഹത്തിന്റെ ഉറവിടം

തേടി മനുഷ്യർ എത്തും. ഞങ്ങളുടെ സ്ഥാപക പിതാക്കളിലൊരാളായ മോൺ. മാത്യു മങ്കുഴിക്കരി പറയാറുള്ള ഒരു സംഭവമോർക്കുന്നു. **മലബാറിൽ കുടിയേറ്റ മേഖലയിൽ ഞായറാഴ്ചകളിൽ കുർബാനയ്ക്കു പോയിരുന്ന ഒരച്ചനുണ്ടായ അനുഭവമാണ്. കത്തോലിക്കരും ഹൈന്ദവരുമെല്ലാം ഇടകലർന്നു ജീവിക്കുന്ന ഇടം. ഒരിക്കൽ അദ്ദേഹം അവിടെ ഒരു ധ്യാനം നടത്തി. ധ്യാനം അവസാനിക്കുന്ന ദിവസം ഒരു ഹൈന്ദവ കുടുംബം അച്ചനരികിലെത്തി. 'അച്ചാ, ഞങ്ങളെ മാമോദീസ മുക്കണം'.** അമ്പരന്നു നിന്ന അച്ചനോടവർ പറഞ്ഞു: "നിങ്ങളുടെ ദൈവം നല്ലവനാണ്" അങ്ങനെ ചിന്തിക്കാനുള്ള കാരണം ഇതായിരുന്നു. കുറച്ചു നാൾ മുമ്പ് ഈ മനുഷ്യൻ രോഗിയായി കിടപ്പിലായി. കൃഷിയിറക്കിയില്ലെങ്കിൽ കുഞ്ഞുങ്ങൾ പട്ടിണിയിലാകും. ചികിത്സിക്കാനും പണമില്ല. സ്ഥലം ധാരാളമുണ്ട്. അതിനാൽ പാടത്തിന്റെ പകുതി വിൽക്കാമെന്നവർ തീരുമാനിച്ചു. തൊട്ടടുത്തുള്ള സ്ഥലം ക്രിസ്ത്യാനിയുടെയാണ്. അവരുവാങ്ങുമെന്ന കണക്കുകൂട്ടലിൽ അവിടത്തെ വീട്ടമ്മയോട് വിവരം പറഞ്ഞു. ആലോചിക്കട്ടെ എന്ന് പറഞ്ഞ് ആ അമ്മ അവരെ പറഞ്ഞയച്ചു. പാടത്തു പണിയെടുക്കുന്ന തന്റെ മിടുക്കരായ മക്കളോട് അമ്മ പറഞ്ഞു: നമ്മുടെ നിലം ഉഴവുമ്പോൾ അവരുടേതു കൂടി ഉഴുതു കൊടുക്കുക. നമ്മുടെ വിതയ്ക്കുമ്പോൾ അവിടെക്കൂടി അവിടെക്കൂടി വിതയ്ക്കുക, വളമിട്ടേക്കുക. എന്നിട്ട് പാകമാകുമ്പോൾ കൊയ്ത് അവർക്കു കൊടുത്തേക്കൂ." ആ മക്കൾ അങ്ങനെ ചെയ്തു.

എപ്പോഴും ഇത് അത്ര എളുപ്പമല്ല. പ്രത്യേകിച്ച് നമ്മോടു താൽപര്യമില്ലാത്തവരുടെയടുത്ത്. അവിടെ നമ്മൾ നിസ്സഹയരായിപ്പോകുന്നു. പക്ഷേ, നിരന്തരവും നിരുപാധികവുമായ സ്നേഹം ജയിക്കുക തന്നെ ചെയ്യും. കർദിനാൾ ഫ്രാൻസിസ് വാൻ ത്വാൻ വിയറ്റ്നാമിലെ കമ്യൂണിസ്റ്റ് ഭരണ കൂടത്തിന്റെ തടവിലായിരുന്ന കാലത്ത് തനിക്കുണ്ടായ ഹൃദയ സ്പർശിയായ അനുഭവങ്ങൾ 'പ്രത്യാശയുടെ സാക്ഷ്യം' എന്ന കൃതിയിൽ പങ്കുവയ്ക്കുന്നുണ്ട്. ആ കുറിപ്പുകളിൽ നിന്ന് ഒരേട്: "ഞാൻ ഏകാന്ത തടവിലായിരുന്നപ്പോൾ, രണ്ടുപേർ എനിക്കെപ്പോഴും കാവലുണ്ടാകത്തക്കവിധം അഞ്ചു പോലീസുകാർ ഊഴമനുസരിച്ചു നിന്നിരുന്നു. നേതാക്കന്മാർ അവരോടു പറഞ്ഞിരുന്നു: **'ആപത്കാരിയായ ഈ ബിഷപ്പിനാൽ നിങ്ങൾ 'മലിന'മാക്കപ്പെടാതിരിക്കാൻ ഓരോ രണ്ടാഴ്ച കൂടുമ്പോഴും മറ്റൊരു സംഘം നിങ്ങൾക്കു പകരമായിവരും. കുറെ നാളുകൾക്കുശേഷം നേതാക്കന്മാർ അവരോടു പറഞ്ഞു:മേലിൽ നിങ്ങളെ മാറ്റുന്നില്ല. അല്ലെങ്കിൽ ഈ ബിഷപ് മുഴുവൻ പോലീസുകാരെയും 'മലിനമാക്കും'!**

തുടക്കത്തിൽ കാവൽക്കാർ എന്നോടു സംസാരിക്കുമായിരുന്നില്ല. 'അതെ', അല്ലെങ്കിൽ 'അല്ല' എന്ന രണ്ട് വാക്കുകൾ മാത്രമായിരുന്നു അവരുടെ മറുപടികൾ. എനിക്ക് വല്ലാത്ത സങ്കടം തോന്നി. അവരോട് ദയാലുവും വിനീതനുമായിരിക്കാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, അതസാദ്ധ്യമായിരുന്നു. കാരണം എന്നോട് മിണ്ടുന്നത് അവർ ഒഴിവാക്കി. ഒരു രാത്രിയിൽ ഒരു ചിന്ത എന്റെ മനസ്സിലുദിച്ചു. 'ഫ്രാൻസിസ്, നീ ഇപ്പോഴും വളരെ സമ്പന്നനാണ്. ക്രിസ്തുവിനോടുള്ള സ്നേഹം നീ ഹൃദയത്തിൽ സൂക്ഷിക്കുന്നു. യേശു നിന്നെ സ്നേഹിച്ചതുപോലെ നീ അവരെയും സ്നേഹിക്കുക'.

**മനുഷ്യനും പ്രപഞ്ചവും തമ്മിൽ ഇങ്ങനെയൊരു പൊതുചങ്ങാത്തം രൂപപ്പെടുത്തുക എന്നതാണ് മുറിവേറ്റ ഈ ലോകത്തിനുള്ള ഒറ്റമൂലിയും എല്ലാ തിന്മകൾക്കുള്ള പരിഹാരവും.**

പിറ്റേന്നുമുതൽ അവരുടെനേരെ പുഞ്ചിരിച്ചും മുമ്പെന്നതിനെക്കാൾ കനിവോടെ അവരോടു സംസാരിച്ചും ഞാൻ അവരിലെ യേശുവിനെ സ്നേഹിക്കാൻ തുടങ്ങി. എന്റെ വിദേശയാത്രകളെക്കുറിച്ചും, സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചും ഞാൻ അവരോടു പറഞ്ഞു തുടങ്ങി. ഇതവരിലെ ജിജ്ഞാസ ഉണർത്തി. പതുക്കെപ്പതുക്കെ ഞങ്ങൾ സുഹൃത്തുക്കളായിത്തീർന്നു. ഫ്രഞ്ചും ഇംഗ്ലീഷുമുൾപ്പെടെ വിദേശഭാഷകൾ പഠിക്കാൻ അവരാഗ്രഹിച്ചു..... അങ്ങനെ എന്റെ കാവൽക്കാർ എന്റെ വിദ്യാർത്ഥികളായിത്തീർന്നു'. തന്റെ സഹോദരന്മാരെ വധിച്ചവരോട് നിരുപാധികം ക്ഷമിക്കുകയും അവരെ എപ്പോഴും സ്വാഗതം ചെയ്യുകയും ചെയ്തിരുന്ന തന്റെ അമ്മയിൽ നിന്നാണ് ഈ പ്രചോദനം ലഭിച്ചതെന്ന് പുസ്തകത്തിന്റെ ആരംഭത്തിൽത്തന്നെ സൂചനയുണ്ട്.

ചിലപ്പോൾ നമ്മുടെ വീട്ടിൽത്തന്നെയാകാം ഇത്തരം പ്രതിസന്ധികൾ നമുക്ക് നേരിടേണ്ടി വരിക. ഒടുവിൽ, ഇയാളെ സ്നേഹിക്കുക അസാദ്ധ്യം എന്ന നിഗമനത്തിൽ നമ്മൾ പിൻവാങ്ങുന്നു. അതോടൊ ക്രിസ്തുവിന്റെ സ്നേഹചൈതന്യം നമ്മിലില്ലെന്നാണ് നമ്മൾ നിശ്ശബ്ദമായി പ്രഖ്യാപിക്കുന്നത്. കാരണം സ്നേഹം എല്ലാറ്റിനെയും കീഴടക്കുന്നു. മൂന്നുവർഷം മുമ്പ് ഫ്രാൻസിസ് പാപ്പ പുറത്തിക്കിയ 'ലൗദാത്തോ സീ' എന്ന ചാക്രിക ലേഖനത്തിൽ എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നാണോർമ്മിപ്പിച്ചത്. 'ഫ്രത്തേല്ലി തുത്തി' യിലാകട്ടെ എല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നും. മനുഷ്യനും പ്രപഞ്ചവും തമ്മിൽഇങ്ങനെയൊരു പൊതുചങ്ങാത്തം രൂപപ്പെടുത്തുക എന്നതാണ് മുറിവേറ്റ ഈ ലോകത്തിനുള്ള ഒറ്റമൂലിയും എല്ലാ തിന്മകൾക്കുള്ള പരിഹാരവും.

shobhacsn@gmail.com

ഓരക്കാഴ്ചകൾ-32





റവ. ഡോ. മോത്തി വർക്കി

# മണ്ണിരകളുടെ സുവിശേഷം

"ആഞ്ഞുവീശുമ്പോൾ കാറ്റിന്നറിയില്ല
അടർന്നും വേരറ്റും വീഴുന്നവയുടെ വേദനകൾ
തിമിർത്തുപെയ്യുമ്പോൾ മഴയ്ക്കറിയില്ല
ചോർന്നൊലിക്കുന്നതിന്റെയും
നനഞ്ഞു വിറയ്ക്കുന്നതിന്റെയും നിസ്സഹായതകൾ
കത്തിനിൽക്കുമ്പോൾ വെയിലിനറിയില്ല
ഉണങ്ങിക്കരിയുന്നവയുടെ ഉൾഞ്ഞരക്കങ്ങൾ
പക്ഷേ വേർപിരിയുമ്പോൾ പ്രണയങ്ങൾക്കറിയാം
രണ്ടായി മുറിഞ്ഞിട്ടും
മരിച്ചിട്ടില്ലെന്ന് വിശ്വസിപ്പിക്കുന്ന
മണ്ണിരകളുടെ ജീവിതം!"
(പവിത്രൻ തീക്കുനി, *മണ്ണിര*)

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹിക ഒരുമയോടെ ശാരീരിക അകലം ഉറപ്പാക്കാൻ കഴിഞ്ഞ മഴക്കാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ 'കുടകളിലൂടെ സാമൂഹിക അകലം' എന്ന ക്യാമ്പയിന് പാലക്കാട് ജില്ലയിൽ തുടക്കം കുറിച്ചു. സർക്കാരിന്റെ 'ബ്രേക്ക് ദി ചെയിൻ' പ്രചാരണത്തിന്റെ ഭാഗമായിട്ടാണ് കുടുംബശ്രീ ഇത് ആരംഭിച്ചത്. പൊതുയിടങ്ങളിൽ സാമൂഹിക അകലം ഉറപ്പാക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം കുട ചൂടുക എന്നതാണെന്ന ആശയമാണ് ക്യാമ്പയിന്റെ അടിസ്ഥാനം. 'അടുപ്പം' ഭയപ്പെടേണ്ടതാണെന്നും 'അകലം' ആഘോഷിക്കപ്പെടണമെന്നും മഹാമാരി വിളിച്ചുപറയുന്നു. ഓരോ മനുഷ്യശരീരവും വൈറസ് ബോംബാണെന്ന അശാസ്ത്രീയ സിദ്ധാന്തങ്ങളുടെ പ്രചാരണം മരണഭയവും സഹോദരഭയവും വർദ്ധിപ്പിക്കുന്നു.

'ശാരീരിക അകലം' എന്നത് ആചാരമാകുമ്പോൾ ശരീരങ്ങളുടെ കൂടിവരവും രാഷ്ട്രീയവും അസാധ്യമാകുന്നുവോ? അംഗീകൃതവും ഫലപ്രദവുമായ രോഗപ്രതിരോധമാണ് social distancing എന്നത് മറക്കുന്നില്ല. അപ്പോഴും രോഗവ്യാപന ഭീഷണിപോലും വകവെയ്ക്കാതെ ഉപജീവനത്തിനും അതിജീവനത്തിനുമായി എല്ലാ വിലക്കും ലംഘിച്ച് പുറത്തിറങ്ങുന്ന ശരീരങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾ നിർണ്ണായകമാണ്.

പൗരത്വഭേദഗതി നിയമത്തിനും ദേശീയ പൗരത്വ പട്ടികയ്ക്കുമെതിരെ പ്രതിഷേധമുയർത്തി സംഘടിച്ച 'ജനങ്ങൾ' (people) കോവിഡ് വ്യാപനത്തിന് തൊട്ടുമുൻപുവരെ തെരുവുകളിലും ചന്തകളിലും മൈതാനങ്ങളിലും സ്ഥിരം സമരസാന്നിധ്യമായിരുന്നെങ്കിലും രോഗവ്യാപന ഭീതിയും ഭരണകൂടത്തിന്റെ കരിനിയമങ്ങളും മൂലം അവർക്ക് പിരിഞ്ഞുപോകേണ്ടി വന്നു. Judith Butler-ന്റെ ചിന്താപദ്ധതിയിൽ 'ജനത' (multitude) മുൻകൂർ സ്ഥാപിതമായ ഒന്നല്ല. എണ്ണമറ്റ സമരങ്ങളിലൂടെയും സംഘംചേരലുകളിലൂടെയും വഴിപിരിയലുകളിലൂടെയുമാണ് 'ജനത' സൃഷ്ടിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ 'കൂട്ടംകൂടൽ' (assembly) 'ജനത'യായി രൂപപ്പെടുന്ന ആൾക്കൂട്ടത്തിന്റെ നിലനിൽപ്പിന്റെ അനിവാര്യതയും രാഷ്ട്രീയത്തിന്റെ മുന്നുപാധിയുമാണ്.

ജനാധിപത്യത്തിൽ ജനതയുടെ അധികാരം പരമമാണ് (popular sovereignty). പക്ഷേ, ഇത് തെരഞ്ഞെടുപ്പിലൂടെ ഭരണാധികാരികളെ തിരഞ്ഞെടുക്കാനുള്ള ഒന്നായി വല്ലാതെ പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു. ജനതയുടെ അധികാരം ജനാധിപത്യപരമാകുന്നത് തിരഞ്ഞെടുക്കുന്ന ഭരണകൂടം ജനാധിപത്യവിരുദ്ധവും മനുഷ്യത്വവിരുദ്ധവും ആകുമ്പോൾ തിരുത്തുവാനും ആവശ്യമെങ്കിൽ അധികാര ഭ്രഷ്ടരാക്കാനും സാധിക്കുമ്പോഴാണ്. ഒരു ജനതയും തങ്ങളുടെ ഹിതം പൂർണ്ണമായും തെരഞ്ഞടുപ്പിൽ പ്രകടിപ്പിക്കുകയോ, പരമാധികാരം ജനപ്രതിനിധികൾക്കും ഭരണകർത്താക്കൾക്കും പരിപൂർണ്ണമായും കൈമാറു

കയോ ചെയ്തിട്ടില്ല. ഭരണകൂടങ്ങളെ തിരഞ്ഞെടുക്കുകയും അതേസമയം അതിൽ നിന്നും അകന്ന് അതിനെ ചോദ്യം ചെയ്യുകയും ചെയുന്നുണ്ട്. പൂർണ്ണമായും കൈമാറിയിട്ടില്ലാത്ത ഈ അധികാരമാണ് ജനതയെ ഭയപ്പെടാൻ ഭരണകൂടങ്ങളെ നിർബന്ധിക്കുന്നത്. ജനതയ്ക്കുള്ള ഈ പ്രഹരശേഷിയെ (അനാർക്കിക്ക് ഊർജ്ജം) Butler വിശേഷിപ്പിക്കുന്നത് "permanent principal of revolution within democratic order" എന്നാണ്.

ഭരണഘടന ഉയർത്തിപ്പിടിച്ചു തെരുവിൽ ഭരണകൂടത്തിനെതിരെ സമരം ചെയ്യുന്ന ജനതയുടെ ആർജ്ജവത്തിന്റെയും നിലപാടുകളുടെയും അടിസ്ഥാനം ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന "we, the people of India" എന്ന അവകാശമാണ്. ഏതെങ്കിലും സമരമുഖത്തുള്ളവർ ഇന്ത്യൻ ജനതയെ പൂർണ്ണമായും പ്രതിനിധാനം ചെയ്യുന്നുവെന്നല്ല പറഞ്ഞുവരുന്നത്. തിരഞ്ഞെടുപ്പ് വിജയം ജനപ്രതിനിധികൾക്ക് ജനതയെ പ്രതിനിധാനം ചെയ്യുവാനുള്ള നിയമാനുസൃതമായ വഴിയാണ്. എന്നാൽ തെരുവിൽ ഭരണകൂടത്തിനെതിരെ സമരം ചെയ്യുന്ന ജനതയ്ക്ക് ആരുടെയും പ്രതിനിധാന കുത്തകയല്ല, മറിച്ച് അവർ ഒരു 'ജനത'യെ സൃഷ്ടിക്കുകയാണ്.. "... they constitute themselves as the people, and this act of self making or self-constitution is not the same as any form of representation" (Butler). അധികാരത്തിന്റെ അപ്പക്ഷണങ്ങൾ നിരസിക്കുന്നവർക്കും ഭരണകൂടത്തിന്റെ പ്രതിനിധാന യുക്തിയിൽ നിന്നും അകന്നു നിൽക്കുന്നവർക്കും മാത്രം സാധ്യമാകുന്നതാണ് ഇത്തരം ആത്മപ്രതിഫലത്തിലൂന്നിയ (self-refluxive) സ്വയനിർമ്മിതികൾ. അത് പ്രതിനിധാനത്തിൽ നിന്നും വിഭിന്നമാണ്.

തെരുവിൽ ഒത്തുകൂടുകയും മുഷ്ടി ചുരുട്ടുകയും മുദ്രാവാക്യം വിളിക്കുകയും പാട്ടുപാടുകയും ചെയ്യുന്ന ജനതയുടെ ഭാഷണവൃത്തികൾ (speech act) അതിൽ തന്നെ ശരീരവും രാഷ്ട്രീയവുമാകുന്നു. അതിലുപരി നിരവധിയായ ശരീരങ്ങളുടെ സമ്മേളനത്തിനും (assembly) 'ശരീര രാഷ്ട്രീയ'ത്തിനും (body politic) വഴിമരുന്നിടുന്ന ഇടപഴകലാണിത്. ഭരണഘടനയിലെ "നമ്മൾ ഇന്ത്യൻ ജനത" എന്ന് ഉച്ചരിക്കുമ്പോൾ എഴുതുമ്പോൾ അത് സാധ്യമാക്കുന്ന ഒരു ജനതയും അതിന്റെ കൂടിച്ചേരലും ഉണ്ട്. അവിടെ 'നമ്മൾ' എന്ന ജനത പ്രത്യേക ആവശ്യങ്ങൾ ഒന്നും ഉന്നയിക്കുന്നില്ല. പക്ഷേ അതിന്റെ തുടർച്ചയെന്നോണം ജനങ്ങൾ പലയിടങ്ങളിലും വിവിധ ആവശ്യങ്ങൾക്കായി സമരം ചെയ്യുമ്പോൾ പുതിയ 'നമ്മൾ' ("we, the people") സൃഷ്ടിക്കപ്പെടുകയാണ്.

രാഷ്ട്രീയം അത് സാധ്യമാക്കുന്ന ഇടങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ആളുകൾക്ക് പൊതുയിടങ്ങളിൽ സമരം ചെയ്യാനും സംഘടിക്കാനും കഴിയാതെ വരുമ്പോൾ രാഷ്ട്രീയം തന്നെ അസാധ്യമാകും. പക്ഷേ ശരീര രാഷ്ട്രീയത്തിന്റെ തലത്തിൽ ആലോചിച്ചാൽ ശരീരത്തിന്റെ സ്വതന്ത്രമായ ആവിഷ്ക്കാരങ്ങളും വിന്യാസങ്ങളും ചലനങ്ങളും നിഷേധിക്കപ്പെടുമ്പോൾ ശരീരം നടത്തുന്ന ചെറുത്തുനിൽപ്പും കുതറലും അതിൽത്തന്നെ രാഷ്ട്രീയമാണ്. കേ

> **യേശു കുഷ്ഠരോഗിയെ തൊടുന്നതിലൂടെ അവന്റെ ശരീരത്തിന്റെ ചലനം നിഷേധിച്ച വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്നു (മത്തായി 8:2). അവനെ സ്പർശനങ്ങളുടെ ലോകത്തേക്ക് തിരികെ എത്തിക്കുന്നു. ശരീരത്തെ മെരുക്കാൻ ഉപയോഗിച്ചിരുന്ന മതനിയമങ്ങളുടെ നിരാസമാണ് യേശുവിന്റെ സ്പർശനം.**

വലം ഇടം നിഷേധിക്കുന്ന വിഷയം മാത്രമല്ല അത്. ശരീരം അതിർത്തി നിശ്ചയിക്കപ്പെട്ട, പണിതീർന്ന ഒന്നല്ല, അതൊരു ബന്ധ സാകല്യമാണ്. ശരീരം പ്രതിഷേധിക്കുകയും കുതറിമാറുകും ചെയ്യുന്നതോടൊപ്പം, അത് മറ്റു മനുഷ്യരുടെ സാമീപ്യവും പിന്തുണയും ആവശ്യപ്പെടുന്നുണ്ട്. ശരീരം തന്നെ ഒരു 'നീട്ടൽ' (extension) ആണെന്ന് വരുന്നു.

സംഘടിക്കുകയും കൂട്ടംചേരുകയും ചെയ്യുന്നത് പ്രതിനിധാനമായല്ല (representaton) അതിൽതന്നെ ആവിഷ്ക്കാരമായി കണക്കാക്കണം. "The world does not exist outside of its expressions" എന്ന് ഫ്രഞ്ച് ചിന്തകനായ Giles Deleuze പറഞ്ഞിട്ടുണ്ട്. Deleuze-ന്റെ സ്വാധീനത്തിൽ കനേഡിയൻ തത്വചിന്തകനായ Brian Massuni യും ഇതിന് അടിവരയിടുന്നുണ്ട്. 'സ്പർശിക്കപ്പെടുന്നതിലെ ഭയത്തെ' (the fear of being touched) പറ്റി— പ്രധാനമായും അപരിചിതമായ സ്പർശനങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഭയത്തെയും അരക്ഷിതാവസ്ഥയെയും പറ്റി Elias Canetti തന്റെ *Crowds and Power* എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.. "There is nothing that man fears more than the touch of the unknown. He wants to see what is reaching towards him, and to be able to recognize or at least classify it... All the distances which men create round themselves are dictated by this fear". മനുഷ്യർക്കിടയിൽ പരസ്പരം സൂക്ഷിക്കുന്ന അകലം ഇത്തരം സ്പർശന ഭയത്തിൽ നിന്നും ഉടലെടുക്കുന്നതാണ്. ആൾക്കൂട്ടത്തിൽ മാത്രമാണ് ആളുകൾ സ്പർശനഭയത്തിൽ നിന്നും മുക്തരാകുന്നത്

("it is only in a crowd than man can become free of this fear of being touched"). Canetti-യുടെ ഭാഷയിൽ, "suddenly it is as though everything were happening in one and the same body". ആൾക്കൂട്ടത്തിന്റേത് ഭയത്തിനെതിരായ ഒരു വികാരമാണ്. സ്വന്തം ശരീരത്തിന്റെ അതിർത്തികൾ ഭേദിക്കാനും മറ്റുശരീരങ്ങളെ സ്പർശിക്കാനുമുള്ള ആഗ്രഹം.

സ്പർശനത്തിന്റെ രാഷ്ട്രീയം ഒരിക്കലും പൂർണ്ണതയിലെത്തിയ ഒന്നല്ല, അത് വരാനിരിക്കുന്നതിന്റെ (politics to come) രാഷ്ട്രീയ സാധ്യതയാണ്. സ്പർശനം അപരിചിതമായ ഒന്നിലേക്കുള്ള വഴി തുറക്കലാണ്, ശരീരത്തിന്റെ അതിർത്തികൾക്ക് കുറുകെ നടക്കുന്ന നിശബ്ദ വിപ്ലവങ്ങളാണ്. ഇവിടെ കാലം, സമയം, ദൂരം, ഇടം തുടങ്ങിയ സങ്കൽപ്പങ്ങൾ മാറുന്നു. അതായത് ശരീരം സ്ഥല-കാലങ്ങളിൽ ചലിക്കുകയല്ല, പരിവർത്തിപ്പിക്കുകയും നിർമ്മിക്കുകയുമാണ്. ശരീരത്തിന്റെ ചലനത്തിന് മുന്നോടിയായി സ്ഥലകാലങ്ങൾ ഇല്ല. ഇവിടെ ശരീര രാഷ്ട്രീയം തെരുവിൽ സംഘടിച്ചു സമരം ചെയ്യുന്ന ശരീരം മാത്രമല്ല. നമ്മുടെ കൺവെട്ടത്തിനുമപ്പുറം ജയിലുകളിലും സൈബർ ഇടങ്ങളിലും ശരീരങ്ങളുടെ സഞ്ചാരവും ഒന്നിക്കലും ഒക്കെ എങ്ങനെ നിരീക്ഷിക്കുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു എന്നുള്ളത് കൂടിയാണ്. ബയോപൊളിറ്റിക്സ് (Bio politics) സംസാരിക്കുന്നത് ശരീരമാകും മുമ്പെയുള്ള ശരീരത്തെപ്പറ്റിയാണ്.

വിലക്കുകൾക്ക് നടുവിൽ സ്പർശനം എങ്ങനെ സാധ്യമാകും എന്നത് ചിന്തയുടെ വിഷയം മാത്രമല്ല, ശരീരത്തിന്റെയും ആവശ്യമാണ്. സ്പർശനബാഹ്യമായ/ പൂർവ്വമായ ഒരു ശരീരം തന്നെ അസാധ്യതയാണ്. ശരീരം തന്നെ സ്പർശനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒന്നായി മനസ്സിലാക്കണം (sensual and sensing bodies). ശരീരത്തിന്റെ ചലനത്തിൽ ഇടപെടുന്നതിലൂടെ ശരീരത്തെ ഭരണകൂടങ്ങൾ മാറ്റിയെടുക്കുന്നു. തെരുവിൽ ഒത്തുകൂടിയ ശരീരങ്ങളെ വീട്ടിലേക്ക് തിരിച്ചയച്ച് ക്വാറന്റൈൻ ചെയ്യുകയോ അല്ലെങ്കിൽ നിയമലംഘനത്തിന് ജയിലിൽ അടക്കുകയോ ചെയ്യുമ്പോൾ ശരീരത്തിന്റെ സാധ്യതകൾക്കു തന്നെ വിലങ്ങ് വീഴുകയാണ്.

ശരീരം സ്വയം കണ്ടെത്തുന്നത് നിരവധി പരീക്ഷണങ്ങളിൽ കൂടിയാണ്. ശരീരത്തിന് സാധ്യമായത് എന്തെന്ന് മുൻകൂർ പ്രവചിക്കാൻ സാധ്യമല്ല എന്ന് പറഞ്ഞത് Spinoza -യാണ്. Nietzsche-യുടെ വാക്കുകളിൽ "മനസ്സല്ല, ശരീരമാണ് നമ്മെ വിസ്മയിപ്പിക്കുന്നത്". സ്പർശനം അനുഭവവേദ്യമാകാൻ സ്പർശിക്കുകയല്ലാതെ മറ്റുവഴികളില്ല. അത് സംഭവിക്കേണ്ടതോ വർത്തമാനകാലത്തും!

യേശു കുഷ്ഠരോഗിയെ ക്ഷണിക്കുന്നത് ശരീരത്തിന്റെ വിസ്മയ സാധ്യതകളുടെ സ്പർശന ഭാവങ്ങളിലേക്കാണ് (മത്തായി 8:1-4). അസ്പർശ്യതയാണ് കുഷ്ഠരോഗി അനുഭവിക്കുന്ന പ്രധാന പ്രശ്നം. ശരീരം തന്നെ അയിത്തത്തിന്റെ ഇരയാകുന്നു. സാമൂഹിക/ശാരീര അകലമായി ആരംഭിക്കുന്ന ഭയം അയിത്തമായി വികസിക്കുന്നു. കുഷ്ഠരോഗിക്ക് അയിത്തം കല്പിക്കുന്നത് മതനി




യമങ്ങളുടെ പിൻബലത്തിലാണ് (ലേവ്യ 13-14). കുഷ്ഠരോഗം ദൈവശിക്ഷയാണെന്ന വിശ്വാസം അയിത്തത്തെ കൂടുതൽ ഭീകരമാക്കുന്നു (2 രാജ 5:7, സംഖ്യാ 12). അസ്പർശ്യരുടെ ഇടം പുറമ്പോക്കിലാണ് (സംഖ്യ 12). സ്പർശിക്കാൻ 'അർഹതയുള്ള' ശരീരങ്ങളുടെ ഇടമാണ് സമൂഹം. മോശയുടെ സഹോദരി മിര്യാം അനുഭവിച്ച അയിത്തം സാംസ്ക്കാരിക സാധുതയും (culturally endorsed) മതപരമായ അനുവാദവും (scripturally sanctioned) ഉള്ളതായിരുന്നു.

അയിത്തത്തിന്റെ പ്രയോഗം സാധ്യമാകുന്നത് ആചാരങ്ങളിലൂടെയാണ് (liturgically executed untouchability). യേശു കുഷ്ഠരോഗിയെ തൊടുന്നതിലൂടെ അവന്റെ ശരീരത്തിന്റെ ചലനം നിഷേധിച്ച വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്നു (മത്തായി 8:2). അവനെ സ്പർശനങ്ങളുടെ ലോകത്തേക്ക് തിരികെ എത്തിക്കുന്നു. ശരീരത്തെ മെരുക്കാൻ ഉപയോഗിച്ചിരുന്ന മതനിയമങ്ങളുടെ നിരാസമാണ് യേശുവിന്റെ സ്പർശനം. ആചാര ധാരാളിത്തത്തിന്റെ (ritual obesity) ഇരയായ ഉടലിന്റെ ഉയിർപ്പാണ് സൗഖ്യം. ശരീരത്തെ കെട്ടിയിടാനുള്ള കയറല്ല ആചാരങ്ങൾ. സ്വന്തം ശരീരത്തെ പുനർനിർവ്വചിക്കാനും പുനരടയാളപ്പെടുത്താനുള്ള രാഷ്ട്രീയ നിയോഗമാണ് യേശു കുഷ്ഠരോഗിക്ക് നൽകുന്നത്. സ്പർശനം ശരീരത്തിന്റെ മൗലീക അവകാശമാണ്. ഒരു ജനതയായി രൂപപ്പെടുന്ന കൂട്ടംചേരലുകളിൽ ഇതര മനുഷ്യശരീരങ്ങളോടൊപ്പം പങ്കുചേരുന്ന ശരീര രാഷ്ട്രീയമാണ് കുഷ്ഠരോഗിയുടെ സൗഖ്യം. ഉടലിന്റെ അതിരുകൾക്കു കുറുകെ നടക്കുന്ന അനുഭവമാണ് സൗഖ്യം. കോവിഡ് രോഗവ്യാപനം ഒഴിവാക്കാൻ പാലിക്കുന്ന സാമൂഹിക/ശാരീരിക അകലം അയിത്തമെന്ന പകർച്ചവ്യാധിക്ക് കാരണമാകില്ലെന്ന് പ്രത്യാശിക്കാം. രണ്ടായി മുറിഞ്ഞിട്ടും മരിച്ചിട്ടില്ല എന്നു വിശ്വസിക്കുന്ന മണ്ണിരകളുടെ വേദാന്തം ഇതാണ്: 'അകലം' മരണമല്ല.

9495542577

# ജവഹർലാൽ നെഹ്രു, സർദാർ വല്ലഭായി പട്ടേൽ

## ഇവർ തമ്മിലെ അഭിപ്രായ വ്യത്യാസങ്ങൾ





ജസ്റ്റിസ് കെ.റ്റി. തോമസ്
സുപ്രിംകോടതി മുൻ ജഡ്ജി

ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞ് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ഉത്തമ ശിഷ്യന്മാരായിരുന്ന രണ്ടുപേർ ജവഹർലാൽ നെഹ്രുവും, സർദാർ വല്ലഭ ഭായി പട്ടേലും ആയിരുന്നു. അവർ രണ്ടുപേരും മഹാത്മാഗാന്ധിയും തമ്മിലുണ്ടായിരുന്ന സമശീർഷനിലയെപ്പറ്റി അക്കാലത്തു പറഞ്ഞിരുന്ന ഒരു ഭാവനാവിശേഷണം ഇങ്ങനെ ആയിരുന്നു. The greatest weakness of Sardar Patel was Mahathma Gandhi and the greatest weakness of Mahathma Gandhi was Jewaharlal Nehru. അവർ മൂവരുടെയും സേവനങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദത്തിനു ശേഷം ഏതാനും നാളുകൾ കൂടി ഭാരതത്തിനു ലഭിച്ചിരുന്നു എന്നതാണ്. നവഭാരതസൃഷ്ടിയുടെ ഏറ്റവും നിർണായകമായി പരിണമിച്ച പ്രതിഭാസം എന്ന് ഇന്ത്യാ ചരിത്രം എഴുതിയിട്ടുള്ളവർ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ അവർ മൂവരും തമ്മിൽ പല വിഷയങ്ങളിൽ ഉണ്ടായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങൾ അവർ മൂവരും ചേർന്ന് പല സന്ദർഭങ്ങളിലും വിസ്മരിക്കാനാവാത്ത ഒരു പരമാർത്ഥമാണ്. അവരിൽ പണ്ഡിറ്റ് നെഹ്രുവും സർദാർ പട്ടേലും തമ്മിലുണ്ടായിരുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഗുരുതരമായ നിലയിലേക്ക് കടന്നിട്ടുണ്ടായിരുന്നെങ്കിലും അവ ഒന്നും തന്നെ വ്യക്തിപരമായി മാറിയിട്ടില്ലാത്തതിനാൽ അവയിൽ മിക്കതും അപ്പോഴപ്പോൾ തന്നെ പറഞ്ഞു തീർത്തു ഐക്യമത്യത്തിൽ ചെന്നെത്തിക്കൊണ്ടിരുന്നു. അങ്ങനെ ഐക്യമത്യത്തിലെത്തിച്ചേരാൻ അവശേഷിച്ചിരുന്ന ചില പ്രധാന വിഷയങ്ങൾ മാത്രമാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്. ഇതിലെ വസ്തുതകൾക്കു ഞാൻ കടംപെട്ടിരിക്കുന്നത്

1. Reminiscences of the Nehru Age- by M.O. Mathai
2. Freedom of mid-night -by Dominic Lapier and Larry Collins
3. Indian's iron man - by Balraj Krishnan
4. The man who saved India by Himdal Sengupta

എന്നീ ഗ്രന്ഥങ്ങളോടാണ് .

1946-ൽ ഡോമിനിയൻ നിലയിലേക്കു വന്നുചേർന്ന് ഭാരതത്തിന് പ്രധാനമന്ത്രിയായി കോൺഗ്രസ് പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഭൂരിപക്ഷം പേരും അനുകൂലിച്ചത് സർദാർ പട്ടേലിനെ ആയിരുന്നു. പ്രായത്തിലും പരിചയ സമ്പത്തിലും മുന്നിട്ടു നിന്നിരുന്നത് അദ്ദേഹമായിരുന്നു. ഇങ്ങനെയെല്ലാമുണ്ടായിരുന്നിട്ടും പ്രധാനമന്ത്രി സ്ഥാനത്തേക്കു മഹാത്മാഗാന്ധി നിർദ്ദേശിച്ചത് ജവഹർലാൽ നെഹ്രുവിനെ ആയിരുന്നു. അതിലേക്കു മഹാത്മാഗാന്ധി സർദാർ പട്ടേലിനോട് ഇങ്ങനെയാണ് പറഞ്ഞത് Though you are supported by the majority of the congress party, while you are feared by the Indian people, Jawaharlal Nehru is loved by them. ആ നിലക്ക് സ്വതന്ത്ര ഇന്ത്യയുടെ പ്രാരംഭ ദിശയിൽ പ്രധാനമന്ത്രി സ്ഥാനത്തിരിക്കേണ്ടത് ജവഹർലാൽ നെഹ്രു തന്നെ ആയിരിക്കേണ്ടതാണെന്ന് മഹാത്മാഗാന്ധി പട്ടേലിനെ ഉപദേശിച്ചു. ആ ഉപദേശം സർദാർ പട്ടേൽ സ്വീകരിച്ചു എന്നു മാത്രമല്ല; പണ്ഡിറ്റ് നെഹ്രുവിന്റെ ക്യാബിനറ്റിൽ രണ്ടാം സ്ഥാനം പട്ടേൽ സ്വീകരിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചത് സർദാർ പട്ടേൽ അനുസരിച്ചു എന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. പ്രായത്തിലും അനുഭവ പരിജ്ഞാനത്തിലും നെഹ്രുവിനെക്കാൾ മുൻതൂക്കമുണ്ടായിരുന്നത് പട്ടേലിനായിരുന്നു എന്നത്, അന്നത്തെ പല നേതാക്കന്മാർക്കും അറിയാമായിരുന്നിട്ടും പട്ടേൽ ഗാന്ധിജിയുടെ നിർദ്ദേശങ്ങൾക്ക് പൂർണ്ണമായും കീഴ്പ്പെട്ടു എന്നത് ഭാരത ചരിത്രത്തിലെ ഒരു സുപ്രധാനഭാഗമായി മാറി.

ഗാന്ധിജിയും നെഹ്രുവും പട്ടേലും ഇംഗ്ലണ്ടിൽ നിന്നും നിയമ ബിരുദം സമ്പാദിച്ചവരായിരുന്നു. അവരിൽ ജവഹർലാൽ നെഹ്രുവിന് ഇംഗ്ലീഷ് സമ്പ്രദായങ്ങളോടും നേതാക്കന്മാരോടും കൂടുതലായി അടുപ്പമുണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മൗണ്ട് ബാറ്റൺ പ്രഭുവിന്റെ ഭാര്യ എഡ്വിനായുമായും പണ്ഡിറ്റ് നെഹ്രുവിനുണ്ടായിരുന്ന സൗഹൃദം സംബന്ധിച്ച് ചില കിംവദന്തികൾ ദോഷൈകദൃക്കുകൾ പ്രചരിപ്പിച്ചിരുന്നത് മഹാത്മാഗാന്ധിയോ, സർദാർ പട്ടേലോ മുഖവിലക്കെടുത്തിരു

ന്നില്ല. എങ്കിലും ജവഹർലാൽ നെഹ്റു പലപ്പോഴും മൗണ്ട് ബാറ്റന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കൊണ്ടിരുന്നു എന്ന കാര്യത്തിൽ നെഹ്റുവിന്റെ ഒരു ബലഹീനതയായി കണ്ടവരുണ്ട്. നെഹ്റു ഒരു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായിരുന്നു. സർദാർ പട്ടേൽ ഉറച്ച വലതുപക്ഷ ചിന്താഗതിക്കാരനുമായിരുന്നു.

പട്ടേലും നെഹ്റുവും തമ്മിലുണ്ടായിരുന്ന പ്രധാനപ്പെട്ട അഭിപ്രായ വ്യത്യാസങ്ങളിൽ ആദ്യത്തേത് ജൂണാഘാദ് സംസ്ഥാനം ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നത് സംബന്ധിച്ചായിരുന്നു. ജൂണാഘാദ് ഇപ്പോഴത്തെ ഗുജറാത്ത് സംസ്ഥാനത്തുണ്ടായിരുന്ന ഒരു പരമാധികാര രാജ്യമായിരുന്നു. അത് ഭരിച്ചിരുന്നത് മുസ്ലീം സമുദായത്തിൽപ്പെട്ട ഒരു നവാബായിരുന്നു. അദ്ദേഹത്തിന്റെ ദിവാൻ പദം വഹിച്ചിരുന്നത് പിൽക്കാലത്ത് പാക്കിസ്താൻ പ്രധാനമന്ത്രിയായിരുന്ന സുൽഫിക്കർ അലി ഭട്ടോയുടെ പിതാവായിരുന്നു. ഇന്ത്യയും പാക്കിസ്താനും വിഭജിക്കപ്പെട്ടപ്പോൾ ജൂണാഘാദിലെ നവാബ് തന്റെ ദിവാനായിരുന്ന ഭൂട്ടോയുടെ ഉപദേശപ്രകാരം തന്റെ രാജ്യത്തെ പാക്കിസ്ഥാനിലേക്കു ലയിപ്പിക്കുന്നതിനു തീരുമാനമെടുത്തു. അത് ഇന്ത്യക്കു സ്വീകാര്യമായിരുന്നില്ല. ജൂണാഘാദിലെ ഭൂരിപക്ഷം ജനങ്ങളും ഇന്ത്യയോടു ചേരുന്നതിനു ആഗ്രഹിച്ചിരുന്നവരായിരുന്നു. അതുകൊണ്ടു കൂടിയാണ് ആ രാജ്യം ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കേണ്ടതാണെന്ന നിലപാട് ഇന്ത്യാ ഗവൺമെന്റ് കൈക്കൊണ്ടത്. ആ തർക്കം ഐക്യരാഷ്ട്രസമിതിയിൽ സമർപ്പിക്കാൻ മൗണ്ട് ബാറ്റൺ ജവഹർലാൽ നെഹ്റുവിനെ ഉപദേശിച്ചതിനെ തുടർന്ന് നെഹ്റു അത് യുഎന്നിൽ അവതരിപ്പിച്ചു. എന്നാൽ ജൂനാഘാദിനെ ഇന്ത്യൻ പോലീസ് സേനയുടെ സഹായത്തോടെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്തിരുന്ന മന്ത്രി എന്ന നിലക്ക് സർദാർ പട്ടേൽ തീരുമാനിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജൂനാഘാദിലേക്കു കടന്നു ചെല്ലുകയും ചെയ്തു. അവിടെ ഒരു ജനഹിത പരിശോധന നടത്തി 90% ജനങ്ങളും ഇന്ത്യൻ യൂണിയനോടു ലയിക്കുന്നതിനു അനുകൂലികളാണെന്നു ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. പിന്നീട് ഇന്ത്യ കൊടുത്ത ഹർജി, യു.എന്നിൽ നിന്നും പിൻവലിക്കാൻ മൗണ്ട് ബാറ്റൺ നിർബന്ധിതനായി.

മറ്റൊരു പ്രധാന അഭിപ്രായ വ്യത്യാസം ഹൈദ്രബാദ് എന്ന രാജ്യത്തെ സംബന്ധിച്ചായിരുന്നു (ഇന്നത്തെ തെലുങ്കാന സംസ്ഥാനം മുഴുവൻ ഉൾപ്പെടുന്നു) അവിടുത്തെ ഭരണാധികാരി നൈസാം ആ രാജ്യത്തെ പാക്കിസ്താനിൽ ലയിപ്പിക്കുന്നതിന്റെ ആദ്യപടിയായി ഒരു സ്വതന്ത്രരാജ്യമാക്കാൻ തീരുമാനിച്ചു. ഇന്ത്യയുടെ ഏകദേശം മദ്ധ്യത്തോടു ചേർന്നു കിടക്കുന്ന ഹൈദ്രബാദ് എന്ന രാജ്യം ഇന്ത്യയിൽ ലയിപ്പിച്ചില്ലെങ്കിൽ വന്നുചേരാനിടയുള്ള ഭാവി ഭവിഷ്യത്തുകളെ കണക്കിലെടുത്ത് നൈസാമിന്റെ നിലപാടിനെ മറികടക്കാനാണ് സർദാർ പട്ടേൽ തീരുമാനിച്ചത്.

ആ തർക്കവും ഐക്യരാഷ്ട്രസമിതിയിൽ സമർപ്പിക്കുന്നതിന് മൗണ്ട് ബാറ്റൺ നെഹ്റുവിനെ ഉപദേശിച്ചു. അവിടുത്തെ ജനങ്ങൾ ഭൂരിപക്ഷവും ഇന്ത്യയോടു ചേരുന്നതിന് അനുകൂലിച്ചവരാണെങ്കിലും കാസിംറസ്വി എന്നൊരു ഭീകരന്റെ നേതൃത്വത്തിൽ റസാർക്കാർ എന്നു പേരുള്ള സൈന്യം ഹൈദ്രബാദിനെ പാക്കിസ്ഥാനിൽ ലയിപ്പിക്കുന്നതിന് വേണ്ടിവന്നാൽ ബലപ്രയോഗം നടത്താൻ തയ്യാറായി. ആ കാര്യത്തിൽ ഒരു പക്ഷെ നെഹ്റു മൗണ്ട് ബാറ്റന്റെ ഉപദേശം സ്വീകരിച്ചേക്കുമെന്ന് മനസ്സിലാക്കിയ സർദാർ പട്ടേൽ ഇന്ത്യൻ സൈന്യത്തെ ഹൈദ്രാബാദിലേക്കയക്കാൻ ദ്യതഗതിയിൽ നടപടിയെടുത്തു. ഈ കാര്യത്തിൽ പട്ടേലും നെഹ്റുവും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായെങ്കിലും പട്ടേലിന്റെ തീരുമാനത്തെ നെഹ്റു അംഗീകരിച്ചു കൊടുത്തു. ഇന്ത്യൻ സൈന്യത്തിന്റെ മുമ്പിൽ റസാർക്കാർ സൈന്യം വെറും കടലാസു പുലി ആണെന്ന് പട്ടേൽ തെളിയിച്ചു. അങ്ങനെ ഇന്നത്തെ ഹൈദ്രബാദ് എന്ന തെലുങ്കാന സംസ്ഥാനം ഇന്ത്യയുടെ ഭാഗമാക്കി തീർത്തു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ പട്ടേലിന്റെ ഉറച്ച തീരുമാനം നടപ്പിലായിരുന്നില്ലെങ്കിൽ ഹൈദ്രബാദ് മറ്റൊരു കാശ്മീർ പ്രശ്നം പോലെ ഇന്ത്യാരാജ്യത്തിനുള്ളിൽ തുടർന്നുകൊണ്ടിരിക്കുമായിരുന്നില്ലെ?

മറ്റൊരു വലിയ പ്രശ്നമാണ് ഇന്നും കീറാമുട്ടിയായി അവശേഷിക്കുന്ന കാശ്മീർ സംബന്ധിച്ചുള്ളത്. കാശ്മീർ ഇന്ത്യയുടെ ഭാഗമായി തീരണമെന്നുള്ള നെഹ്റുവിന്റെ തീരുമാനത്തെ പട്ടേൽ പൂർണമായും സ്വീകരിച്ചു. (കാശ്മീരിനു പകരം അവിഭക്ത ബംഗാൾ) ഇന്ത്യയോടു ചേർക്കുന്നതായിരിക്കും കൂടുതൽ ഉത്തമമെന്നു പട്ടേലിനു അഭിപ്രായമുണ്ടായിരുന്നെങ്കിലും നെഹ്റുവിന്റെ നിലപാടിനെ പട്ടേൽ ശിരസ്സാ സ്വീകരിക്കുകയായിരുന്നു. ആ സന്ദർഭത്തിൽ കാശ്മീരിനെ പിടിച്ചടക്കാൻ പാക്കിസ്ഥാൻ അവരുടെ പട്ടാളത്തെ ഉപയോഗിക്കുന്ന സമയത്തു ഇന്ത്യൻ സൈന്യം അതിനെ ശക്തമായി ചെറുത്തുനിന്നു എങ്കിലും ഏതോ ഒരു ഘട്ടത്തിൽ മൗണ്ട് ബാറ്റന്റെ ഉപദേശപ്രകാരം വെടിനിറുത്താൻ നെഹ്റു സമ്മതിക്കുകയും പ്രശ്നം ഐക്യരാഷ്ട്ര സമിതിയുടെ മുമ്പിൽ സമർപ്പിക്കുകയും ചെയ്തു. അതിനോട് പട്ടേലിന് കടുത്ത എതിർപ്പുണ്ടായിരുന്നു. പക്ഷെ അത് ആഭ്യന്തര വകുപ്പിന്റെ പരിധിയിൽ പെടാത്തതുകൊണ്ട് നെഹ്റുവിന്റെ തീരുമാനത്തിന് പട്ടേൽ കീഴ്പ്പെട്ടു കൊടുത്തു. അതിന്റെ ഫലമായി അതുവരെ പാക്കിസ്ഥാൻ സൈന്യം പിടിച്ചെടുത്ത കാശ്മീരിന്റെ ഏതാനും ഭാഗം ഉപയോഗിച്ചാണ് ഇപ്പോൾ കാശ്മീരിൽ പാക്കിസ്ഥാൻ ഭീകര പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നത്. ഐക്യരാഷ്ട്ര സമിതിയിലാകട്ടെ ഇതുവരെ അതു സംബന്ധിച്ച് ഒരു തീരുമാനവും ഉണ്ടായിട്ടില്ലെന്നുള്ളത് നാം മറക്കരുത്.

ജമ്മു കാശ്മീർ പ്രശ്നം യു.എൻ -ൽ ചർച്ച ചെയ്യുമ്പോൾ ഇന്ത്യക്കു വേണ്ടി ആരാണ് സംസാരിക്കേണ്ടത് എന്ന കാര്യത്തിൽ നെഹ്റുവും പട്ടേലും തമ്മിൽ ചെറിയ അഭിപ്രായ വ്യത്യാസമുണ്ടായി. തിരുവിതാംകൂർ സ്വതന്ത്രരാഷ്ട്രമായി പ്രഖ്യാപിക്കാൻ മഹാരാജാവിനെ അന്നത്തെ ദിവാനായിരുന്ന സർ സി.പി. ഉപദേശിച്ചതിനെ നഖശിഖാന്തം എതിർത്തിരുന്ന പട്ടേൽ മഹാരാജാവിനെക്കൊണ്ട് ഒടുവിൽ തിരുവിതാംകൂറിനെ ഇന്ത്യൻ യൂണി

യനിൽ ലയിപ്പിക്കാൻ സമ്മതിപ്പിച്ചു. എങ്കിലും സർ സി.പി യുടെ അപാരമായ കഴിവുകളെപ്പറ്റി മനസ്സിലാക്കിയ പട്ടേൽ അദ്ദേഹത്തെ യുഎന്നിൽ ഇന്ത്യയുടെ പ്രതിനിധിയായി അയക്കാൻ താല്പര്യപ്പെട്ടു. എന്നാൽ നെഹ്രു അത് ഒട്ടും സമ്മതിച്ചില്ല. പട്ടേൽ ഒടുവിൽ അത് നെഹ്രുവിന്റെ തീരുമാനത്തിനു വഴങ്ങിക്കൊടുക്കുകയുണ്ടായി.

സർദാർ പട്ടേൽ ജീവിച്ചിരിക്കുമ്പോൾ തന്നെ ചൈനയോടുള്ള നെഹ്രുവിന്റെ സമ്പൂർണ്ണമായ അടുപ്പം പിൽക്കാലത്ത് അപകടം വരുത്തിവയ്ക്കാനിടയുണ്ടെന്നു പട്ടേൽ നെഹ്രുവിനു മുന്നറിയിപ്പു കൊടുത്തിരുന്നു. പക്ഷെ നെഹ്രു ആകട്ടെ ചൈനയും ഇന്ത്യയും തമ്മിൽ ഹിന്ദു-ചീനി ഭായി എന്ന നയത്തിൽ തുടരാൻ തീരുമാനിച്ചു. കഷ്ടം എന്നു പറയട്ടെ ഒടുവിൽ ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ അതിലേക്കു ഇന്ത്യ വലിയവില കൊടുക്കേണ്ടി വന്നു. അതിനു മുമ്പു തന്നെ പട്ടേൽ നിര്യാതനായിരുന്നതുകൊണ്ട് ആ വിഷയം സംബന്ധിച്ച് അവർ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം മറ്റുതലങ്ങളിലേക്കു വളർന്നില്ല.

ഏറ്റവും ഒടുവിൽ രാജസ്ഥാനിലെ അജ്മീർ സ്ഥലത്തുണ്ടായ ഒരു വർഗ്ഗീയ ലഹള സംബന്ധിച്ച് ആരാണ് ആ കാര്യത്തിൽ നിലപാടെടുക്കേണ്ടത് എന്ന കാര്യത്തിൽ (പ്രധാനമന്ത്രിയോ അതോ ആഭ്യന്തരമന്ത്രിയോ) ഇവർ രണ്ടുപേരും തമ്മിലുണ്ടായ തീവ്രമായ അഭിപ്രായ വ്യത്യാസം, അവരിലൊരാൾ രാജിവക്കേണ്ടി വരുന്നത്വരെ അടുത്തു. അതു സംബന്ധിച്ച് 1948 ജനുവരി 6-ാം തീയതി ജവഹർലാൽ നെഹ്രു ദീർഘമായ ഒരു കുറിപ്പെഴുതി മഹാത്മാ ഗാന്ധിക്കും പട്ടേലിനും നൽകി. അതിൽ ഒരു പ്രധാന മന്ത്രിക്ക് മറ്റു മന്ത്രിമാരുടെ വകുപ്പുകളിൽ എപ്പോൾ വേണമെങ്കിലും കടന്നു ചെല്ലാനുള്ള ഉത്തരവാദിത്വത്തെപ്പറ്റി യുക്തമായ ഭാഷയിൽ നെഹ്രു തന്റെ അഭിപ്രായമെഴുതി. ആ കുറുപ്പു ആരംഭിക്കുന്ന ഭാഗത്ത് താനും പട്ടേലും തമ്മിൽ സ്വഭാവനസാരമായ (Temperamental) വ്യത്യാസങ്ങൾ മാത്രമേ ഉള്ളൂ എങ്കിലും സാമ്പത്തിക നയത്തിലും വർഗീയ വിഷയങ്ങളിലും പുലർത്തേണ്ട നിലപാടുകൾ സംബന്ധിച്ച് അവർ തമ്മിൽ പല വർഷങ്ങളായി നിലനിന്നിരുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അവർ പരസ്പര ബഹുമാനവും, സ്നേഹവും, സൗഹൃദവും പുലർത്തുന്നതിൽ ഒരിക്കലും അമാന്തം വരുത്തിയിട്ടില്ലെന്നും ആത്യന്തികമായി കോൺഗ്രസ് പാർട്ടി എടുക്കുന്ന തീരുമാനങ്ങൾ അനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറായിട്ടുണ്ടെന്നും എടുത്തു പറഞ്ഞിരിക്കുന്നു, എന്നാൽ സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം ഭരണപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടി വരുന്ന സന്ദർഭങ്ങളിൽ രണ്ടു വിരുദ്ധ സൈദ്ധാന്തിക നിലപാടുകൾ പുലർത്തുന്ന അവർ രണ്ടു പേരും ഒരേ മന്ത്രിസഭയിൽ തുടരുന്നതിനെപ്പറ്റിയുള്ള പ്രായോഗിക പ്രയാസങ്ങളെ നെഹ്രു എടുത്തു കാണിച്ചു. രണ്ടു പേരിൽ ഒരാൾ മാറിയേ തീരൂ എന്നുണ്ടെങ്കിൽ അതിനു താൻ തന്നെ സ്ഥാനമൊഴിയുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്ന് നെഹ്രു എഴുതി. സുദീർഘമായ കുറിപ്പിലെ മറ്റു ഭാഗങ്ങൾ ഈ ലേഖനത്തിൽ ഉൾക്കൊള്ളിക്കുന്നത് ലേഖനം നീണ്ടു പോകാൻ ഇടയുള്ളതുകൊണ്ട് ഞാൻ വിട്ടുകളയുന്നു. അവർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പിന്നെ 24 ദിവസങ്ങൾ കൂടി നീണ്ടു നിന്നു. ഗാന്ധിജി വധിക്കപ്പെട്ട ദിവസം അദ്ദേഹവും പട്ടേലും അതു സംബന്ധിച്ച് ദീർഘനേരം സംഭാഷണം നടത്തി. പട്ടേൽ തന്റെ മന്ത്രി സ്ഥാനം ഉപേക്ഷിക്കുന്നതാണ് അഭികാമ്യമെന്ന് പട്ടേൽ ശഠിച്ചപ്പോൾ രണ്ടു പേരും ഒന്നിച്ച് വീണ്ടും തുടരണമെന്ന് ഗാന്ധിജി പട്ടേലിനെ നിർബന്ധമായി ഉപദേശിച്ചു. സംഭാഷണം തുടർന്നപ്പോൾ ഗാന്ധിജി പട്ടേലിനെ നിർബന്ധമായി ഉപദേശിച്ചു. സംഭാഷണം തുടർന്നപ്പോൾ ഗാന്ധിജി തന്നെ തന്റെ പോക്കറ്റ് വാച്ച് നോക്കുകയും പ്രാർത്ഥനാ യോഗത്തിലേക്ക് നേരത്തെ നിശ്ചയിച്ചിരുന്ന സമയം ഇരുപത് മിനിട്ടു താമസിച്ചു എന്ന് മനസ്സിലാക്കുകയും ചെയ്തു. ഗാന്ധിജി പട്ടേലിനെ ഇങ്ങനെ ശാസിച്ചു. നിങ്ങൾ കാരണം ആദ്യമായി എന്റെ സമയനിഷ്ഠ തെറ്റിയല്ലൊ എന്നു പറഞ്ഞു ഗാന്ധിജി തന്റെ പ്രാർത്ഥനാ യോഗത്തിലേക്കു നടന്നു. തുടർന്നുണ്ടായ സംഭവമാണല്ലൊ ഗാന്ധിജിയുടെ വധത്തിനിടയാക്കിയത്. എന്നാൽ ആ സംഭവം നെഹ്രുവിനും പട്ടേലിനും ഏൽപ്പിച്ച ആഘാതം രണ്ടുപേർക്കും താങ്ങാനാവാത്തതായിരുന്നു. തങ്ങൾ അനാഥരായി തീർന്നു എന്ന ചിന്ത രണ്ടു പേരിലും ഉടലെടുത്തപ്പോൾ അവർ എത്തിച്ചേർന്ന തീരുമാനമാണ് മേലിൽ എന്ത് അഭിപ്രായ വ്യത്യാസമുണ്ടായാലും അവർ ഒന്നിച്ച് ഒരുമയോടെ കൂടി പ്രവർത്തിച്ചു കൊള്ളാമെന്ന്. ഗാന്ധിജിയുടെ വധത്തിനു ശേഷം ഏകദേശം മൂന്നു വർഷങ്ങൾ കൂടി പട്ടേൽ ജീവിച്ചു. 1950 ഡിസംബർ 15-ാം തീയതി പട്ടേൽ ഒരു ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി. ഇതിനിടക്ക് അവർ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ അവർ തന്നെ സംസാരിച്ചു ഒരുമയോടെ ഭരണം നടത്തി എന്നത് സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിലെ രജതരേഖയായി ഞാൻ കാണുന്നു.

ഒരു ജനാധിപത്യ ഭരണ സംവിധാനത്തിൽ ഒരേ പാർട്ടിയിൽപെട്ടവരാണെങ്കിലും ഉന്നത വ്യക്തികൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അവ പൊരുത്തപ്പെട്ട് ഒന്നിച്ച് പ്രവർത്തിക്കുന്നതാണ് രാജ്യനന്മക്കുത്തമമെന്ന് ഉന്നത ശീർഷരായ ആ രണ്ടു പേരും കാട്ടിത്തന്നത് അവരുടെ പിൻഗാമികൾ പലപ്പോഴും ലംഘിച്ചിരുന്നു എന്നത് ദൗർഭാഗ്യകരമാണ്. നെഹ്രുവിന്റെ അനന്തരഗാമിയായി വന്ന അദ്ദേഹത്തിന്റെ പുത്രി ഇന്ദിരാ ഗാന്ധി തന്റെ മന്ത്രിസഭയിൽ ഡപ്യൂട്ടി പ്രധാന മന്ത്രിയായിരുന്ന മൊറാർജി ദേശായിയോട് ഈ മനോഭാവം പുലർത്താൻ തയ്യാറായില്ല. നയപരമായ വിയോജിപ്പിനെ തുടർന്ന് ഇന്ദിരാഗാന്ധി തന്റെ ഡപ്യൂട്ടി പ്രധാനമന്ത്രിയെ മന്ത്രിസഭയിൽ നിന്നും പുറത്താക്കി. ഇന്ദിരാ ഗാന്ധിയുടെ കാലശേഷം പ്രാധനമന്ത്രിയായി വന്ന രാജീവ് ഗാന്ധി തന്റെ മന്ത്രിസഭയിലെ രണ്ടാമനായിരുന്ന വി.പി. സിംഗിനെ നയപരമായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് മന്ത്രിസഭയിൽ നിന്നു മാത്രമല്ല പർട്ടിയിൽ നിന്നുപോലും പുറത്താക്കി. എന്നാൽ പുറത്താക്കപ്പെട്ട അവർ രണ്ടു പേരും പിന്നീട് ഇന്ത്യയുടെ പ്രധാനമന്ത്രിമാരായി തീർന്നു എന്നത് ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ അത്ഭുത പ്രതിഭാസമായി കാണപ്പെട്ടു.

📱 9447078215

# വയോധികർക്ക് സ്നേഹത്തോടെ



**ഡോ. റ്റി. ജോർജ് ബഹനാൻ**
കൗൺസലർ & തെറാപ്പിസ്റ്റ്

ഏതാനും ആഴ്ചകൾക്ക് മുമ്പ് ഹിന്ദു പത്രത്തിൽ ചിത്രത്തോടൊപ്പം വന്ന വാർത്ത ആരെയും ഞെട്ടിക്കും. സംഭവം നടക്കുന്നത് മധ്യപ്രദേശിലെ ഇൻഡോറിലാണ്. ഇൻഡോറിലെ മുൻസിപ്പൽ കോർപ്പേറേഷൻ അധികൃതർ അവരുടെ മാലിന്യം മാറ്റുന്ന വണ്ടിയിൽ ക്ഷീണിച്ച്, രോഗത്താൽ അവശരായ സ്ത്രീകളും പുരുഷന്മാരുമായ കുറെ വയോധികരെ റോഡ് സൈഡിൽ ഉപേക്ഷിക്കുന്ന വാർത്തയും ചിത്രവുമാണ്. ഇൻഡോർ സിറ്റിക്ക് പുറത്തുള്ള ഷിപ്രാ എന്ന ഗ്രാമത്തിലാണ് മുഷിഞ്ഞ് നാറിയ വസ്ത്രം ധരിച്ച ഇവരെ മാലിന്യം തള്ളുന്ന പോലെ തള്ളിയത്. പുറത്തെ കോച്ചുന്ന തണുപ്പ് – അതായത് 7.2 ഡിഗ്രി സെൽഷ്യസ്. ഈ തണുപ്പിൽ തണുപ്പ് അകറ്റാനുള്ള വസ്ത്രങ്ങളില്ലാതെ ഇവരെ എത്ര ക്രൂരമായാണ് റോഡ് സൈഡിൽ തള്ളിയത്. ഏതോ വീട്ടുകാർ ഉപേക്ഷിച്ച് കോർപ്പറേഷൻ ജോലിക്കാർക്ക് കൈമാറിയ ഇവരെ മാലിന്യം തള്ളുന്നതുപോലെ ഹൈവേയുടെ അരികിൽ തള്ളി. വിവരം അറിഞ്ഞ അധികൃതർ കോർപ്പറേഷൻ ജോലിക്കാരെ സസ്പെൻഡ് ചെയ്തു പ്രശ്നം അതുകൊണ്ട് തീരുമോ. ഓർക്കണം എത്ര പ്രായം ചെന്ന പശുക്കളെയും സംരക്ഷിക്കാൻ നിയമമുള്ള മധ്യപ്രദേശിലാണ് ഈ സംഭവം.

ഈ സംഭവം മധ്യപ്രദേശിൽ മാത്രമല്ല, ഏതാനും മാസങ്ങൾക്ക് മുമ്പ് തൃശൂരിൽ നിന്നും കായംകുളത്തേക്ക് പോകുന്ന ഒരു ലോറിയിൽ കട്ടിലോടെ സ്വന്തം മാതാപിതാ ക്കളെ കയറ്റി അയച്ച മക്കളെപ്പറ്റി കേട്ടിട്ടുണ്ട്. വിശ്വസിക്കാൻ വിഷമം അല്ലേ. കായംകുളത്ത് എത്തിയപ്പോൾ ലോറിക്കാർ വൃദ്ധരായ മാതാവിനെയും പിതാവിനെയും വഴിയരികിൽ സുരക്ഷിതമായി ഇറക്കാൻ മറന്നില്ല. റോഡ് സൈഡിൽ കട്ടിലിൽ തന്നെ കിടന്ന വൃദ്ധ മാതാപിതാക്കളെ നല്ലവരായ നാട്ടുകാർ പരിചരിച്ച് ഏതോ സുരക്ഷിത സ്ഥാനത്ത് എത്തിച്ചു.

മറ്റൊരു വാർത്ത: പെരുമ്പാവൂരിൽ 80 കഴിഞ്ഞ അച്ഛനമ്മമാരെ വീട്ടിൽ നിന്നും പുറത്താക്കി വീട് പൂട്ടി മക്കൾ സ്ഥലം വിട്ടു. മൂന്നു ദിവസം ഭക്ഷണവും, വെള്ളവുമില്ലാതെ വീട്ട് വരാന്തയിൽ കിടന്ന മാതാപിതാക്കൾ വിശപ്പ് സഹിക്കാനാവാതെ അടച്ചുപൂട്ടിയ ഗെയ്റ്റിനുള്ളിൽ നിന്ന് വഴിയാത്രക്കാരോട് ആഹാരം ചോദിച്ചു. അങ്ങനെയാണ് നാട്ടുകാർ സംഭവം അറിയുന്നത്. ഈ കാരണവർ ഏതാണ്ട് നാല്പത് വർഷത്തിന് മുമ്പ് തുണി കച്ചവടവുമായി പെരുമ്പാവൂരിലെത്തിയതാണ്. കച്ചവടം നടത്തി ടൗണിനടുത്ത് പത്ത് സെന്റ് സ്ഥലം വാങ്ങി വീട് വെച്ചു. ഒടുവിൽ മൂത്ത മകന് വീട് എഴുതി കൊടുത്തു. സർക്കാരുദ്യോഗസ്ഥനായ മകൻ പഴയ വീട് പൊളിച്ച് പുതിയ വീട് വെച്ചു. അപ്പോൾ വീട്ടിലെ ഉപയോഗശൂന്യമായ പഴയ സാധനങ്ങൾ എല്ലാം വിറ്റു. അപ്പനെയും അമ്മയെയും വാങ്ങിക്കാൻ ആളില്ലാത്തതുകൊണ്ട് അവരെ വീട്ടിൽ പൂട്ടിയിട്ടു താനെ ചാകാൻ! തങ്ങളെ കഷ്ടപ്പെട്ട് വളർത്തിയ അച്ഛനെയും അമ്മയെയും സംരക്ഷിക്കാനുള്ള മനുഷ്യത്വം നഷ്ടപ്പെട്ട മക്കൾ നാടിനും നാട്ടാർക്കും ശാപമാണ്.

ഒരു വീട്ടിൽ ചെന്നപ്പോൾ വളരെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്ത ഒരു കാഴ്ച കണ്ടു. വിശാലമായ അതി മനോഹരമായ സ്വീകരണ മുറിയിൽ ആ വീട്ടിലെ വളരെ പഴക്കം ചെന്ന ഒരു വലിയ ഓട്ടുരുളി തേച്ച് മിനുക്കി ഒരു സ്റ്റാൻഡിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ഒരു കാലത്ത് ഉരുളിയൊക്കെ ഉപയോഗം കഴിഞ്ഞ് കഴുകി തട്ടിൻപുറത്തോ നിലവറക്കകത്തോ ആണ് സൂക്ഷിക്കുന്നത്

വേറൊരു വീട്ടിൽ സ്വീകരണ മുറിയിൽ ചെമ്പ് കുട്ടകം – പണ്ട് നെല്ല് പുഴുങ്ങാൻ ഉപയോഗിച്ചിരുന്നത് തേച്ച് മിനുക്കി അത് കമഴ്ത്തി വെച്ച് അതിന്റെ മുകളിൽ പണ്ടത്തെ കിണ്ടിയും മൊന്തയുമൊക്കെ നിരത്തിവച്ചിരിക്കുന്നു. പണ്ടുള്ളവ സൂക്ഷിച്ചു വെക്കുന്ന് വളരെ നല്ലതാണ്. Old is gold എന്ന് നാം കേട്ടിട്ടുണ്ട്. പക്ഷെ ആ വീട്ടിലെ ഏറ്റവും പഴക്കമുള്ള ഉരുളിയും ചെമ്പും കിണ്ടിയും മൊന്തയും വാങ്ങി കൂട്ടിയ – മാതാപിതാക്കൾ ആ വീട്ടിലില്ല. ഒരു പക്ഷെ കുറച്ചകലെയുള്ള ഓൾഡ് ഏജ് ഹോമിലായിരിക്കാം. എത്ര വിചിത്രം, പരിതാപകരം.

ഇത്തരം അർത്ഥശൂന്യമായ പൊങ്ങച്ചങ്ങൾ കാണിച്ച് ആർക്കും നിലനിൽക്കാനാവില്ല. ഒരപ്പനും അമ്മയ്ക്കും പത്ത് മക്കളെ പോറ്റി വളർത്താം. പക്ഷെ പത്ത് മക്കൾക്ക് ഒരപ്പനെയും അമ്മയെയും സംരക്ഷിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ് എന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. സ്വന്തം മാതാപിതാക്കളെ സംരക്ഷിക്കുന്നതിനെക്കാൾ വലിയ മഹത്വം, വലിയ നന്മ വേറെയില്ല. അത് സംസ്കാരത്തിന്റെ ശരിയായ ആത്മീയതയുടെ ലക്ഷണമാണ്.

എട്ട് മക്കൾക്ക് ജന്മം നൽകിയ മാതാപിതാക്കളെ അവസാന നാളുകളിൽ സംരക്ഷിക്കാൻ ഒരു മകൻ മാത്രം. ബാബുരാജ് എന്ന ആ വ്യക്തിയെ ഞാൻ ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു. പണമില്ലെങ്കിലും പണ ചിലവ് നോക്കാതെ തന്റെ മാതാപിതാക്കളെ ഏറ്റവും നന്നായി ശുശ്രൂഷിച്ചു. അവസാനം ഏതാണ്ട് ഒരു ലക്ഷം രൂപ കടമായി. എന്നിട്ടും യാതൊരു വിഷമവുമില്ല, ചാരിതാർത്ഥ്യം മാത്രം. ഇതിന് സ്നേഹം വേണം, ആത്മീയത വേണം വിദ്യാഭ്യാസം വേണമെന്നില്ല! സ്വന്തം മാതാപിതാക്കളെ അവസാന കാലത്ത് ശുശ്രൂഷിക്കാൻ ഏതാണ്ട് നാല്പത് ലക്ഷം രൂപ ചിലവാക്കിയ മകനെ എനിക്കറിയാം. മനുഷ്യത്വം മരവിക്കാത്ത ഹൃദയങ്ങൾ നമുക്കുണ്ടാകണം. അതിന് നാം കുട്ടികളെ സ്നേഹത്തിലും ആത്മീയതയിലും വളർത്തണം. ദൈവോന്മുഖമായി, മനുഷ്യോന്മുഖമായി നാം കുട്ടികളെ വളർത്തിയാൽ അവർ ദൈവത്തെ ഭയപ്പെടുന്നവരും, മനുഷ്യരെ സ്നേഹിക്കുന്നവരുമായും തീരും. ഈ ആത്മീയ മനഃശാസ്ത്ര സത്യം മറക്കാതിരിക്കുക.

അനാഥരെയും, വയോധികരെയും ശുശ്രൂഷിക്കാനും, അവരെ പുനരധിവസിപ്പി ക്കാനുമുള്ള പദ്ധതി ഓരോ സഭയും ഏറ്റെടുക്കണം. നരയ്ക്കുവോളം നിങ്ങളെ താങ്ങുമെന്ന് പറഞ്ഞ ദൈവത്തിന്റെ വാഗ്ദത്തം ഏറ്റെടുത്ത് നടത്തേണ്ടത് സഭയാണ്. "Local church is the hope of the world".

മാതാപിതാക്കൾ പ്രായമാകുമ്പോൾ അവരെ സംരക്ഷിക്കാത്തവർ അവിശ്വാസി യേക്കാൾ ഹീനനാണെന്ന് തിമോഥിയോസിസ് എഴുതിയ ലേഖനത്തിൽ സെന്റ് പോൾ പറഞ്ഞുവെച്ചിട്ടുണ്ട്.

9895992129

ലാവണ്യദർശനം – 16

# സുഗന്ധത്തിന്റെ സൗന്ദര്യ വിവക്ഷകൾ



ഫാ. ഡോ. കെ. എം. ജോർജ്

(മുൻ ലക്കങ്ങളിൽ നമ്മുടെ ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവും അനുഭൂതിയും വഞ്ചന കലർന്നതാണ് എന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ ഈ വഞ്ചിക്കുന്ന വാതായനങ്ങളിലൂടെയാണ് സത്യവും സ്നേഹവും സൗന്ദര്യവും നാം തിരിച്ചറിയുന്നതും. അല്പംകൂടി വിശദമായി ആ വിഷയം പരിശോധിക്കാം.)

കഴിഞ്ഞ ദിവസം ഒരു സ്നേഹിതൻ അദ്ദേഹത്തിന്റെ വീട്ടിലുണ്ടാക്കിയ വിശിഷ്ടമായ ഒരു ഭക്ഷണസാധനത്തിന്റെ ചിത്രം വാട്ട്സാപ്പിൽ അയച്ചു. അതിന്റെ സുഗന്ധം കൂടി അയയ്ക്കാൻ കഴിയുന്നില്ലല്ലോ എന്ന് പരിതപിച്ച് ഒരു കുറിപ്പും ചേർത്തിരുന്നു. വിവിധ നിറങ്ങളും ടെക്സചറും വശ്യമായി സമ്മേളിച്ച ആ ഭക്ഷണം കണ്ടാൽതന്നെ നാവിൽ വെള്ളമൂറും. അപ്പോൾ അതിന്റെ ആസ്വാദ്യകരമായ പരിമളം കൂടി കിട്ടിയാൽ എന്തായിരിക്കും അവസ്ഥ. ഏതായാലും നമുക്ക് ഒന്ന് ആശ്വസിക്കാം. പൂക്കൾ, പലഹാരങ്ങൾ തുടങ്ങിയവയുടെ ചിത്രത്തോടൊപ്പം അവയുടെ സുഗന്ധം കൂടി കിട്ടാനുള്ള മൾട്ടിമീഡിയ, മൾട്ടിസെൻസറി സംവിധാനങ്ങൾ താമസിയാതെ ടെക്നോളജി കണ്ടെത്തും.

മനുഷ്യന്റെ ഏറ്റവും പുരാതനമായ ഇന്ദ്രിയങ്ങളിലൊന്നാണ് ഘ്രാണശേഷി. ജനിച്ചുവീഴുന്ന കുട്ടി കണ്ണു തുറക്കുന്നതിനു മുമ്പ് തിരിച്ചറിയുന്നത് അമ്മയുടെ ശരീരഗന്ധമാണ്. അവർ ഒരു ശരീരമായിരുന്നല്ലോ. ആ കുട്ടി വളർന്ന് മരിക്കുന്നതുവരെയും ആ ഗന്ധാനുഭൂതി അബോധമനസ്സിൽ സജീവമായിരിക്കും. കാഴ്ചയോ കേൾവിയോ ഇല്ലാതെ ജനിച്ച ഒരു വ്യക്തിക്ക് സംഗതികൾ "മണത്തറിയാൻ" സവിശേഷമായ കഴിവ് ലഭിച്ചെന്നിരിക്കും.

നാം രുചി എന്നു പറയുന്ന അനുഭവം വാസ്തവത്തിൽ മൂന്ന് ഇന്ദ്രിയങ്ങളുടെ സമ്മേളനമാണ്; നാസാരന്ധ്രം, നാവിലെ രസമുകുളങ്ങൾ, വായുടെ സ്പർശനശേഷി. ഗന്ധമില്ലെങ്കിൽ രുചി നഷ്ടപ്പെടാം. കോവിഡ്–19 ബാധിക്കുന്ന ചിലർക്ക് ഗന്ധവും അതോടൊപ്പം രുചിയും നഷ്ടപ്പെടുന്നത് രോഗലക്ഷണമാണ്. കലാനിരൂപകർ കാഴ്ചയ്ക്കും കേൾവിക്കും കൊടുക്കുന്ന പ്രാധാന്യം മറ്റ് മൂന്നിനും കൊടുക്കുന്നില്ല. അതിന് കാരണമായി അവർ പറയുന്നത് ഒരു ചിത്രമോ ശില്പമോ നമുക്ക് വീണ്ടും വീണ്ടും കണ്ട് ആസ്വദിക്കാം. ഒരു സംഗീത ശകലം വീണ്ടും വീണ്ടും കേട്ട് ആസ്വദിക്കാം. അത് മൂർത്ത ഭാവത്തിലുള്ള ഒരു രചന കൂടിയാണ്. ഇവയ്ക്കെല്ലാം വസ്തുനിഷ്ഠത (objectivity) ഉണ്ട്. ഏത് കാലത്തും ഏത് സ്ഥലത്തും അവയെ അനുഭവിക്കുവാൻ വ്യത്യസ്തരായ മനുഷ്യർക്ക് കഴിയും. എന്നാൽ ഒരു പൂവിന്റെയോ പഴത്തിന്റെയോ സുഗന്ധം വളരെ ആത്മനിഷ്ഠമാണ് (subjective). അത് ഓരോ വ്യക്തിയെയും സംബന്ധിച്ച് വ്യത്യസ്തമായിരിക്കാം. ഗന്ധത്തിന്റെ വർണ്ണനയ്ക്ക് ഒരു ഭാഷയിലും ആവശ്യത്തിന് വാക്കുകളില്ല. തെക്കുകിഴക്കൻ ഏഷ്യയിൽ ഡുറിയാൻ എന്നൊരു പഴമുണ്ട്. മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലൊക്കെ ആളുകൾ അതീവ സ്വാദോടെ അത് മണക്കുകയും കഴിക്കുകയും ചെയ്യുന്നു. എന്നാൽ ഒരു ഇന്ത്യാക്കാരന് ആദ്യമായി ആ പഴത്തിന്റെ മണമടിച്ചാൽ അയാൾ മൂക്കുപൊത്തി ഓടും. ഇന്ത്യാക്കാരുടെ ആസ്വാദന മാനദണ്ഡമനുസരിച്ച് അത് കടുത്ത ദുർഗന്ധമാണ്. എന്നാൽ അത് തിന്നു പരിചയിച്ചാൽ അതീവ സ്വാദിഷ്ടവുമാണ്. ആ പഴത്തെക്കുറിച്ച് അത് കഴിച്ച മലയാളിയായ ഒരു സഭാദ്ധ്യക്ഷൻ വിശേഷിപ്പിച്ചത് 'നരകത്തിന്റെ ദുർഗന്ധം സ്വർഗത്തിന്റെ സ്വാദ്' എന്നാണ്.

എല്ലാ ഇന്ദ്രിയ അനുഭൂതികൾക്കും ആപേക്ഷികമായ ഒരു മാനമുണ്ടെങ്കിലും ഗന്ധം വളരെ ആപേക്ഷികവും അമൂർത്തവുമാണെന്ന് പരമ്പരാഗത കലാചിന്തകന്മാർ പറയുന്നു. അതുകൊണ്ട് തങ്ങളുടെ ലാവണ്യവിചാരത്തിൽ അവർ അത് ഉൾപ്പെടുത്തുന്നില്ല. എന്നാൽ 20–ാം നൂറ്റാണ്ടിൽ ഇതിനെതിരായ നീക്കങ്ങളും ഉണ്ടായിട്ടുണ്ട്. കലാരൂപങ്ങളിൽ ഗന്ധം സന്നിവേശിപ്പിക്കാനാവുമോ എന്ന അന്വേഷണം ഇപ്പോഴുമുണ്ട്. 1970-കളിൽ അമേരിക്കയിൽ ചില കലാപ്രദർശന വേദികളിൽ, ചില പ്രതിഷേധങ്ങളുടെ ഭാഗമായി വിന്നാഗിരി, ചീമുട്ട, മൂത്രം, മീനെണ്ണ തുടങ്ങിയവയിൽ മുക്കിയ വസ്ത്രങ്ങളും കലാസൃഷ്ടികളും പ്രദർശിപ്പിച്ചിട്ടുണ്ട്.

എത്രതരം ഗന്ധങ്ങൾ ലോകത്തിൽ ഉണ്ട് എന്ന് നമുക്ക് കൃത്യമായ കണക്കില്ല. കേരളത്തിലെ ട്രോപ്പിക്കൽ കാലാവസ്ഥയിൽ നമുക്ക് ചുറ്റും നിത്യം വളരുന്ന നിരവധി പൂക്കളും പഴങ്ങളും മണപ്പിച്ചുനോക്കിയാൽ അദ്ഭുതകരമായ വൈവിധ്യമാണ്. വിലയേറിയ പെർഫ്യൂം ഉണ്ടാക്കുന്ന കമ്പനികൾ അതിനുവേണ്ടി നിയമിക്കുന്ന ആളുകൾക്ക് തുടക്കത്തിൽതന്നെ 150–ലേറെ ഗന്ധങ്ങൾ തിരിച്ചറിയാനുള്ള പരിശീലനം കൊടുക്കുന്നു. വാസ്തവത്തിൽ നമ്മുടെ ലോകത്തെ നാം ഇപ്പോൾ അറിയുന്നതുപോലെ സൃഷ്ടിക്കുന്നത് ഗന്ധങ്ങളാണ്. ഓരോ ഇലയ്ക്കും ഓരോ മൺതരിക്കും അതിന്റേതായ ഗന്ധമുണ്ട്. ചിലത് നമുക്ക് തിരിച്ചറിയാം. നമുക്ക് അറിയാൻപാടില്ലാത്ത പലതും നായ്ക്കൾക്കും ആനകൾക്കും നാനാതരം പ്രാണികൾക്കും തിരിച്ചറിയാം. പഞ്ചസാരതരിക്ക് മനുഷ്യർ നോക്കിയാൽ ഒരു മണവുമില്ല. പക്ഷേ ഒരു ചെറിയ തരി നിങ്ങളുടെ വൃത്തിയുള്ള തറയിൽ ഇട്ടുനോക്കണം. നിമിഷങ്ങൾക്കുള്ളിൽ ഉറുമ്പുകൾ എത്തും. അപ്പോൾ സമഗ്രമായ ഒരു ലാവണ്യദർശനത്തിൽ നമ്മുടെ ഘ്രാണശേഷിയും അതിനു വിഷയമാകുന്ന നൂറുകണക്കിന് ഗന്ധങ്ങളും പ്രധാന പങ്ക് വഹിക്കുന്നു. നിരന്തരം നാം അടുക്കളയിൽ നടത്തുന്ന പാചകം ഒരു കലയായി ചിലർ പറയാറുണ്ടെങ്കിലും വളരെ ക്ലേശം സഹിച്ച് ഹൃദ്യമായ പാചകം നടത്തുന്ന അമ്മമാരെയോ സഹോദരിമാരെയോ ജീവിതപങ്കാളികളെയോ സാധാരണഗതിയിൽ



ആരും കലാകാരരായി തിരിച്ചറിയുകയോ ആദരിക്കുകയോ ചെയ്യുന്നില്ല. അതിവിശിഷ്ടമായ സുഗന്ധദ്രവ്യങ്ങൾ വൻ വിലയ്ക്ക് കമ്പോളത്തിൽ വിൽക്കുന്നുണ്ടെങ്കിലും അവയെ സൃഷ്ടിക്കുന്ന ആളുകൾ പലപ്പോഴും കലയുടെ വൃത്തത്തിനുള്ളിൽ സ്വീകരിക്കപ്പെടുന്നില്ല. എന്നാലിപ്പോൾ ഘ്രാണകല (Olfactory art) എന്ന വകുപ്പിൽ പുതിയ കലാസിദ്ധാന്തങ്ങൾ വരുന്നതുകൊണ്ട് പാചകവും പെർഫ്യൂമും പരിഗണിക്കപ്പെടാൻ ഇടയുണ്ട്.

ക്രിസ്തീയ ലാവണ്യ വിചാരത്തിൽ സുഗന്ധത്തിന് വലിയ സ്ഥാനം നൽകാവുന്നതാണ്. ബൈബിളിലെ പഴയനിയമത്തിൽ ദഹനബലി സൗരഭ്യയാഗമാണ്. മനുഷ്യരുടെ സുഗന്ധബലിയിൽ ദൈവം പ്രീതിപ്പെടുന്നു എന്ന ആശയവും യഹൂദന്മാരുടെ ബലി സങ്കല്പത്തിലുണ്ട് (ലേവ്യ 1:7–9, 2:9). ഇത് വാസ്തവത്തിൽ ഇന്ത്യാ, ഈജിപ്റ്റ്, ബാബിലോൺ, ഗ്രീസ് തുടങ്ങിയ എല്ലാ പുരാതന സംസ്കാരങ്ങളിലും നിലനിന്നിരുന്ന ഒരു ആശയമാണ്. ഇന്ത്യയിലെ ക്ഷേത്രങ്ങളിൽ കർപ്പൂരവും നെയ്യും മറ്റ് സുഗന്ധവസ്തുക്കളും ഉപയോഗിച്ചാണല്ലോ മുഖ്യ പൂജ നടത്തുന്നത്. ക്രിസ്തീയ പാരമ്പര്യത്തിൽ ഈ സുഗന്ധബലിയുടെ പ്രതിരൂപകാത്മകമായ അർത്ഥമാണ് എടുക്കുന്നത്. ക്രിസ്തുവിന്റെ കുരിശിലെ ബലി ദൈവത്തിന് സൗരഭ്യവാസനയാണ് (എഫേ. 5:2). സ്നേഹത്തോടെ മറ്റുള്ളവർക്ക് നൽകുന്ന സമ്മാനം ദൈവത്തിനു പ്രസാദകരമായ സുഗന്ധമാണ് (ഫിലി. 4:18). ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം സുഗന്ധവാസനയാണ് (2 കൊരി. 2:14). പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ അറുപതിലേറെ സുഗന്ധവസ്തുക്കൾ ചേർത്ത് 40 ദിവസങ്ങൾ പ്രാർത്ഥനയും ഉപവാസവും നടത്തി തയ്യാറാക്കുന്ന വിശുദ്ധ മൂറോൻ എന്ന സുഗന്ധതൈലം സ്നാനമേൽക്കുന്ന ആളിന്റെ ശരീരത്തിൽ ലേപനം ചെയ്യുമ്പോൾ "പരിശുദ്ധാത്മാവിന്റെ ഫലങ്ങളാകുന്ന സകലവിധ സൗരഭ്യങ്ങളാലും നിറയട്ടെ" എന്നാണ് പ്രാർത്ഥിക്കുന്നത്. ആത്മീയ സൗന്ദര്യത്തിന്റെ പ്രതീകമാണ് സുഗന്ധം.

പൗരസ്ത്യ ക്രിസ്തീയ സഭയിൽ കുന്തിരിക്കത്തിന്റെ ധൂപം ഇല്ലാതെ പരസ്യാരാധന ഇല്ല. വായുവിൽ മുകളിലേക്ക് ഉയരുന്ന ഈ പരിമളധൂപം മനുഷ്യരായ നമ്മുടെ പ്രാർത്ഥനയുടെയും സൽഭാവനയുടെയും നല്ല ആഗ്രഹങ്ങളുടെയും അടയാളമാണ്. വിശുദ്ധന്മാരുടെ പ്രാർത്ഥനയായി ഈ സുഗന്ധധൂപം മുകളിലേക്ക് ഉയരുന്നു എന്ന് വെളിപാട് പുസ്തകത്തിൽ പറയുന്നത് ശ്രദ്ധേയമാണ് (5:8). പാശ്ചാത്യസഭയിലും ഇത് ഉണ്ടായിരുന്നു എങ്കിലും റോമൻ കത്തോലിക്കാ സഭയിൽ ധൂപാർപ്പണം നാമമാത്രമായി കഴിഞ്ഞു. ഒരുപക്ഷേ 16–ാം നൂറ്റാണ്ടിലെ നവീകരണ പ്രസ്ഥാനത്തിന്റെ ഫലമായിട്ടാവാം അത് ശോഷിച്ചുപോയത്. ജർമ്മനിയിലും സ്വിറ്റ്സർലണ്ടിലുമൊക്കെ ലൂതറൻ, കാൽവിനിസ്റ്റ് തുടങ്ങിയ നവീകരണസഭകളിൽ നാം ആരാധനയിൽ ഉപയോഗിക്കുന്ന സുഗന്ധപുക, കൈമണി എന്നിവയൊക്കെ മന്ത്രവാദത്തിന്റെ വകുപ്പിൽപെടുത്തുന്ന ആളുകളെ നേരിട്ടറിയാം. പാശ്ചാത്യരുടെ യുക്തിമാത്ര ചിന്തയും അനുഷ്ഠാന വിരോധവും ആരാധനയിൽനിന്ന് പരിമളവാസനയെ ബഹിഷ്ക്കരിച്ചു. കോവിഡ് തുടങ്ങിയപ്പോൾ പള്ളിയിൽ ആരാധനയ്ക്കു വരുന്ന ആളുകൾ തമ്മിലും സാമൂഹിക അകലം പാലിക്കണമെന്നും പരസ്പരം കൈകൾ കൂട്ടിപ്പിടിച്ച് സമാധാനം ആശംസിക്കരുതെന്നും നിഷ്കർഷ ഉണ്ടായല്ലോ. എന്നാൽ നല്ല കുന്തിരിക്കം സമൃദ്ധിയായി ധൂപാർപ്പണത്തിന് ഉപയോഗിക്കുന്ന പള്ളികളിൽ ജനങ്ങളെ തമ്മിൽ ആത്മീയമായി ചേർത്തുനിർത്തുന്ന അദൃശ്യമായ സാന്നിധ്യമായി സുഗന്ധധൂപത്തെ തിരിച്ചറിയുന്നവർ ഉണ്ട്. ഇത് പുരാതനകാലം മുതൽക്ക് ആളുകൾ ഒരുമിച്ചു കൂടുന്ന സ്ഥലങ്ങളിൽ ഒരു അണുനാശിനിപോലെ പ്രവർത്തിച്ചിരുന്നു എന്നു നമുക്കറിയാം. നമ്മൾ ചലിക്കുമ്പോൾ ശരീരത്തിൽനിന്നും സംസാരിക്കുമ്പോൾ വായിൽനിന്നും വരുന്ന സൂക്ഷ്മ കണികകളെ വലിച്ചെടുക്കാനും നിർവീര്യമാക്കുവാനും നല്ല സുഗന്ധധൂപത്തിന് കഴിയുമെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം പള്ളികളിൽ പരസ്യാരാധനയ്ക്ക് ഇത് ഉപയോഗിക്കണമെന്ന പാരമ്പര്യം പുരാതനസഭകളിൽ ഉരുത്തിരിഞ്ഞത്. വാസ്തവത്തിൽ സാമൂഹിക അകലം എന്നത് 'ഏകശരീരമായ സഭ' എന്ന ആശയത്തോട് യോജിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ ആരാധനയിൽ ഒരുമിച്ചുള്ള പ്രാർത്ഥനയുടെ സ്വരങ്ങളും നമ്മുടെ സ്തോത്ര കീർത്തനങ്ങളുടെ തരംഗങ്ങളും പരിമളധൂപത്തിന്റെ സുഗന്ധരേണുക്കളും അദൃശ്യമായ ഇഴകളായി നമ്മെ ഒരുമിച്ചു ചേർത്തു നിർത്തുന്നു എന്നും സങ്കല്പിക്കാം.

ക്രിസ്തീയ ആധ്യാത്മികതയിലും അടിസ്ഥാനത്തിലും പരിമളത്തിന്റെ പ്രാധാന്യം ജീവനുമായി ബന്ധിപ്പിക്കുന്നു. നല്ല മണം ജീവചൈതന്യത്തിന്റെ അടയാളമാണ്. ദുർഗന്ധം മരണത്തിന്റേതും. ഇത് നമ്മുടെ നിത്യ അനുഭവത്തിൽ നിന്ന് ഉരുത്തിരിയുന്ന ആശയമാണ്. നല്ല ആരോഗ്യമുള്ള ശരീരത്തിന് ദുർഗന്ധമില്ല. എന്നാൽ ആ ശരീരം തന്നെ മരിച്ച് ചേതനയറ്റാൽ അത് ചീഞ്ഞു തുടങ്ങുന്നു. ക്രമേണ ദുർഗന്ധം വമിക്കുന്നു. വെറുതെ പുറത്തു വച്ചിരുന്നാൽ നമ്മുടെ കാലാവസ്ഥയിൽ 24 മണിക്കൂറിനകം അസഹ്യമായ ദുർഗന്ധമുണ്ടാകും. യഹൂദന്മാരുടെ പാരമ്പര്യമനുസരിച്ച് മരിച്ചവരെ സംസ്ക്കരിക്കുന്നത് സുഗന്ധവർഗ്ഗങ്ങൾ ലേപനം ചെയ്താണ്. നിക്കോദിമോസും അരിമത്യാക്കാരനായ യൗസേഫും ചേർന്ന് യേശുവിന്റെ ശരീരം സംസ്കരിച്ചത് ആ ആചാരപ്രകാരമാണ്. ഞായറാഴ്ച രാവിലെ ശിഷ്യ സ്ത്രീകൾ യേശുവിന്റെ കല്ലറയ്ക്കൽ പോയതും കൂടുതൽ സുഗന്ധവർഗ്ഗങ്ങളുമായിട്ടാണ്. ഇവിടെ സുഗന്ധം ജീവന്റെയും ഉയിർപ്പിന്റെയും അടയാളമാണ്. ഈ സുഗന്ധം അനുഭവിക്കുന്നവരിൽ അത് ഭാവിയെക്കുറിച്ചുള്ള പ്രത്യാശ നിറയ്ക്കുന്നു. മരണത്തിന്റെയും ദ്രവത്വത്തിന്റെയും ദുർഗന്ധത്തെ മായിച്ചുകളഞ്ഞ് ജീവന്റെ ചൈതന്യവും ആരോഗ്യവും സകല സൃഷ്ടിക്കും ഉയിർത്തെഴുന്നേറ്റവനായ



8830021654

Statement about ownership and other particulars about

**NEW VISION FOR A CHANGING WORLD**

| | | |
|---|---|---|
| Place of Publication | : | Punnakkadu |
| Periodicity of the Publication | : | Monthly |
| Printers Name | : | Dr.Mathew Koshy Punnackadu |
| Whether a citizen of India | | Yes |
| Address | : | Malayil Punnureth,<br>Punnakkadu, Kozhencherry 689652 |
| Publishers Name | : | Dr.Mathew Koshy Punnackadu |
| Whether a citizen of India | | Yes |
| Address | : | Malayil Punnurethu,<br>Punnackadu, Kozhencherry 6896526. |
| Editor's Name | : | Dr.Mathew Koshy Punnackadu |
| Whether a citizen of India | | Yes |
| Address | : | Malayil Punnurethu,<br>Punnackadu, Kozhencherry 689652 |
| Name and address of individuals<br>And partners of share holders<br>Holding more than one percent of the total Capital | : | Rev.Prof.K.C.Mathew<br>Chairperson, Nava Darshan Trust |

I, Dr.Mathew Koshy Punnackadu, hereby declare that the particulars given above are true to the best of my knowledge and belief.

Sd/

Dated 1-3-2021 Signature of Publisher

ക്രിസ്തുവിലൂടെ ലഭിക്കുന്നതിന്റെ പ്രതീകമാണ് സുഗന്ധം. ജീവൻ സൗന്ദര്യമാണല്ലോ.

ഈ മാതൃക വച്ചുകൊണ്ടാണ് പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ മൃതശരീരം സംസ്കരിക്കുന്നതിനു മുമ്പായി അതിന്മേൽ മണ്ണും കുന്തിരിക്കവും കലർത്തി ത്രിത്വനാമത്തിൽ കുരിശടയാളമായി വീഴ്ത്തുന്നത്. മണ്ണ് മൺമയമായ നമ്മുടെ മർതൃശരീരത്തിന്റെയും, കുന്തിരിക്കം നമുക്ക് ലഭിക്കാനിരിക്കുന്ന പുതിയ ജീവന്റെയും പ്രതീകമാണ്. "നീ മണ്ണാകുന്നു. മണ്ണിലേക്കു തന്നെ തിരികെ ചേരും" എന്ന തിരുവചനവും "എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കുകയില്ല. അവർ നിത്യജീവനിലേക്ക് കടക്കും" എന്ന ക്രിസ്തുവചനവും ചേർത്താണ് അവിടെ പ്രാർത്ഥിക്കുന്നത്. മണ്ണിലെ പൊടിയായി തീർന്നാലും വീണ്ടും ക്രിസ്തുവിൽ പുനരുദ്ധരിക്കപ്പെടും എന്ന പ്രത്യാശയുടെ പ്രഖ്യാപനവും അവിടെ നടക്കുന്നു.

സമഗ്രമായ ഒരു ക്രിസ്തീയ ലാവണ്യബോധത്തിന്റെ പ്രതീകമായിട്ടാണ് ഇവിടെ നാം സുഗന്ധത്തെ വ്യാഖ്യാനിച്ചത്. മനുഷ്യനും മനുഷ്യേതരമായ സകല ജീവികളും നമ്മുടെ ചുറ്റുമുള്ള പ്രകൃതിയും ലോകവും ജീവദായകമായ ഒരു പുതിയ പരിമളത്തിന്റെ പങ്കാളികളായി തീരണം. വാസ്തവത്തിൽ ഈ പരിമളവാസന ദൈവത്തിന്റെ സൃഷ്ടിയിൽ സഹജമായി തന്നെ ഉണ്ട്. പ്രപഞ്ചത്തിൽ നിറഞ്ഞിരിക്കുന്ന ഒരു സൗരഭ്യമുണ്ട്. അതിൽ ദുർഗന്ധം കലർത്തിയ ഏക ജീവി മനുഷ്യനാണ്. അതുകൊണ്ട് മനുഷ്യന്റെ ശരീരഗന്ധത്തെ മറ്റെല്ലാ ജീവികളും ഭയപ്പെടുകയും അവരുടെ കൂട്ടായ്മയിൽനിന്ന് മനുഷ്യരെ പുറത്താക്കുകയും ചെയ്യുന്നു. ഈ ആദിസുഗന്ധം അനുഭവിക്കാനും സഹജീവികളോടുള്ള സൗഹൃദത്തിൽ അതിന്റെ സൗരഭ്യം തിരിച്ചറിയാനും കഴിഞ്ഞാൽ, ഒരു ജീവിക്കും നമ്മോട് ഭയവും ശത്രുതയും ഉണ്ടാകില്ല. പഴയ കൂട്ടായ്മ വീണ്ടെടുക്കാൻ മനുഷ്യൻ പുതിയൊരു സുഗന്ധം അവന്റെ ശരീരത്തിൽനിന്നു പ്രസരിപ്പിക്കണം. അപ്പോൾ ഒരു തരത്തിലുള്ള പെർഫ്യൂമും നമുക്ക് ആവശ്യമായി വരികയില്ല. അക്രമരഹിതവും പരോന്മുഖവുമായ സൗമ്യസാന്നിധ്യമായി നമ്മിൽനിന്ന് പരിമളവാസന പരക്കുമ്പോൾ, നിനവേയിലെ വിശുദ്ധ ഇസഹാക്ക് (ഏഴാം നൂറ്റാണ്ട്) പറയുന്നതുപോലെ, പറുദീസയിൽ ആദമിന്റെ അടുത്തെന്നവണ്ണം സകല മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും മത്സ്യങ്ങളും നമ്മെ സ്നേഹപൂർവ്വം തൊട്ടുരുമ്മാൻ വരും. ഒരു വൈറസും ബാക്ടീരിയയും സർപ്പവും തേളും നമ്മെ ഉപദ്രവിക്കുകയില്ല. കാരണം അവരും നമ്മളും ഒരേ ശ്വാസത്തിലും ഒരേ സുഗന്ധത്തിലും പങ്കാളികളാണ്. ഇങ്ങനെയൊരു ലോകം സാധ്യമാക്കാൻ മനുഷ്യന് കഴിയുമെന്നാണ് യേശു പഠിപ്പിച്ചത്. പക്ഷേ നമുക്ക് അതിന് വിശ്വാസത്തിന്റെ സമഗ്ര സൗന്ദര്യബോധം ഉണ്ടാകണമെന്നു മാത്രം.

# Resurrection and the After Life: A Scientific and Theological Perspective

Rev. Dr. James N. Jacob



*"A man should look for what is, and not what he thinks should be." -Albert Einstein*

My eldest sister used to ask me a question, *"Mone' (my pet name) can we see those who have gone before us, like Ichachai and Ammachy (our father and mother), when we die?"* I would assure her that we will. But how do I give that assurance to someone who is much older than me and has seen many deaths? She is now with them in their presence. In every Christian funeral or memorial service, we hear the comforting and assuring words that death is not an end, and the hope that those who have gone are with Jesus and enjoying the company of their loved ones. Is that just wishful thinking or a reality? What does the Bible say about the life after? Does science have any answer? Let us examine our understanding about death and after-life.

Lenten season is a time of reflection and renewal which culminates in the Passion Week. We celebrate the resurrection after we observe Good Friday. The great difference between all the religions and Christianity is that Jesus still lives. Jesus died in midlife with a shameful and cruel death on the cross while the other religious leaders lived a good old life and died, and that was the end of them. Jesus' followers ran away except a few women who followed him up to the foot of the cross. Among the close disciples who were with him, Peter denied him and Judas betrayed him. It seemed like a story of total failure, a good man failed by the system who would disappear from historic records as many others did[1,2]. The figure who was a total failure became the most influential figure in the world. Within a few weeks of his shameful death on the cross, his frightened followers became bold and powerful to stand up to the authorities to declare that Jesus has been made by God 'both Lord and Messiah' (Acts 2;36). God's salvation of his creation has been fulfilled through him. How did this remarkable transformation take place? The women who followed him went to the tomb and found him alive. The first disciples claimed that it was because 'God raised him up, having freed him from death, because it was impossible for him to be held by its power' (Acts 2:24). The resurrection is pivotal for Christian belief[2].

Mark's gospel concludes in the original manuscript at Mark 16:8; (the verses that follow are later additions) on a note of silent fear, "And they said nothing to anyone, for they were afraid" after what they heard, "He is risen! He is not here" (Mark 16:6). The other gospels present a clearer picture. Mathew's main resurrection appearance story is in Galilee, with an appearance in Jerusalem. Luke has the appearance in Jerusalem including the appearance to the two on the road to Emmaus. John gives appearance both in Jerusalem and on the shore of the Sea of Galilee. The common thread is that it was difficult to recognize the risen Christ. Mary Magdalene initially mistakes Jesus for the gardener (John 20: 14,16), the disciples on the road to Emmaus recognize Him only at the breaking of the bread (Luke 24: 30,31) and some doubted (Mathew 28: 17). The Jewish faith did not expect a resurrection but only at the last day (John 11:24). All the four gospel accounts talk about the empty tomb. According to John Polkinghorne[1], the story of the empty tomb was to be taken with greatest significance, with its implication that the glorified body of the risen Christ is the transmuted form of his dead body. In 1 Corinthians 15 Paul gives the earliest account of resurrection testimonies.

**Nature of the resurrected body:**

1. *Transformed Body:* The risen Christ is transformed; his physical body has changed. Jesus could step in to the other side of the veil and come back. He could appear and disappear at will and he could pass through closed doors. There is a substantial change or a change in the material substance of the body. Yet he possessed the wounds of the crucifixion. When Jesus stood in the midst of them, they were terrified and frightened, and supposed they had seen a spirit. 'And he said to them, "Why are you troubled? And why do doubts arise in your hearts? Behold my hands and my feet, that it is Myself, handle me and see, for a spirit does not have flesh and bones as you see I have" (Luke 24: 38,39)'. 'Then he said to Thomas, "Reach your finger here, and look at my hands, and reach your hand here and put it into my side. Do not be unbelieving, but believe" (John 20:27)'.

2. *Functional Body:* The risen Jesus could handle material things. "Then as soon as they had come to land, they saw a fire of coals there, and fish laid on it, and bread". "Jesus said, come and eat breakfast". "Jesus then came and took the bread and gave it to them, and likewise the fish" (John 2: 9,12, 13). The risen Jesus could eat the earthly food with his disciples, 'But while they still did not believe for joy, and marveled, he said to them, "Have you any food here?" so they gave him a piece of a broiled fish and some honey comb. And he took it and ate in their presence (Luke 24:40-43)'.

3. *Incorruptible Body:* "For You will not leave my soul in Sheol, nor will You allow Your Holy One to see corruption." Psalm 16: 10.

In Acts 13: 33-35 it says, 'God has fulfilled this for us their children, in that He has raised up Jesus. As it is also written in the second Psalm: 'You are My Son,

Today I have begotten You.' And that He raised Him from the dead, no more to return to corruption, He has spoken thus: 'I will give you the sure mercies of David.' Therefore, He also says in another Psalm: 'You will not allow Your Holy One to see corruption.'

**Nature of the life after death:**

Paul says "If Christ has not been raised, then our proclamation has been in vain and your faith has been in vain" (1 Cor. 15:14). He talks about the resurrected life, "How are the dead raised? In what body do they come? (1 Cor. 15: 35). He uses the analogy of the seed that dies in the ground before it can grow in to something different in the form of a plant that sprouts from it. The true eschatological hope lies in a radical transformation brought about by God's act of resurrection. "The body is sown in corruption, it is raised in incorruption" (1Cor. 15: 42). Paul is certain that 'flesh and blood cannot inherit the kingdom of God, nor does the perishable inherit the imperishable.' (1 Cor. 15: 42-44).

There is a natural body (*Soma psychikon*) and a spiritual body (*Soma pneumatikon*) (Greek terms), one is made of earth having earthly body and the second one is heavenly body which is not destroyed[2]. "The first man was from the earth, made of dust; the second Man is the Lord from heaven" (1 Cor. 15: 47). We can study and treat only the earthly body through medical sciences since it is made of earthly matter. The Holy Eucharist (Communion) is a living expression of the sacramental reality of the living Christ in the spiritual body present in the physical substance of bread and wine which may be termed 'accidents' in transubstantiation theology. Sadducees did not believe in resurrection, that there is any human destiny beyond death. They were religiously conservative and they believed only in the first five books of the Bible (books of Moses), the Torah. They tried to trap Jesus with the example of a woman married in succession to seven brothers and asked him whose wife she would be after resurrection. Jesus took them back to Exodus, one of the books they acknowledge.

"But concerning the dead, that they rise, have you not read in the book of Moses, in the burning bush passage, how God spoke to him, saying, 'I *am* the God of Abraham, the God of Isaac, and the God of Jacob'? He is not the God of the dead, but the God of the living. You are therefore greatly mistaken" (Mark 12: 26,27). Eschatology is rooted in the faithfulness of God and his steadfast love. "Therefore, we were buried with Him through baptism into death, that just as Christ was raised from the dead by the glory of the Father, even so we also should walk in newness of life. For if we have been united together in the likeness of His death, certainly we also shall be in the likeness of his resurrection" (Romans 6:4,5).

**A New Outlook on Life**

What is death and how much do we know and experience this mystery? Death occurs when the heart stops beating. We call this death by cardiopulmonary criteria and it is how death is defined for more than 95 percent of people. A person stops breathing and their brain shuts down, causing all life processes to cease. More recently with the start of modern intensive care medicine and the ability to artificially keep people's hearts beating, doctors keep a patient's heart beating longer. Where people may have suffered irreversible brain damage and brain death, this leads to a situation where the brain has died, but the person's heart is still beating. So legally, they are declared dead based upon irreversible brain death, or death by brain death criteria. This happens in a small fraction of the cases where people are declared dead. The current concept of death is different from what the medical field thought about death a few years ago. Now the new research finds brain cells and all cellular functions continue for hours and even days after heart stops functioning. During the last decade, we've realized it's only after a person has died that the cells inside the body, including the brain, begin their own death process. We used to think that you had five or 10 minutes before brain cells died from a lack of oxygen, but we now know that's wrong. You have hours, if not days, before the brain and other organs in the body are irreversibly damaged after death.[3] Death is a process not a point in time according to current thinking by many doctors.

The closest we could approach to the life after death is from the many detailed stories of people with near death experiences (NDE). The out of body experience has taken these people from their bodies and they could see what was going on around them including what was being done to their bodies on the operating tables or in places of accident. The doctors had declared them as clinically dead with flat Electrocardiogram (EEG). They were separated from their bodies for a time and they see their bodies and people around them. This has been reported from various places irrespective of the country or culture.

Sam Parnia[4] and Pim van Lommel[5], both physicians, describe studies published in peer-reviewed journals that attempt to pin down what happens during these death experiences under controlled experimental conditions. Parnia and his colleagues published results from the latest such study, involving more than 2,000 cardiac-arrest patients. Eben Alexander is a neurosurgeon who taught and practiced at several prestigious hospitals and medical schools, including Brigham and Women's and Harvard. Dr. Alexander studied his own medical charts and came to the conclusion that he was in such a deep coma during his NDE, and his brain was so completely shut down, that the only way to explain what he felt and saw was that his soul had indeed detached from his body and gone on a trip to another world. According to him angels, God, and the after-life are all as real as can be. Dr. Parnia calls it an "experience of death" because according to him that's what it is[6]. People report a unique cognitive experience in relation to death. They may have a perception of seeing their body and the doctors and

nurses trying to revive them, yet feel very peaceful while observing. Some report a realization that they may have actually died. Later they develop a perception or a sensation of being pulled towards a type of destination and the presence of a nonjudgmental force. During the experience, they review their life from birth, until death, and interestingly this review is based upon their humanity[3]. While no two NDEs are the same, there are some common aspects that are reported by many people during this experience[7]. These characteristics include:

1. Many people go through a tunnel and or see a bright light. Even though the earthly body is left behind, the senses are highly enhanced and active. They experience life in fulness and step into a new Universe which is vast and beautiful.

2. Perception of seeing and hearing apart from the physical body, encountering a mystical light, meeting deceased loved ones, and a choice to return to their earthly life.[3]

3. They report intense and generally positive emotions and peace that they cannot describe. They do not like to go back to their bodies if they have a choice. A total love surrounds them, they could feel the love that is beyond words and could communicate without words. Thoughts are perceived and communicated.

4. They have enhanced vision and hearing and could see bright colors even if they are physically blind or even if their five senses are not functional.

5. A review of part or all of their prior life experiences take place. They see a total review of their life from birth, showing both the good and the bad. These are focused on relationships not achievements or material collections. They re-live these moments and the most fascinating thing is that they see it from a third person's perspective. They re-live the experience of pain they inflicted on others as if they are the ones experiencing it this time.

6. They have lucid well-structured thought processes and can read the thoughts of others; this is even when the brain is highly dysfunctional.

7. They see and even communicate with the loved ones who died many years earlier or who they may not have even seen in life on earth, feeling a sense of connectedness to all creation.

8. Time is not a linear chronological dimension. They are not bound by time and space; they can travel anywhere in an instant.

Once they come back to their earthly bodies, they were no longer afraid of death. They had a new perspective on life and a new purpose and a mission for their lives. The part that is leaving the body and coming back is a mystery for scientists. They call it conscience or mind while in religion it is termed soul. Science can deal with material things and it is a mystery what soul is made of. Could it be the breath that God has blown in to Adam to make him a living creature? Is this an expression of energy in a different form of matter? We don't know.

The evidence of these out of body near death experiences are real and remains a mystery. These may be the closest that humans could come to peeping into the other world, the afterlife. Resurrection of Jesus is the experience that the disciples could not explain but it convinced them to overcome their fear of death and risk their life. Paul talks about the dual reality, the earthly man and the heavenly man, "And as we have borne the image of the *man* of dust, we shall also bear the image of the heavenly *Man*" (1 Cor. 15:49). Paul talked about a mystery, 'we shall not all sleep but we shall be changed (1 Cor.15:51). He declared victory over death, 'For this corruptible must put on incorruption, and this mortal *must* put on immortality. So when this corruptible has put on incorruption, and this mortal has put on immortality, then shall be brought to pass the saying that is written: "Death is swallowed up in victory." "O Death, where *is* your sting? O Hades, where *is* your victory?" (1 Cor. 15: 53-55).

The words of Jesus will have their true meaning. "Let not your heart be troubled; you believe in God, believe also in Me. In My Father's house are many mansions; if *it were* not *so,* I would have told you. I go to prepare a place for you. And if I go and prepare a place for you, I will come again and receive you to Myself; that where I am, *there* you may be also. And where I go you know, and the way you know." (John 14:1-4).

When we realize this mystery, we will not fight over small things or material possessions. We do not need to quarrel over denominational differences or race differences. We will not compete for positions or power or wealth. Life is too short to spend worrying or chasing after trivial things. We create our own hell by the way we treat our fellow beings. A life review in third person which feels the sufferings that we inflicted on others is a hell bad enough. The story of Lazarus and the rich man is a parable for that. Jesus preached the Kingdom of God. We learn to love each other and to live together in peace, that is the kingdom that he taught us to pray for, 'Thy kingdom come'. We are Easter people and we need to live like them.

1. John Polkinghorne, Ph.D., KBE, FRS, is an Anglican Priest, former President of Queens College, Cambridge, Professor of Mathematical Physics, Cambridge University.
2. The God of Hope and the End of the World, John Polkinghorne, Yale University Press
3. New York Academic of Science "What can science tell about death" by Robert Birchard,
4. Sam Parnia, MD, PhD., Director of Critical Care and Resuscitation, New York University School of medicine
5. Pim van Lommel, A renowned cardiologist and author of 'Consciousness Beyond Life, The Science of the Near-Death Experience'
6. The Atlantic, "The Science of Near-Death Experiences", by Gideon Lichfield, April 2015
7. Missouri Medicine, A Journal of Missouri State Medical Association., 2014 Sep-Oct; 111(5): 372–380.

ക്രിസ്ത്യൻ മാനേജ്മെന്റ് : 53




# ഇച്ഛാശക്തിയുടെ രഹസ്യം



**റവ. ഏബ്രഹാം പി. വർക്കി** ഡയറക്റ്റർ കാർഡ്

അസാധാരണ ഇച്ഛാശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും മകുടോദാഹരണമാണ് ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മുൻ ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണി. റാഞ്ചിയെന്ന ചെറുപട്ടണത്തിൽ നിന്നും ലോകത്തോളം വളർന്ന ആ ചെറുപ്പക്കാരന്റെ ജീവിതകഥ ആത്മധൈര്യത്തിന് ഒരാളുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്ന് വ്യക്തമാക്കുന്നു. അതെ, ഇച്ഛാശക്തിയുടെ ഇന്ദ്രജാലംകൊണ്ട് അസാദ്ധ്യമെന്ന് കരുതുന്നവയെ സാധ്യമാക്കിത്തീർത്ത 'മഹേന്ദ്രജാലകഥ' ഏവർക്കും പ്രചോദനമാകുന്നതാണ്.

21-ാം നൂറ്റാണ്ടിൽ ഇന്ത്യൻ ക്രിക്കറ്റിന്റെ വീരഗാഥ രചിച്ചവൻ, ഇന്ത്യയുടെ എക്കാലത്തെയും മികച്ച നായകൻ, ഏറ്റവും നല്ല വിക്കറ്റ് കീപ്പർ എന്നീ നിലകളിൽ മാത്രമല്ല എംഎസ്ധിയെ രാജ്യാന്തര കായികലോകം ആദരിക്കുന്നത്. പ്രതിസന്ധികളുടെയും മാനസീകസമ്മർദ്ദങ്ങളുടെയും മദ്ധ്യത്തിൽ ഇത്രയും ശാന്തനായി പോരാടി ജയിക്കുന്ന താരത്തെയോ നായകനെയോ ക്രിക്കറ്റിൽ മാത്രമല്ല മറ്റു കായിക ജനങ്ങളിലും അധികം കാണാനാകില്ല. അതുകൊണ്ടാണ് 'ക്യാപ്റ്റൻ കൂൾ' എന്ന് വിദേശതാരങ്ങൾ പോലും ധോണിയെ വിശേഷിപ്പിച്ചത്. വിരാട് കോലി, രോഹിത് ശർമ്മ തുടങ്ങി ഒട്ടേറെ താരങ്ങളെ കൈപിടിച്ച് നടത്തിയ 'ഗുരു'വെന്ന നിലയിലും, സഹതാരങ്ങളുടെ ആദരവ് ഏറ്റ് വാങ്ങിയ അസാധാരണ ഔന്നത്യമുള്ള വ്യക്തിയെന്ന നിലയിലും ധോണി വളരാൻ പ്രാപ്തനായത് നേതൃത്വത്തിന്റെ സത്ഗുണങ്ങൾ കൊണ്ട് മാത്രമാണ്. അപ്പോൾ ഇച്ഛാശക്തിയും ഉൾക്കരുത്തും കഠിന പരിശ്രമവുമുണ്ടെങ്കിൽ ഇന്ത്യൻ യുവമനസ്സുകൾക്ക് പരിമിത സാഹചര്യത്തിൽനിന്നുപോലും വിജയത്തിന്റെ പടവുകളിലേക്ക് വളരാമെന്ന പ്രചോദന പാഠവും 'മഹേന്ദ്രജാലകഥ'യിൽനിന്ന് നമുക്ക് വായിച്ചെടുക്കാം

***'ഭാഗ്യം ? എനിക്കതിനെപ്പറ്റി ഒന്നുമറിയില്ല. ഞാൻ ഒരിക്കലും അതിനെ ആശ്രയിച്ചിട്ടുമില്ല.... എന്നെ സംബന്ധിച്ചിടത്തോളം ഭാഗ്യം എന്നാൽ കഠിനാധ്വാനവും അവസരങ്ങളെ തിരിച്ചറിയാനുള്ള കഴിവുമാണ്"*** - ലൂസിൽ ബാൾ

ജീവിതത്തിൽ ഉയർച്ചയും നേട്ടവും ആഗ്രഹിക്കുന്നവരാണ് എല്ലാവരും. എന്നാൽ ഏറെപ്പേർ പരാജയത്തിലും നിരാശയിലും നിപതിക്കുമ്പോൾ ചിലർ മാത്രം പ്രതിസന്ധികളെയും വിപദ്സന്ധികളെയും ഓരോന്നായി തരണം ചെയ്ത് ഉന്നതവിജയം കൈവരിക്കുന്നു. എന്താണ് അവരുടെ വിജയരഹസ്യം? പ്രധാനമായി രണ്ടു കാര്യങ്ങളാണ് അവരുടെ നേട്ടങ്ങൾക്ക് പിന്നിലുള്ളത്. തീഷ്ണമായ ഇച്ഛാശക്തിയും അക്ഷീണമായ പ്രയത്നവുമാണ് അവരുടെ വിജയരഹസ്യം. ഇച്ഛാശക്തിയും നിരന്തരമായ പ്രയത്നവും ഒന്നിച്ചുചേരുമ്പോൾ പ്രതിസന്ധികളെ യാഥാർത്ഥ്യബോധത്തോടെ കാണുവാനും അവയ്ക്ക് പ്രായോഗികമായ പരിഹാരങ്ങൾ കണ്ടെത്തുവാനും നാം പ്രാപ്തരാകും. അപ്പോൾ പരാജയങ്ങളോട് സർഗ്ഗാത്മകമായി പ്രതികരിക്കുവാനും കൂടുതൽ കർമ്മനിരതരാകുവാനും നമുക്ക് സാധിക്കുന്നു.

## ഇച്ഛാശക്തിയുടെ പ്രാധാന്യം

***'ലക്ഷ്യം നേടിയെടുക്കാനുള്ള ഒരാളുടെ മനോബലമാണ് ഇച്ഛാശക്തി'*** - Sandy Anderson

ഒരു വ്യക്തിയ്ക്ക് ഏറ്റവും ആവശ്യം വേണ്ട ഗുണങ്ങളിലൊന്നാണ് ഇച്ഛാശക്തി. അതിന്റെ അഭാവത്തിൽ മറ്റ് ശേഷികളും കഴിവുകളും നിഷ്ഫലമായിത്തീരുന്നു. 'ഇച്ഛാശക്തിയാണ് എല്ലാ ശേഷികളുടെയും രാജാവ്. മറ്റ് ശേഷികളുടെയെല്ലാം സ്രോതസ്സും ഇത് തന്നെയാണ്' എന്ന സായിബാബയുടെ വാക്കുകൾ വ്യക്തമാക്കുന്നത് ഇത് തന്നെയാണ്.

പല അർത്ഥതലങ്ങളിൽ അറിയപ്പെടുന്നുവെങ്കിലും 'ഉറച്ച തീരുമാനമെടുക്കുന്നതിനുള്ള ശേഷിയാണ്' യഥാർത്ഥത്തിൽ ഇഛാശക്തി. ഏത് പ്രതിസന്ധികളെയും പരുപരുത്ത ജീവിത യാഥാർത്ഥ്യങ്ങളെയും നേരിടുവാനും അതിജീവിക്കുവാനുമുള്ള മനോബലവും ചങ്കൂറ്റവും അത് പ്രദാനം ചെയ്യുന്നു. അത് നൽകുന്ന പോസിറ്റീവ് എനർജി കൂടുതൽ ശക്തിയോടെ മുന്നേറാൻ നമ്മെ സഹായിക്കുന്നു. അതുകൊണ്ടാണ് 'മനുഷ്യന്റെ ഇച്ഛാശക്തിക്കു മുമ്പിൽ യാതൊന്നിനും തടസ്സമാകാൻ കഴിയുകയില്ല' എന്ന് ബെഞ്ചമിൻ ഡിസ്രേലി പറഞ്ഞത്.

രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കയുടെ പോർവിമാനങ്ങൾ ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റംബോംബ് വർഷിച്ചപ്പോൾ ജപ്പാൻ തകർന്നടിഞ്ഞു. എന്നാൽ തകർച്ചകളെ വഴിത്തിരിവാക്കി ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റ് ഇല്ലായ്മയിൽനിന്നും എല്ലാം നേടാൻ ജപ്പാൻ ജനതയെ ശക്തിപ്പെടുത്തിയത് അവരുടെ ഇച്ഛാശക്തിയും പരിശ്രമശീലവുമാണ്.

കോവിഡ് എന്ന മഹാമാരിയെക്കാൾ ഭയാനകരമായ പകർച്ചവ്യാധികൾ മുൻകാലങ്ങളിൽ ലോകജനത അഭിമുഖീകരിച്ചിട്ടുണ്ട്. 7.5 കോടിയിലധികം ജീവൻ അപഹരിച്ച 14-ാം നൂറ്റാണ്ടിലെ (1346-1350) ബ്ലാക്ക് ഡെത്തും, 10 കോടിയിലധികം പേർ മരിച്ച 20-ാം നൂറ്റാണ്ടിലെ (1918-1920) സ്പാനിഷ് ഫ്ളൂവും ഇതിൽ പ്രധാനപ്പെട്ടവയാണ്. എന്നാൽ അപാരമായ ഉൾക്കരുത്തോടെയും ദൃഢനിശ്ചയത്തോടെയും അവയെയെല്ലാം അതിജീവിച്ച ചരിത്രമാണ് മാനവരാശിയുടേത്. അതുകൊണ്ട് കോവിഡ് 19 എന്ന മഹാമാരി എന്നേക്കുമുള്ളതല്ല, അതിനെയും മാനവരാശി അതിജീവിക്കും എന്ന ഇച്ഛാശക്തിയുടെ പ്രചോദനപാഠം മറ്റുള്ളവരി

ലേക്ക് വിശേഷാൽ നമ്മുടെ ഇളംതലമുറയ്ക്ക് പകർന്ന് നൽകി അവരുടെ ഭയാശങ്കകൾ അകറ്റേണ്ട സമയമാണിത്.

## ഇച്ഛാശക്തിയും നേതൃത്വവും

ഒരു നേതാവിന് വേണ്ട ഏറ്റവും അതിപ്രധാനമായ ഒരു വ്യക്തിത്വ ഗുണമാണ് ഇച്ഛാശക്തി. ഒരു നേതാവിന്റെ സത്ഗുണങ്ങളായ ധീരത, ലക്ഷ്യബോധം, ക്രിയാത്മക മനോഭാവം, സ്ഥിരോത്സാഹനം മുതലായവയെ വികസിപ്പിച്ചെടുക്കാൻ ഇച്ഛാശക്തി സഹായിക്കുന്നു. ഇച്ഛാശക്തിയുള്ള നേതാക്കൾ സ്വന്തം കഴിവുകളെപ്പറ്റിയും കഴിവില്ലായ്മയെപ്പറ്റിയും സാദ്ധ്യതകളെപ്പറ്റിയും ശരിയായ ബോധ്യമുള്ളവരാണ്. അവർ ഏത് സാഹചര്യത്തെയും മാറ്റിയെടുക്കുന്നവരാണ്.

ജീവിതത്തിലും കർമ്മമണ്ഡലത്തിലും ഉന്നതവിജയം കൈവരിച്ച മഹത്‌വ്യക്തികളെ ശ്രദ്ധിക്കുക. പരിധികളും പരിമിതികളും ഉണ്ടായിരുന്ന അവർക്ക് ഒരിക്കലും ലക്ഷ്യത്തിലെത്തുന്നതിന് അനുകൂലമായ സാഹചര്യങ്ങളല്ല മുമ്പിലുണ്ടായിരുന്നത്. എന്നാൽ ഇച്ഛാശക്തിയ്ക്കും നിതാന്ത പരിശ്രമത്തിനും മുമ്പിൽ സാഹചര്യങ്ങൾപോലും അവർക്ക് അനുകൂലമായി മാറി. ഇച്ഛാശക്തിയുടെയും സ്ഥിരപരിശ്രമത്തിന്റെയും നിദർശനങ്ങളായി, ജീവിതത്തിലെയും കർമ്മപഥത്തിലെയും ഗോലിയാത്തുകളെ പരാജയപ്പെടുത്തി ഉയരങ്ങളിലെത്തിയ മഹത്‌വ്യക്തികളാണ് തോമസ് ആൽവാ എഡിസൺ, ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റ്, ജോൺ മിൽട്ടൺ, സ്റ്റീഫൻ ഹോക്കിംഗ്സ്, വിൻസ്റ്റൺ ചർച്ചിൽ, എ.പി.ജെ. അബ്ദുൾ കലാം തുടങ്ങിയവർ.

കഴിഞ്ഞവർഷം അമേരിക്കൻ പ്രസിഡന്റ് പദവിയിൽ എത്തിച്ചേർന്ന ജോ ബൈഡനും ഒന്നിനു പുറകെ ഒന്നായി പല ദുരന്തങ്ങളും അഗ്നിശോധനകളും അഭിമുഖീകരിച്ച വ്യക്തിയായിരുന്നു. കുട്ടിക്കാലത്ത് അദ്ദേഹത്തിന് സംസാരതടസ്സവും വിക്കിന്റെയും പ്രശ്നമുണ്ടായിരുന്നു. 1972-ൽ ഭാര്യ നെലിയയും ഒരു വയസ്സുള്ള മകൾ നവ്മിയും കാറപകടത്തിൽ മരിച്ചു. 2 ആൺമക്കൾക്കും ആ അപകടത്തിൽ ഗുരുതരമായി പരുക്കേറ്റു. 2015 ൽ മകൻ ബോയുടെ അർബുദം ബാധിച്ചുള്ള അകാല മരണമായിരുന്നു ബൈഡൻ പിന്നീട് മറ്റൊരു ആഘാതം. എന്നാൽ തന്റെ പരിമിതികളെയും ദുരന്തങ്ങളെയും വെല്ലുവിളികളായി ഏറ്റെടുത്ത് ഇച്ഛാശക്തിയോടും ആത്മബലത്തോടും നിരന്തര പരിശ്രമത്തോടും അവയെയെല്ലാം അതിജീവിച്ച് ബൈഡൻ വിജയസോപാനത്തിൽ എത്തിച്ചേർന്നു. ഏത് പരിമിതികളെയും വിപദ്സന്ധികളെയും അതിജീവിക്കാമെന്നുള്ള പ്രചോദന പാഠമാണ് ജോ ബൈഡന്റെ ജീവിതം നമുക്ക് കാണിച്ച് തരുന്നത്.

Failure will never overtake me if my determination to succeed is strong enough."- Og Mandino

## ഇച്ഛാശക്തി എങ്ങനെ ശക്തിപ്പെടുത്താം

എത്രമാത്രം നാം പരിശീലിക്കുന്നുവോ അത്രമാത്രം നമ്മളിൽ ശക്തിപ്പെട്ട് വരുന്നു എന്നതാണ് ഇച്ഛാശക്തിയുടെ അതുല്യമായ ഒരു സവിശേഷത. അതുകൊണ്ട് സാഹചര്യങ്ങൾ ലഭിക്കുമ്പോഴെല്ലാം ഇച്ഛാശക്തിയെ വളർത്തുന്ന പ്രയത്നങ്ങൾ ഏറ്റെടുത്ത് ചെയ്യണം. അപ്രകാരം നമ്മുടെ ഇച്ഛാശക്തിയെ ജ്വലിപ്പിക്കാൻ തക്കവണ്ണം ശ്രേഷ്ഠവും ധന്യവുമായ ചിന്തകൾ, സർഗാത്മകമായ പ്രതീക്ഷകൾ, ക്രിയാത്മക വീക്ഷണം ഇവ മനസ്സിൽ പ്രവഹിക്കുവാൻ ബോധപൂർവ്വം ശ്രമിക്കണം. അതോടൊപ്പം വികലവും നിഷേധാത്മകവുമായ ചിന്തകൾ മനസിൽ സ്വാധീനം ചെലുത്തുവാൻ അനുവദിക്കയുമരുത്.

ഓർക്കുക, നേതൃത്വത്തിന്റെ രണ്ട് പ്രധാനപ്പെട്ട സവിശേഷതകളായ ആത്മവിശ്വാസവും ആത്മ നീയന്ത്രണവും ഒരു വ്യക്തിയുടെ ഇച്ഛാശക്തിയുടെ തുടർച്ച മാത്രമാണ്. അതുകൊണ്ട് ഇച്ഛാശക്തിയെ ശക്തിപ്പെടുത്തുന്നത് ആത്മവിശ്വാസവും സ്വയം നിയന്ത്രണവും വളർത്തിയെടുക്കാൻ ഒരു വ്യക്തിയെ സഹായിക്കും.

പ്രതിസന്ധികൾ ഇച്ഛാശക്തിയെ ശക്തിപ്പെടുത്തുന്ന സുപ്രധാന ഘടകമാണ്. അതുകൊണ്ട് മഹാന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ വായിച്ച് നേടുന്ന പ്രചോദനപാഠങ്ങൾ നമ്മുടെ ഇച്ഛാശക്തിയെ വളർത്തിയെടുക്കാൻ സഹായിക്കും. കൂടാതെ മതഗ്രന്ഥങ്ങൾ, ഗുണപാഠകഥകൾ, ശക്തമായ ജീവിതാനുഭവങ്ങൾ മുതലായവയും ഇച്ഛാശക്തിയെ പോഷിപ്പിക്കാൻ പര്യാപ്തമായ ഘടകങ്ങളാണ്.

പൗരസ്ത്യലോകം ഇച്ഛാശക്തിയെ പ്രധാനമായും ആത്മീകതയുമായി ബന്ധപ്പെട്ടാണ് മനസിലാക്കുന്നത്. അതുകൊണ്ട് ദൈവം നമുക്ക് നൽകിയിട്ടുള്ള അനുഗ്രഹവും വരദാനവുമാണ് നമ്മുടെ ഇച്ഛാശക്തി. അതാണ് നമുക്ക് ഉത്തേജനവും ഉൾക്കരുത്തും ക്രിയാത്മശക്തിയും പകർന്ന് നൽകുന്നത്. അപ്പോൾ ദൈവം നമ്മോടുകൂടെയുണ്ടെന്നും തക്ക സമയത്ത് നമ്മെ സഹായിക്കുമെന്നുള്ള ബോധ്യം നമ്മുടെ ഇച്ഛാശക്തി ശക്തിപ്പെടുത്തുന്നതിന് ഇടയാക്കും.

## ഇച്ഛാശക്തിയുടെ വേദപുസ്തക ദൃഷ്ടാന്തങ്ങൾ

പ്രധാന വേദപുസ്തക കഥാപാത്രങ്ങൾ ഏവരും ഒന്നിനു പുറകെ ഒന്നായി വിപദ്സന്ധികളും അഗ്നിശോധനകളും അഭിമുഖീകരിച്ചവരാണ്. എന്നാൽ അവരെല്ലാം സാഹചര്യങ്ങളുടെ ഇരകളാകാതെ ജേതാക്കളായത് (Not Victims but Victors of the Circumstance) അസാധാരണ ഇച്ഛാശക്തിയുടെ പിൻബലത്തിലാണ്. അവരുടെ നിശ്ചയദാർഢ്യത്തിന് ശക്തി പകർന്നത് അവരുടെ ദൈവവിശ്വാസമാണ്.

മുകളിൽ ഉദ്ധരിച്ചതിന് ഏറ്റവും അനുയോജ്യമായ ദൃഷ്ടാന്തമാണ് പഴയനിയമകഥാപാത്രമായ യോസേഫ്. അനർത്ഥങ്ങളെക്കാളും പ്രശ്നങ്ങളെക്കാളും വലിയവനാണ് ദൈവം എന്ന ശക്തമായ വിശ്വാസമായിരുന്നു യോസേഫിന്റെ ഉൾക്കരുത്തിന്റെ ശക്തിസ്രോതസ്സ്. അതുകൊണ്ടാണ് ഒന്നിനു പുറകെ ഒന്നായി നേരിട്ട പ്രതിസന്ധികളിലും അനർത്ഥങ്ങളിലും പതറിപ്പോകാതെ അവയോട് ക്രിയാത്മകമായി പ്രതികരിച്ച് അവസാനം ഉന്നതപദവിയിൽ എത്തിച്ചേരാൻ യോസേഫിന് സാധിച്ചത്. തന്നെ സഹോദരന്മാർക്ക് വെളിപ്പെടുത്തിയശേഷം യോസേഫ് സഹോദരന്മാരോട് പറഞ്ഞ വാക്കുകൾ ഇത് വ്യക്തമാക്കുന്നു : 'എന്നെ ഇവിടെ വിറ്റുകളഞ്ഞതുകൊണ്ട് നിങ്ങൾ വ്യസനിക്കേണ്ട, വിഷാദിക്കയും വേണ്ട, ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കുമുമ്പേ അയച്ചതാകുന്നു' (ഉല്പ. 45:5)

## ഇച്ഛാശക്തിയുള്ളവരുടെ സവിശേഷതകൾ

- എല്ലാ കാര്യങ്ങളുടെയും ക്രിയാത്മകവശം മാത്രം കാണാൻ ശ്രമിക്കുന്നു.
- എപ്പോഴും ശുഭാപ്തി വിശ്വാസിയാണ്. പ്രതിസന്ധികളിൽ അവസരം കണ്ടെത്താൻ ശ്രമിക്കുന്നു. ഓരോ വീഴ്ചയെയും വഴിത്തിരിവാക്കി മാറ്റുന്നു.
- സുനിശ്ചിതത്വം, ദൃഢനിശ്ചയം, ഉറച്ചതീരുമാനമെടുക്കാനുള്ള കഴിവ്.
- ധീരതയോടും കർമ്മകുശലതയോടും പ്രശ്നങ്ങളെയും വെല്ലുവിളികളെയും നേരിടാനുള്ള ആത്മബലം.
- ആത്മവിശ്വാസം
- കോപത്തെ നിയന്ത്രിക്കുന്നതിനും മറ്റുള്ളവരോട് ക്ഷമിക്കുന്നതിനുമുള്ള കഴിവ്.
- പ്രസാദാത്മകമായ ചിന്തകളെ പരിപോഷിപ്പിക്കുന്നു. ദോഷാത്മക ചിന്തകളെ നിരുത്സാഹപ്പെടുത്തുന്നു.
- സ്വന്തം കഴിവുകളെപ്പറ്റിയുള്ള ബോധ്യവും മതിപ്പും.
- സ്വയം പുകഴ്ച ഒഴിവാക്കി മറ്റുള്ളവരെ ശ്രദ്ധിക്കുവാനും അവരുടെ വീക്ഷണഗതിയിൽ കാര്യങ്ങൾ നോക്കിക്കാണാനും അവരുടെ നേട്ടങ്ങളിൽ അവരെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നതിനുമുള്ള സന്നദ്ധത.
- അച്ചടക്കം അല്ലെങ്കിൽ സ്വയം നീയന്ത്രണം.

Willpower and desire, when properly combined, make an irresistible pair - Nepoleon Hill

8156889844



പല ഉപദേശിമാരും എപ്പിസ്കോപ്പൽ സഭാ അംഗമാണെങ്കിലും പ്രസംഗിക്കുന്നത് പെന്തെക്കോസ്ത് ആത്മാവിലാണ്. പേഴ്സണൽ രക്ഷയെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ഇന്ന് അതിന് മാർക്കറ്റ് ഉണ്ട്. സമൂഹമില്ലാതെ വ്യക്തിയില്ല. സമൂഹം നന്നാകാതെ നമുക്ക് നന്നാകുവാൻ ഒക്കില്ല. നാലഞ്ചു പേർ ക്ലാസ്സിൽ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കയാണ്. സർ പഠിപ്പിക്കുന്നത് പഠിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് പോലും കേൾക്കുവാൻ സാധിക്കുന്നില്ല. സർ നന്നായി പഠിപ്പിച്ചുവെന്ന് പറഞ്ഞിട്ട് കാര്യമില്ല. പഠിക്കണമെന്ന് ആഗ്രഹിക്കുന്നവൻ സ്വന്തം കാര്യം മാത്രം നോക്കി നടക്കാമെന്ന് വിചാരിച്ചാലും കാര്യമില്ല. ആയതിനാൽ സകല ജീവജാലങ്ങളെയും കരുതുകയും സകലതിന്റെയും വീണ്ടെടുപ്പിനെയും കുറിച്ചാണ് സഭ പഠിപ്പിക്കുന്നത്. രക്ഷയെന്ന് പറയുന്നത് എന്താണ്? ലോകത്തിൽ കൂടിയല്ലാതെ സ്വർഗ്ഗത്തിൽ പോകുവാൻ പറ്റുമോ? ലോകം നമ്മുടെ രക്ഷയുടെ ഭാഗമാണ്. നമ്മുടെ രക്ഷയ്ക്ക് ലോകത്തിന്റെ രക്ഷ അനിവാര്യമാണ്. പക്ഷേ ഇവിടത്തെ കുറെ ബിഷപ്പുമാരും അച്ചന്മാരും പാപികളല്ല. ഇവർ രക്ഷിക്കപ്പെട്ടുവെന്ന് കരുതുന്നവരാണ്. സത്യത്തിൽ, പൂർണ്ണമായ രക്ഷയിലേക്ക് എത്തിയരാരുമില്ല. കുഞ്ഞു ജനിച്ചാലുടനെ മനുഷ്യനായോ. മനുഷ്യനായിക്കൊണ്ടിരിക്കയാണ്. പാപവും ബലഹീനതകളുമുള്ള ഈ ലോകത്തിൽ പൂർണ്ണത ഒക്കില്ല. അപ്പോൾ ഈ ലോകത്തിൽ ആരും പൂർണ്ണമായി രക്ഷിക്കപ്പെട്ടവരാരുമില്ല. പൂർണ്ണമായി രക്ഷിക്കപ്പെട്ടുവെങ്കിൽ പാപം ഏറ്റു പറയേണ്ട ആവശ്യമില്ലല്ലൊ. അമ്മയുടെ ഗർഭത്തിൽ കിടക്കുന്ന കുഞ്ഞു പൂർണ്ണ കുഞ്ഞാണ്. പക്ഷേ പൂർണ്ണ മനുഷ്യനല്ല. ഈ ലോകത്തിൽ ജീവിക്കുന്ന ആരും രക്ഷിക്കപ്പെട്ടവരല്ല. രക്ഷയിലേക്കുള്ള യാത്രയിലുള്ളവരാണ്. രക്ഷയുടെ പൂർണ്ണത് സ്വർഗ്ഗത്തിലാണ്.

**ക്രിസോസ്റ്റം വലിയ മെത്രാപ്പൊലിത്താ**

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ന്യൂവിഷൻ മാസികയുടെ സ്റ്റാൾ മാരാമൺ കൺവൻഷന് മണപ്പുറത്ത് ഈ വർഷം കൊവിഡ് കാരണ് ഇട്ടില്ല. അനവധി പേർ മാസികയുടെ വരിസംഖ്യ പുതുക്കുന്നത് മാരാമൺ മണപ്പുറത്തുള്ള സ്റ്റാളിൽ കൂടിയായിരുന്നു. കൊവിഡ് കാരണം വരുമാനത്തിൽ കുറവ് ന്യൂവിഷൻ മാസികക്കുമുണ്ടായിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളായി വരിസംഖ്യ പുതുക്കാതിരുന്ന ഒരാൾ ഈയിടെ 5000 രൂപയയച്ചു തരികയുണ്ടായി. ന്യൂവിഷൻ വരിക്കാർ എപ്പോഴാണെങ്കിലും പണം തരും എന്ന വിശ്വാസമുള്ളതു കൊണ്ടാണ് കുടിശ്ശികയുള്ളവർക്ക് മാസിക അയച്ചു കൊണ്ടിരിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ഈയവസരത്തിൽ വായനക്കാർ സഹായിക്കണമെന്നഭ്യർത്ഥിക്കട്ടെ. ന്യൂവിഷൻ മാസിക വായിക്കുവാൻ താല്പര്യമുള്ള ഏതൊരാൾക്കും മാസിക എത്തിച്ചു കൊടുക്കുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ചിലർ നൽകുന്നതായ സംഭാവനകൾ ഇതിന് ഉപയോഗിക്കുന്നു. ഞങ്ങളുടെ ബാങ്ക് കോഴഞ്ചേരി ഫെഡറൽ ബാങ്കാണ്. അക്കൗണ്ട് നമ്പർ. 10260200008413 . Beneficiary: New Vision IFSC: FDRL0001026 വിലാസം new vision office, Punnakkadu, Kozhencherry 689652

## എഴുത്തുപെട്ടി




ജസ്റ്റിസ് കെ റ്റി തോമസിന്റെ ലേഖനങ്ങൾ വളരെ ശ്രദ്ധയോടെയാണ് വായിക്കുന്നത്. സാധാരണക്കാർക്ക് അറിഞ്ഞുകൂടാത്ത പല കാര്യങ്ങളും അതിലുണ്ടാകും. നല്ല ഒഴുക്കുള്ള ഭാഷാ ശൈലിയാണ് അദ്ദേഹത്തിന്റേത്. ഗാന്ധിജിയെ രാജ്യദ്രോഹകുറ്റത്തിന് ശിക്ഷിച്ച ഇംഗ്ലീഷുകാരൻ ജഡ്ജി, ശിക്ഷ വിധിച്ചപ്പോൾ തന്റെ പീഠത്തിൽ എഴുന്നേറ്റ് വിനയപുരസ്സരം തല കുനിച്ചു നിന്നുവെന്നത് ജസ്റ്റിസ് കെ റ്റി തോമസ് എഴുതിയപ്പോഴാണ് അറിയുവാനിടയായത്. എന്നെ സംബന്ധിച്ചിടത്തോളം അത് പുതിയ ഒരറിവായിരുന്നു. നൂറ്റാണ്ടുകളായി ക്രിസ്ത്യാനികളുടെയിടയിൽ നിലനിന്നിരുന്ന സ്ത്രീധന സമ്പ്രദായത്തെപ്പറ്റി എഴുതിയപ്പോൾ ഭാരിച്ച സ്ത്രീധനം പെൺമക്കൾക്ക് കൊടുക്കേണ്ടിവന്ന പിതാക്കന്മാരുടെ മനോവ്യഥ അദ്ദേഹം ഏറ്റെടുത്തനുഭവിച്ചതായി തോന്നി. സ്ത്രീധന സംഖ്യയെപ്പറ്റി ശണ്ഠ കൂടിയ പുരുഷന്മാരെ അദ്ദേഹം കുറ്റം പറയാതെ വിട്ടില്ലല്ലൊ. ഹൃദയസ്പർശിയായിരുന്ന് ആ ലേഖനം. മാറ്റങ്ങൾ കൈവരിക്കുന്നതിന് നിയമങ്ങൾക്ക് സാധിക്കണം. അതിന് നിയമത്തിൽ സ്നേഹവും നീതിയും ഉൾച്ചേർന്നിരിക്കണം. ഉറച്ച ദൈവവിശ്വാസമുള്ളപ്പോൾ ഭയം ഉണ്ടാകയില്ലായെന്ന് അദ്ദേഹം കരുതുന്നതു കൊണ്ട് കാപട്യമില്ലാത്ത ദൈവവിശ്വാസിയാണ് താൻ എന്ന് വായനക്കാർ തിരിച്ചറിയുന്നു. അങ്ങനെയുള്ളവരെയാണ് സഭയ്ക്കും സമൂഹത്തിനും ആവശ്യം. ജസ്റ്റിസ് കെ റ്റി തോമസിന്റെ ലേഖനങ്ങൾ ന്യൂവിഷൻ മാസികയുടെ മേന്മ വർദ്ധിപ്പിക്കുന്നുവെന്ന് ഉറപ്പിച്ചു പറയുവാൻ സാധിക്കും.

Adv. K.I.Ninan (former organising secretary of WCC study of law in a Revolutionary age)

## തിരുവല്ല സി.എസ്.എസ് ൽ താഴെപ്പറയുന്ന പുസ്തകങ്ങൾ ലഭിക്കും






**സംയുക്ത ക്രൈസ്തവ മദ്യവർജജന സമിതിയുടെ നേതൃത്വത്തിൽ നടന്ന ബിഷപ്സ് കോൺഫറൻസ് ആർച്ചു ബിഷപ് കുര്യാക്കോസ് മാർ സേവേറിയസ് ഉദ്ഘാടനം ചെയ്യുന്നു.**

NEW VISION FOR A CHANGING WORLD
Annual Subscription Rs.250.00

April 2021

Postal Registration No. KL/PTA/92/2019-21
Licensed to post without prepayment
KL/PTA/WPP/252/2019-21

Registered with the Registrar of Newspapers for India, under

No.KER BIL/2000/01543

Published on 28.3.2021

July 3: Historic Global Celebration

# Indian Christian Day

## Declaration of 3 July 2021

### Indian Christian Day / Yeshu Bhakti Divas

This declaration of 3 July 2021 as Indian Christian Day (Yeshu Bhakti Divas*) as an annual day of remembrance, is for followers of the Lord Jesus Christ, of Indian origin, to celebrate the person and message of JESUS CHRIST which was brought to India in 52 AD by one of His twelve disciples, St. Thomas the Apostle.

This day, historically observed as St. Thomas Day, commemorates the martyrdom of the Apostle in 72 AD near Chennai. In marking it in 2021 and every year henceforth, we as followers of the Lord Jesus, also preserve our identity within the Indian cultural heritage, while uniting with all who wish to celebrate, irrespective of language, custom, creed, region or religion.

The celebration of Indian Christian Day (Yeshu Bhakti Divas*) on 3 July 2021, will launch the Decade of Celebration (2021-2030) to honour the 2000th anniversary of the earthly ministry of the Lord Jesus Christ whose teaching and life principles have helped to shape and transform India and the world.

**with corresponding regional names*

For further information please contact: indianchristianday@gmail.com

Printed and published by Prof.Dr.Mathew Koshy Punnackadu on behalf of Rev.Prof.K.C.Mathew, Chairman, Nava Darshan Trust and Printed at Evangel Press Ramanchira, M C Road, Thiruvalla, Pathanamthitta District 689 101 Kerala
Published at Malayil Punnurethu, Punnakkadu, Kozhencherry, Pathanamthitta District 689 652 Kerala
Editor: Prof.Dr.Mathew Koshy Punnackadu